In this context I like to express our deep gratitude to the Principal, Prof. Alexis Thomas, our Prof. E. M. Joseph, teachers of chemistry department and to all students for their timely guidence and advice. Thanking you all oncemore.



TOMY PAUL K.

Secretary
Chemistry Association

With Best Compliments from

# Jo & Jo mosaics

**KURAVILANGAD**
Kottayam Dt., Kerala 686 633.

Manufacturers & Contractors of:

HIGH CLASS MOSAIC FLOORING TILES & CHIPS

Specially Made in

ELECTRONIC AUTOMATIC HYDRAULIC PRESS.

Managing Partners

നിങ്ങളുടെ പണവും നിധികളും സൂക്ഷിക്കാൻ
ക്ലേശിക്കേണ്ടതില്ല.

അവ ഞങ്ങളെ ഏല്പിക്കൂ !
ഞങ്ങൾ അവ ഭദ്രമായി സൂക്ഷിക്കാം !!

നിങ്ങളുടെ നിക്ഷേപം അനുസ്യൂതം വർദ്ധിച്ചുകൊണ്ടിരിക്കും.
നിധികൾ ഞങ്ങളുടെ ലോക്കറിൽ സുരക്ഷിതമായിരിക്കും.

# കോട്ടയം ജില്ലാ സഹകരണ ബാങ്ക്

(ക്ളിപ്തം)

കോട്ടയം

---

# ജീവൻ ഫോട്ടോസ്

പള്ളിക്കവല, കറവിലങ്ങാട്.

Flash photos, Wedding photos, Group photos
Enlargements, passport size photos
മുതലായവയ്ക്കു സമീപിക്കുക

ജീവൻ ഫോട്ടോസ്, കുറവിലങ്ങാട്.

---

★

# ദേവമാതാ കോളേജ് മാഗസിൻ '82



# മലയാള

# വിഭാഗം

# ദേവമാതാ കോളേജ് യൂണിയൻ റിപ്പോർട്ട്

# 1981-82.

വളരെയധികം അഭിമാനത്തോടും അതിലേറെ സന്തോഷത്തോടുംകൂടി ഞാൻ ഈ റിപ്പോർട്ട് അവതരിപ്പിക്കുമ്പോൾ യൂണിയന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി ആത്മാർത്ഥതയോടെ സഹകരിച്ച അദ്ധ്യാപകർക്കും സഹപാഠികൾക്കും ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തട്ടെ.

യഥാർത്ഥ ജനാധിപത്യത്തിന്റെ ഒരുവശം കലാലയ യൂണിയനുകളിൽ ദർശിക്കുവാൻ നമുക്കു സാധിക്കുന്നു. ആർഷഭാരത സംസ്കാരം ഉരുത്തിരിഞ്ഞെത്തിയ ജനാധിപത്യ പ്രക്രിയയിൽ തീർച്ചയായും കോട്ടങ്ങളുണ്ട്. വ്യക്തിപ്രഭാവത്തിലധിഷ്ഠിതമായ വ്യക്തിപൂജയ്ക്കിവിടെ ചരിത്രത്തോളം സ്ഥാനമുണ്ട്. നമ്മുടെയൊക്കെ രക്തത്തിൽ ഈ ദുഷിച്ച പ്രവണത അലിഞ്ഞുചേർന്നിരിക്കുകയല്ലേ ! പക്ഷേ പ്രബുദ്ധമായ വിദ്യാർത്ഥിവർഗ്ഗത്തിന്റെ ആശയാവേശ പ്രകടനവേദി മാമൂലുകൾക്കതീതമായ ഒരു പുത്തൻ ജനാധിപത്യരീതി പ്രകടമാക്കുന്നില്ലേ. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പൊയ്മുഖമുദ്ര പകർത്താതെ ക്രിയാത്മകസഹകരണത്തിന് വിദ്യാർത്ഥിസമൂഹം ഒററക്കെട്ടായി നീങ്ങുന്നു എന്നതാണ് ജനാധിപത്യത്തിന്റെ വിജയം.

ഈ വർഷത്തെ കലാലയ യൂണിയൻ തിരഞ്ഞെടുപ്പ് 1981 ഒക്ടോബർ 6—ാം തീയതി ചൊവ്വാഴ്ച ഭരണഘടനാനുസൃതമായി നടന്നു. സമാധാനപരവും ശാന്തവുമായ അന്തരീക്ഷത്തിൽ ചിട്ടയായി ഇലക്ഷൻ നടത്തിത്തന്ന ബഹു. പ്രിൻസിപ്പൽ പ്രൊഫസർ അബ്രാഹം എം. നിധീരി, വൈസ്പ്രിൻസിപ്പൽ പ്രൊഫസർ അലക്സിസ് തോമസ്, റിട്ടേണിംഗ് ഓഫീസർ പ്രൊഫസർ ററി. എം. ദേവസ്യാ, സ്റ്റാഫ് അംഗങ്ങൾ, നോൺ ടീച്ചിംഗ് സ്റ്റാഫ് അംഗങ്ങൾ എന്നിവരോടുള്ള ഹൃദയംഗമായ നന്ദി ഞാൻ ഈ അവസരത്തിൽ പ്രകടിപ്പിക്കുന്നു,

യൂണിയൻ ഭാരവാഹികളായി വിവിധ സ്ഥാനങ്ങളിലേയ്ക്ക് താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| ചെയർമാൻ | — | മാനുവൽ ജി. വരിക്കമാനി III B. Com. |
| വൈ. ചെയർമാൻ | — | ഷൈല കുര്യൻ III B. Sc. Maths. |
| ജനറൽ സെക്രട്ടറി | — | ജോസ് ടി. പി. III B. A. Econ. |
| കൗൺസിലേഴ്സ് | — | 1) സിറിം ജോസഫ് III B. A. Lite. |
| | | 2) ഗണേഷ് ജി. III B. Sc. Maths. |
| സ്റ്റുഡന്റ് എഡിറ്റർ | — | ജോർജ് പി. വി. II B. Com. |
| ആർട്സ് ക്ലബ്ബ് സെക്രട്ടറി | — | ജോസഫ് മാത്യു ഐ. II P. D. C. |

| | | |
|---|---|---|
| വനിതാ പ്രതിനിധികൾ — | 1) | സാലിയമ്മ ജോസഫ് III B. A. Econ |
| | 2) | കൊച്ചുറാണി ടി. ജെ. II P. D. C. |
| ക്ളാസ്സ് പ്രതിനിധികൾ — | 1) | ജയ്ജോൺ I P. D. C. |
| | 2) | ജോർജ്ജ് കെ. എം. II P. D. C. |
| | 3) | ജുഡീഷ് പി. മാത്യു I D. C. |
| | 4) | ജോർജ്ജ് ജേക്കബ് ഐ. II D. C. |
| | 4) | തോമസ് ജോസഫ് III D. C. |

ജോൺസൺ പി. III B. Com., സ്പോർട്ട്സ് സെക്രട്ടറി രാധാമണി എം. വി. III B. A. ഹരിജൻ നോമിനി എന്നിവരെ യൂണിയൻ എക്സിക്യൂട്ടീവിലേയ്ക്കും മാണിലൂക്ക് II B. Com., മേഴ്സി ഇൽഡഫോൺസ് II B. A., ത്രേസ്യാമ്മ പോൾ II P.D.C. എന്നിവരെ എഡിറ്റോറിയൽ ബോർഡിലേയ്ക്കും, ജോൺ വി. ഡി. പ്ലാനിംഗ് ഫോറം സെക്രട്ടറിയായും, ഇമ്മാനുവൽ പി. വി. സോഷ്യൽ സർവ്വീസ് ലീഗ് സെക്രട്ടറിയായും യൂണിയൻ എക്സിക്യൂട്ടീവ് നോമിനേററു ചെയ്തു.

| | |
|---|---|
| ജോസഫ് പി. എം. | II D. C. Eng. |
| രഘുനാഥ് പി. | III B. A. Econ. |
| ജയകുമാർ ടി. ആർ. | I D. C. Mal. |
| ജോർജ്ജ് എം. ജെ. | III B. Com. |
| രാജു സിറിയക് | III B. Sc. Maths. |
| മാണി സിറിയക് | III B. Sc. Zoology. |
| ഡോൺ ബി. സേവ്യർ | II D. C. Physics. |
| റോമി ജോസഫ് | II D. C. Chemistry. |

എന്നിവരെ വിവിധ അസ്സോസിയേഷൻ സെക്രട്ടറിമാരായും തെരഞ്ഞെടുത്തു.

യൂണിയന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി സ്റ്റാഫ് അഡ്വൈസറായി പ്രൊഫസർ പി. ജെ. ജോൺ M.Sc. യെയും ട്രഷററായി ശ്രീ. ജോർജ്ജ് മാത്യു M.com നെയും ആർട്ട്സ് ക്ളബ് ഡയറക്ടറായി ശ്രീ. വി. എം. മാത്യു M. A. യെയും ചീഫ് എഡിററായി ശ്രീ. ബേബി തോമസ് M. A., M. Phol. യെയും പ്രിൻസിപ്പൽ നോമിനേററു ചെയ്യുകയുണ്ടായി.

ഈ വർഷത്തെ യൂണിയൻ പ്രവർത്തനങ്ങൾ ആവേശഭരിതമായ സദസ്സിൽവച്ച് 1981 നവംബർ 5—ാം തീയതി കേരള കാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർ ശ്രീ. എൻ. കാളീശ്വരൻ I. A. S. ഉൽഘാടനം ചെയ്തു. വിദ്യാർത്ഥികൾ സൃഷ്ടിപരമായ പ്രവർത്തനമേഖലകളിലേയ്ക്കു തിരിയണമെന്നും, വ്യക്തികളുടെ ഉന്നമനത്തിനുവേണ്ടിയും, സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടിയും കൂട്ടായി പ്രവർത്തിയ്ക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. സദസ്സ് വിദ്യാർത്ഥികളുടെ കലാപരിപാടികൾ അകമഴിഞ്ഞ് ആസ്വദിച്ചു.

ഈ കോളേജിലെ അംഗങ്ങളായ ഓരോ വിദ്യാർത്ഥിയുടെയും കലാപരമായ ഉന്നതിയ്ക്കുവേണ്ടിയുള്ള ആർട്ട്സ് ക്ലബിന്റെ പ്രവർത്തനം ഊർജ്ജസ്വലമായിരുന്നു. ആർട്ട്സ് ക്ലബിന്റെ ഉദ്ഘാടനം 1981 നവംബർ 11–ാം തീയതി ബുധനാഴ്ച മലയാളികളുടെ രോമാഞ്ചമായ സിനിമാതാരം അച്ചൻകുഞ്ഞ് നിർവ്വഹിച്ചു. പ്രശസ്ത സംവിധായകൻ പി. പത്മരാജൻ തദവസരത്തിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു സംസാരിക്കുകയുണ്ടായി.

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഒരു മ്യൂസിക് ക്ലബ് സംഘടിപ്പിക്കുകയും അതിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടത്തിയ മദ്രാസിലെ St. Louise Orchastra യുടെ അന്ധന്മാരുടെ ഗാനമേളയും സദസിനെ ഹർഷപുളകിതരാക്കി.

ഈ നൂറ്റാണ്ടിൽ ഏറ്റവും കൂടുതൽ ജനങ്ങളെ പ്രത്യേകിച്ചും യുവജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന മാധ്യമമായ സിനിമയെക്കുറിച്ച് വിദ്യാർത്ഥികളെ കൂടുതൽ ബോധവാന്മാരാക്കിത്തീർക്കുന്നതിന് യൂണിയന്റെ കീഴിലുള്ള ഫിലിം ക്ലബ് പരമാവധി ശ്രമിക്കുകയുണ്ടായി. ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 1981 ഓഗസ്റ്റ് 18–ാം തീയതി പ്രസിഡന്റ് ജോസ് ടി. പി. യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് സുപ്രസിദ്ധ സിനിമാതാരം എസ്. പി. പിള്ള നിർവ്വഹിച്ചു. നല്ല കഥകൾ സിനിമയാക്കാതെ സിനിമയ്ക്കുവേണ്ടി കഥകൾ എഴുതുന്ന പ്രവണതയാണ് ഇന്നു കണ്ടുവരുന്നത് എന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഇന്ന് സിനിമ ഒരു കല എന്നതിനുപരി ഒരു വ്യവസായം എന്ന നിലയിലേയ്ക്ക് അധ:പതിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഫിലിം ക്ലബിന്റെയും കോളേജ് യൂണിയന്റെയും സഹകരണത്തോടുകൂടി നവംബർ 21–ാം തീയതി കേരള യൂണിവേഴ്സിറ്റിയൂണിയന്റെ സഞ്ചരിക്കുന്ന ചലച്ചിത്രമേളയുടെ ഭാഗമായ ദി ബാറ്റിൽ ഷിപ്പ് പൊട്ടെംകിൻ, ദി ഗോൾഡ് റഷ് തുടങ്ങിയ വിശ്വപ്രസിദ്ധമായ ഫിലിമുകൾ പ്രദർശിപ്പിക്കുകയുണ്ടായി.

സമകാലിക പ്രശ്നങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് സെമിനാറുകളും സിമ്പോസിയങ്ങളും നടത്തുവാൻ യൂണിയനു കഴിഞ്ഞിട്ടുണ്ട്. കോളേജിലെ മുഴുവൻ വിദ്യാർത്ഥിനികളെയും പങ്കെടുപ്പിച്ചുകൊണ്ടു നടത്തപ്പെട്ട വനിതാ സെമിനാർ ഇതിൽ പ്രാധാന്യമർഹിക്കുന്നു. വനിതകൾക്ക് സാമൂഹ്യരൂപവൽക്കരണത്തിൽ ഉള്ള പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി ഡിസംബർ 4–ാം തീയതി നടന്ന പ്രസ്തുത സെമിനാറിൽ പങ്കെടുത്തുകൊണ്ട്, പാലാ അൽഫോൻസാ കോളേജ് പ്രൊഫസർ റോസിലിൻ ചെറിയാൻ ക്ലാസ്സെടുക്കുകയുണ്ടായി. സമൂഹത്തിൽ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും തുല്യ സ്ഥാനമാണുള്ളതെന്നും സമൂഹത്തിന്റെ ഭാവി രൂപവല്ക്കരിക്കുന്നതിൽ സ്ത്രീകൾക്കും സുപ്രധാനമായ പങ്കാണ് വഹിയ്ക്കാനുള്ളതെന്ന് അവർ ചൂണ്ടിക്കാട്ടി.

വിവിധ അസ്സോസിയേഷനുകളുടെ പ്രവർത്തനങ്ങൾ യൂണിയന്റെ പ്രവർത്തന പരിധിയെ വിപുലപ്പെടുത്തുകയും വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിയ്ക്കുന്നതിനു ഞങ്ങളെ സഹായിക്കുകയും ചെയ്തു.

പ്രൊഫസർ കെ. എം. ചാക്കോയുടെ നേതൃത്വത്തിൽ ഓറട്ടറി ക്ലബ് വളരെ നന്നായി പ്രവർത്തിക്കുകയും നിരവധി വിദ്യാർത്ഥികൾക്കു പ്രസംഗകലയിൽ പരിശീ

ലനം നൽകുകയും ചെയ്തു. ക്ലബ്ബ് അംഗങ്ങൾ അനേകം പ്രസംഗമത്സരങ്ങളിലും ഡിബേറ്റുകളിലും പങ്കെടുത്തു വിജയികളാവുകയുണ്ടായി. പെൻഷൻപ്രായം 70 ആയി ഉയർത്തണമോ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഡിബേറ്റിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും സജീവമായി പങ്കെടുക്കുകയുണ്ടായി. ക്ലബ്ബ് അംഗങ്ങൾക്ക് യൂണിയന്റെ അഭിനന്ദനങ്ങൾ.

ഫിലിം ക്ലബ്ബ്, ക്വിസ് ക്ലബ്ബ്, ഡ്രമാറ്റിക് ക്ലബ്ബ്, മ്യൂസിക് ക്ലബ്ബ്, സോഷ്യൽ സർവീസ് ലീഗ്, പ്ലാനിംഗ് ഫോറം, ജേർണലിസം സർക്കിൾ, ദീപികാ യൂത്തുലീഗ് എന്നിവയും വിദ്യാർത്ഥികളുടെ നാനാവിധമായ കഴിവുകളെ വളർത്തുന്നതിന് ഞങ്ങളെ സഹായിക്കുകയുണ്ടായി.

ഗാന്ധിയൻ ചിന്താഗതിയിലൂടെ ഒരു സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം കൊടുക്കുക എന്ന ലക്ഷ്യത്തോടെ സമാരംഭിക്കപ്പെട്ട അക്രമരഹിത സാംസ്കാരിക വേദിയുടെ ഒരു യൂണിറ്റും ഇവിടെ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രൊഫസർ കെ. എം. ചാക്കോയുടെ നേതൃത്വത്തിൽ ഡോ. സിറിയക് തോമസ്, ശ്രീ. ഇടമറ്റം രത്നപ്പൻ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പല ചർച്ചാക്ലാസുകളും വേദി ഇതിനോടകം നടത്തിക്കഴിഞ്ഞു.

വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ശരിയായ ഒരു വീക്ഷണം ഉണ്ടാകുന്നതിനും അതനുസരിച്ച് ജീവിതം കരുപ്പിടിപ്പിക്കുന്നതിനുംവേണ്ടി കരിയർ ഗൈഡൻസ് കോഴ്സുകൾ നടത്തുകയുണ്ടായി.

1981 നവംബർ 26, 27, 23 തീയതികളിൽനടന്ന ആർട്ട്സ് ഫെസ്റ്റിവലിൽ കോളേജിലെ 450–ൽ പരം കലാകാരന്മാരും കലാകാരികളും തങ്ങളുടെ കഴിവുകൾ പരീക്ഷിച്ചറിഞ്ഞു. ആർട്ട്സ് ക്ലബ്ബിന്റെ കീഴിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികളെ കോട്ടയത്തുനടന്ന സർവ്വകലാശാലാ യൂണിയന്റെ ഉത്തരമേഖലാ യുവജനോത്സവത്തിൽ പങ്കെടുപ്പിക്കുകയുണ്ടായി. ഇവരിൽ 20 പേരെ തിരുവനന്തപുരത്തുനടന്ന അന്തർമേഖലാ മത്സരത്തിലേക്കു തെരഞ്ഞെടുക്കുകയുണ്ടായി.

തിരുവനന്തപുരത്തുനടന്ന സർവ്വകലാശാലായുവജനോത്സവത്തിൽ കഥാപ്രസംഗത്തിൽ ഒന്നാം സമ്മാനം നേടിയ സണ്ണി ജേക്കബിനേയും, മോണോ ആക്റ്റിൽ ഒന്നാം സമ്മാനം നേടിയ ശ്രീകുമാർ N. നെയും യൂണിയൻ അഭിനന്ദിക്കുന്നു.

മുൻ വർഷങ്ങളിൽനിന്നും വിഭിന്നമായി നൂതനമായ പല പരിപാടികൾക്കും ഈ യൂണിയൻ വേദിയൊരുക്കി. അതിന് ഉദാഹരണമാണ് കാംബസ്‌വാരം. കാംബസ്‌വാരത്തിന്റെ ഉൽഘാടനം കുര്യൻ പാമ്പാടി (മലയാള മനോരമ) നിർവ്വഹിക്കുകയുണ്ടായി. അതിനെത്തുടർന്ന് ജനാധിപത്യവും പത്രപ്രവർത്തനവും എന്ന വിഷയത്തെ ആസ്പദമാക്കി ജോസ് ടി. തോമസ് ദീപിക, ജോയി ചെറുവാണ്ടൂർ കേരളഭൂഷണം, കുര്യൻ പാമ്പാടി മനോരമ എന്നിവർ ക്ലാസ്സ് എടുക്കുകയുണ്ടായി.

കാംബസ് വാരത്തിന്റെ രണ്ടാംദിവസം പെൻഷൻപ്രായം 70 ആയി ഉയർത്തണം എന്നതിനെ ആസ്പദമാക്കി പ്രൊഫ. കെ. എം. ചാക്കോ M. A., പ്രൊഫ. എം. വി. പീറ്റർ M. Sc., വി. യു എബ്രഹാം M.Sc., ജെയിംസ് ജോസഫ് M. A., ബേബി തോമസ് M. A., M. Phil., സുനിൽ ജോഷി, ജോർജ് എം. ജെ. എന്നിവർ ഡിബേറ്റിൽ പങ്കെടുക്കുകയുണ്ടായി.

മൂന്നാം ദിവസം കോളജ്ഡേയോടനുബന്ധിച്ചുള്ള മത്സരങ്ങൾ നടത്തുകയുണ്ടായി.

നാലാം ദിവസം കരിയർ ഗൈഡൻസ് കോഴ്സും, കവിയരങ്ങും നടത്തുകയുണ്ടായി. മഹാകവി പാലാ നാരായണൻ നായർ, കുര്യാസ് കുമ്പളക്കുഴി, ഉണ്ണികൃഷ്ണൻ കാഞ്ഞിരത്താനം, കെ. ജയൻ, മോൻസി ജോസഫ് എന്നിവരും കവിയരങ്ങിൽ പങ്കെടുക്കുകയുണ്ടായി.

ദേവമാതാ കോളേജിന്റെ തിലകക്കുറിയായ N. S. S. അതിന്റെ പ്രവത്തന മേഖലകളിൽ പുതിയ മാനങ്ങൾ കണ്ടെത്തുകയുണ്ടായി. വിദ്യാർത്ഥി വിദ്യാർത്ഥിനികളെ കർമ്മോന്മുഖരാക്കുന്നതിന് N. S. S. കൊണ്ടു സാധിച്ചു. N. S. S. പ്രോഗ്രാം ഓഫീസർമാരായ പി. എം. ജോസിനോടും, കെ. മാത്യു സെബാസ്റ്റ്യനോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

ഈ വർഷം വിദ്യാർത്ഥിസമരങ്ങൾ പൊതുവേ കുറവായിരുന്നു എന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ചാരിതാർത്ഥ്യജനകമാണ്. നിരവധിയായ യാത്രപ്രശ്നങ്ങൾ കഴിവതും ഭംഗിയായി പരിഹരിയ്ക്കാൻ യൂണിയനു് സാധിച്ചിട്ടുണ്ട്.

ഏറെ കാര്യങ്ങൾ ചെയ്തെങ്കിലും എല്ലാം പൂർണ്ണമായി എന്നു ഞങ്ങൾ അവകാശപ്പെടുന്നില്ല. യൂണിയൻ പ്രവർത്തനം സൃഷ്ടിപരമായ പന്ഥാവുകളിലേയ്ക്കു് തിരിച്ചുവിടാൻ ശ്രമിച്ചപ്പോഴൊക്കെ സാമ്പത്തിക പരിമിതികളുണ്ടായിരുന്നു. എങ്കിൽപോലും പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് മററ് ഏതൊരു യൂണിയനും കഴിയുന്നതിനേക്കാൾ കൂടുതൽ ചെയ്യുന്ന സംതൃപ്തി ഞങ്ങൾക്കുണ്ട്. കോളേജ് യൂണിയന്റെയും ആർട്ട്സ് ക്ലബ്ബിന്റെയും പ്രവർത്തനങ്ങൾ വൻ വിജയമായിരുന്നു എന്നു ഞങ്ങൾ അഭിമാനത്തോടുകൂടി സ്മരിക്കുന്നു.

ഞങ്ങളുടെ വിജയകരമായ പ്രവർത്തനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയുംചെയ്ത ബഹുമാനപ്പെട്ട പ്രിൻസിപ്പൽ പ്രൊഫ. ഏബ്രഹാം എം. നിധീരിക്കും പ്രൊഫസർ—ഇൻ—ചാർജ് അലക്സിസ് തോമസിനും കൃതജ്ഞത രേഖപ്പെടുത്തുന്നു.

യൂണിയന്റെ അദ്ധ്യാപക ഉപദേഷ്ടാവ് പ്രൊ. പി.ജെ. ജോൺ M.Sc., യൂണിയൻ ട്രഷറർ ശ്രീ. ജോർജ് മാത്യു M. Com., ആർട്ട്സ് ക്ലബ് ഡയറക്ടർ വി. എം. മാത്യു M. A., ചീഫ് എഡിറ്റർ ബേബി തോമസ് M. A., എന്നിവരുടെ നിസ്വാർത്ഥമായ സേവനം കൃതജ്ഞതയോടെ ഞങ്ങൾ അനുസ്മരിക്കുന്നു.

യൂണിയന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകിയ ബഹു. മാനേജർ റവ. ഡോ. എൻ. എം. തോമസിനോടും, ബർസാർ റവ. ഫാ. ജോർജ് വഞ്ചിപ്പുരയോടും ഞങ്ങൾ ഈയവസരത്തിൽ പ്രത്യേകമായി നന്ദി പറയുന്നു.

അതുപോലെ അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവരോടും നന്ദി രേഖപ്പെടുത്തുന്നു.

പ്രബുദ്ധരായ വിദ്യാർത്ഥിനീ വിദ്യാർത്ഥികളോട്, ഞങ്ങളെ നിങ്ങളുടെ പ്രതിനിധികളായി തെരഞ്ഞെടുക്കുകയും, നിങ്ങളെ സേവിക്കുന്നതിന് അവസരം ഉണ്ടാക്കിത്തരികയും ചെയ്ത നിങ്ങളോട് ഒരിക്കൽകൂടി നന്ദി പറയുന്നു.

അടുത്തുവരുന്ന സർവ്വകലാശാലാ പരീക്ഷകളിൽ നല്ല വിജയം ഉണ്ടാവുന്നതിന് ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

നന്ദിയോടെ, നിങ്ങളുടെ ജന:സെക്രട്ടറി,
ജോസ് ടി. പി.

ചെറുകഥ




ശ്രീകുമാർ എൻ.
II P. D. C. I Group
No. 29



മുന്നിൽ അനേകം ചവിട്ടുപടികൾ... ഇറങ്ങിയിട്ടും ഇറങ്ങിയിട്ടും തീരുന്നില്ല... നടകൾ കഴിഞ്ഞ് വഴിയിലേയ്ക്കുവന്നപ്പോൾ ഒന്നു തിരിഞ്ഞുനോക്കി. മുന്നിൽ പടിവാതിൽക്കൽ കൈവീശിക്കൊണ്ടുനിന്ന ഗാഥയുടെ നീലസാരിമാത്രം അവ്യക്തമായി കാണാം...വീണ്ടും തിരിഞ്ഞുനടന്നു.........മഞ്ഞവെയിലിൽ കുളിച്ചുനില്ക്കുന്ന താഴ്‌വര.........പച്ചക്കാടൊന്നുമില്ല.........കുറച്ചു കരിമ്പനകളും മൊട്ടക്കുന്നുകളും.........ജയ വേഗം നടന്നുനീങ്ങി.......വെയിലിൽ തിളങ്ങുന്ന മുടി......മുന്നിൽ ഗ്രാമീണരുടെ മുഖങ്ങളിൽ അപരിചിതത്വം......അവരെ ശ്രദ്ധിക്കാതെ നടന്നു.... അവിടമാകെ വരണ്ട ചുടുകാററ് അടിച്ചുകൊണ്ടിരുന്നു......

കൺപോളകളിൽ കനം തൂങ്ങിനില്ക്കുന്ന വെയ്‌റ്റിംഗ്ഷെഡ്.........ആഘോഷങ്ങളുടെ നിറംമങ്ങിയ പോസ്റ്ററുകൾ നിറയെ....അതിന്റെ ഒരരികുചേർന്നുനിന്നു... ആ വഴി വരേണ്ട ബസ്സുകാത്ത്.........

...''ഇനി എന്നാണു വരിക ജയേ....'' പെട്ടെന്നൊരുത്തരം കിട്ടാതെ വിഷമിച്ചു......ചിരിയിൽ ജാള്യത മറയ്ക്കാൻ പാടുപെട്ടു......''ഇതുപോലെ ഇടയ്ക്കിടയ്ക്ക് വരാം''......''ഓ......എത്ര പറഞ്ഞിട്ടാ നീ ഇന്നുതന്നെ ഒന്നുവന്നത്.'' മൗനത്തിനു നീളം കൂടി......തന്റെ കണ്ണിൽ പതിച്ചിരിക്കുന്ന നോട്ടത്തിൽനിന്നു കണ്ണുമാററാൻ കഴിഞ്ഞില്ല. ''നിന്റെ എഴുത്തുകൾ മാത്രം എനിക്കാകെ ഒരാശ്വാസം.........ഇടയ്ക്കിടയ്ക്കെഴുതുവെങ്കിലും വേണേ.........'' ''ഉം എഴുതാം.'' വീണ്ടും ചിരിച്ചു. അർത്ഥരഹിതമായ വരണ്ട ചിരി......മൗനമായി വിടചോദിച്ചു......ആ കണ്ണുകൾ വീണ്ടും നിറഞ്ഞു......കാണാത്ത മട്ടിൽ നടകളിറങ്ങി.

എത്ര കഴിവുള്ള കുട്ടിയായിരുന്നു...... ഗാഥയെ നേഴ്‌സറിസ്കൂൾ മുതലറിയാം... ഒന്നിച്ചു നടന്ന്......ഒന്നിച്ചു പഠിച്ച്..... അങ്ങനെ നടന്ന ബാല്യം.........എന്നും മത്സരങ്ങളിൽ ഒന്നാം സ്ഥാനക്കാരി ഗാഥയായിരുന്നു......ഇതിൽ തനിക്ക് ഒരിക്കലും ഗാഥയോടസൂയ തോന്നിയിട്ടില്ല...... പൂവുപോലെ മൃദുലയായ പെൺകുട്ടി...... അവൾക്കിങ്ങനെ വരുമെന്ന് ആരും ഓർത്തില്ല. അവളുടെ വിമൽ പോലും.........

വിദ്യാലയത്തിൽ അദ്ധ്യാപകരുടെ കണ്ണിലുണ്ണിയായിരുന്നു ഗാഥ.......അവി

ടെ കൊഴിഞ്ഞ നിറമുള്ള ഇതളുകൾ...ഇനി ചിന്തയിൽ മാത്രം......എന്നും താൻ ഗാഥയുടെ പിറകെ ഉണ്ടായിരുന്നു......അവളുടെ ഒരാരാധികയായി......ഗാഥയെപ്പററി അദ്ധ്യാപകർ പലനിറമുള്ള സ്വപ്നങ്ങളും നെയ്തു.........ഇതിലൊന്നും ഉൾപ്പെടാതെ മാറിനടന്ന നിശബ്ദയായ പെൺകുട്ടി.

...ഇവരാരും ഗാഥ ഒന്നുമല്ലാതാകാനാണു പോകുന്നതെന്ന് ഒരിക്കലും അറിഞ്ഞിരുന്നില്ല......ഗാഥയുടെ അച്ഛൻ മരിച്ചതു് പെട്ടെന്നായിരുന്നു. ഒററിയിപ്പും കൂടാതെ അദ്ദേഹത്തിൻെറ ശവമാണിങ്ങെത്തിയതു്......വിശ്വനാഥമേനോൻ മിലററിയിലായിരുന്നു. ഉന്നത ഉദ്യോഗസ്ഥൻ......തളർന്നിന്ന ഗാഥയെ ഒന്നാശ്വസിപ്പിക്കാൻപോലും താനശക്തയായിരുന്നു......തകർന്ന അവളുടെ അമ്മ ദിവസങ്ങൾ ഒരുവിധം തള്ളിനീക്കി.

വലിയൊരു തറവാടായിരുന്നു അവരുടേതു്.........കുടുംബവഴക്കുകൾ ഏറിവന്നു......അവരുടെ കുടുംബം ഭാഗിച്ചു. സ്വന്തം ഭാഗത്തിലുള്ള ഒരു വീട്ടിലേയ്ക്കു് അവർ താമസം മാററി......ചിറകുകൾക്കു് പുതിയ വർണ്ണങ്ങൾ......നാളുകൾ കടന്നു.... ഗാഥയ്ക്കു് മൗനത്തിൻെറ കറുത്ത ആവരണങ്ങൾ കൂടിക്കൊണ്ടിരുന്നു......അവളുടെ മുഖം കൂടുതൽ ചിന്താധീനമായി......... ''ജയേ.........അമ്മയ്ക്കെന്തോ മാരകമായ രോഗമുണ്ടു്......അവരതു മറച്ചുവയ്ക്കുകയാണു്...എനിക്കു് എപ്പോഴും ഭയമാണു്...''

ഗാഥയുടെ സംശയം അസ്ഥാനത്തായിരുന്നില്ല......കുറെക്കഴിഞ്ഞു് അവളുടെ അമ്മയും മരിച്ചു......തളർന്നിന്ന അനുജത്തിയെയും കൊണ്ടു് അവൾ നിസ്സഹായയായി നിന്നു.........

നിർവ്വാഹമില്ലാതായപ്പോൾ അവർ അമ്മാവൻെറ വീട്ടിലേയ്ക്കു താമസം മാററി. അമ്മാവനു് അഞ്ചുമക്കൾ......മൂത്ത മകൻ രാജഗോപാൽ മദ്രാസിൽ എഞ്ചിനീയർ... ബാക്കിയുള്ളവർ അവിടെത്തന്നെ...അവരുടെ ദുസ്സഹമായ നോട്ടങ്ങൾക്കുമുന്നിൽ തലകുനിച്ചു ഗാഥ...ആ നാലുകെട്ടിൻെറ ഉള്ളറകളിൽ അഭയം പ്രാപിച്ചു.....

ഞങ്ങൾ ഒരുമിച്ചു് പഠിച്ചു് എം. എ. വരെ എത്തി...ഗാഥ എന്നും മൗനത്തിൻെറ പിറകുകളിൽ ഒളിഞ്ഞു......ഗാഥയുടെ ദുഃഖങ്ങളിൽ പങ്കുചേരാൻ വന്ന വിമൽ...... അവൾ വിമലിൽ ഭാവി കണ്ടിരിക്കണം. ആയിടയ്ക്കു് അവധിയിൽ വീട്ടിൽവന്ന രാജഗോപാൽ വിവാഹിതനായി മടങ്ങാൻ ആഗ്രഹിച്ചു......പക്ഷെ വധുവാകാൻ ഗാഥയ്ക്കു സമ്മതമായിരുന്നില്ല. അനുജത്തിക്കുവേണ്ടി......തന്നെ ആശ്രയിക്കുന്ന ഗീതക്കുവേണ്ടി അവൾ വഴിമാറി............ ഗാഥയിൽ നഷ്ടപ്പെട്ടുവെന്ന ഒരു ഭാവം ഒരിക്കലും കണ്ടില്ല......

...ബസ്സിൻെറ ഇരമ്പൽ അടുത്തുവന്നു. ഉള്ളിൽ കടന്നു. വലിയ തിരക്കില്ല. ഒരൊഴിഞ്ഞ കോണിൽ സ്ഥലം പിടിച്ചു......

...ദിനങ്ങൾ കടന്നുപോയി. ഗാഥയ്ക്കു് പല കല്യാണാലോചനകളും വന്നു. വിമലിനുവേണ്ടി അവൾ കാത്തിരുന്നു...പാരിജാതങ്ങൾ വീണ്ടും കൊഴിഞ്ഞടിഞ്ഞു...... വിമൽ ഒഴിഞ്ഞുമാറിയപ്പോൾ അവൾ ആകെത്തളർന്നു......പിന്നെ വന്ന ആലോചനയ്ക്കു് അവൾ സമ്മതിച്ചു...അമ്മാവൻെറ വീട്ടുകാർക്കു് ഒരു തീരാശല്യമാകരുതല്ലോ എന്നോർത്തു്...വലിയ അനാർഭാടമല്ലാതെ വിവാഹം നടന്നു...അവളുടെ മനസ്സിൽ ആനന്ദത്തിൻെറ ഒരു ചെറിയ ഓളം ഉയർന്നു......

ഭർത്താവിൻെറ പെരുമാററം അവൾക്കു് അസഹനീയമായിരുന്നു......അവളെ തളച്ചിടാനുള്ള വെമ്പൽപോലെ...മനസ്സിനു് ഒരു സുഖവുമില്ലായിരുന്നു. എം. എ. പാസ്സായ ഗാഥയ്ക്കു് ജോലി കിട്ടുന്നതിനു് എളുപ്പമായിരുന്നു...പലതും കിട്ടി. ഓരോന്നും ഓരോ കാരണം പറഞ്ഞു് തട്ടിമാററിയപ്പോൾ സംശയമായി...എതിർത്തപ്പോൾ അധികാരം ഭാവിച്ചു. ദുഃഖഭാരവുമായി

ഗാഥ ഒരടിമയായി.......ഭർത്തൃഗൃഹത്തിലെ തുറിച്ചുനോട്ടങ്ങൾക്കുമുമ്പിൽ അവൾ പരിക്ഷീണയായി.

വളരെക്കഴിഞ്ഞു് അവർ ആ ഗ്രാമത്തിൽ ഒരു ബംഗ്ലാവു വാങ്ങി......ചുടുകാറ്റു ചുററിക്കറങ്ങുന്ന, കരിമ്പനയോല നിഴൽ വിരിക്കുന്ന ഗ്രാമം....

...ബിസിനസുകാരനായ സുധീന്ദ്രനു് തന്റെ ഭാര്യയെ ശ്രദ്ധിക്കാൻ വളരെ സമയമില്ലായിരുന്നു....അനേകനാൾകൂടിയ ഒരു സന്ദർശനം...അപ്പോൾ ചെയ്യാനുള്ള ആയിരം കാര്യങ്ങൾ...അതിനിടയിൽ ഗാഥ ഒന്നുമല്ലാതായി.......ചിറകു കുഴഞ്ഞുവീണപ്പോൾ അവൾ തന്നിലേക്കൊതുങ്ങി...വ്യക്തിത്വം നഷ്ടപ്പെട്ട ഗാഥ.....ഓ അവൾ എന്താകേണ്ടതായിരുന്നു. ആ ബംഗ്ലാവിലെ ഒരു പാവപോലെയായി...കരിഞ്ഞ സ്വപ്നങ്ങൾക്കു കാവലിരുന്നു.

വീട്ടിൽ തിരിച്ചെത്തിയപ്പോൾ സന്ധ്യയായി...കാത്തു് മകൾ പടിക്കൽ നിന്നിരുന്നു...''അമ്മയുടെ കൂട്ടുകാരി എന്നാ ഇങ്ങോട്ടു് വരിക?''......ഒന്നും പറഞ്ഞില്ല.....പറയാനുമില്ലായിരുന്നു...ഇരുട്ടിനു് കനം കൂടി വന്നു......മകൾ ഉറങ്ങി...ക്ലോക്കിന്റെ വിരസമായ ശബ്ദം ജയ ശ്രദ്ധിച്ചു് ഇരുന്നു...തന്റെ ഏകാന്തത തീരുന്നതുംകാത്തു്......നിദ്രയുടെ ആദ്യപടവുകളിൽ തളർന്നിരുന്നു......


# ST. MARY'S COLLEGE, PALAI.

(One of the Best Parallel College in the State)

| FOR WOMEN ONLY | FOR MEN & WOMEN |
|---|---|
| S.S.L.C. (One year Course) | Pre-degree (Sept. & March. Scssion) |
| Pre-Degree (Two ,, ) | B. A. ,, |
| B. A. (Three ,, ) | B. Sc. ,, |
| B. Com. (Three ,, ) | B. Com. ,, |
| M. A. (Two ,, ) | Type writing |
| M. Com. (Two ,, ) | Short hand |
| | Accountancy. |


Estd. 1963.

Phone: 486.

Principal,
Mani Ambattuparambil M.A.,B.Ed.



**Deva Matha Sports Day 1982**





# കലോത്സവം



Mathew P. J.
Prize winner for 'Fancy Dress'
in the Zonal Youth Festival
held at Kottayam.



Benny Cyriac
Best Hair Style



Justine Ildephonse
'Smiling Queen'



Somalatha V. V.
'Miss. D. M. C.'



Peter John
'Smiling King'


Cyriac A. Patani
Capt. Shuttle Badminton


Pradeep R
Cricket Team Captain


Thankachen K. J.
Cover Designer


Pious Cyriac
Senior Champion


Girija V. R.
Lady Champion


Jacob K. V.
Sports Champion


George K. V.
Foot ball team
Captain



Shaheed J. Mattom
Participated in Kerala State
Amateur Athletic meet
held at Trivandrum.



Foot Ball Team




Cricket Team



Volley Ball Team —

കവിത



**കെ. ജയൻ**
കറവിലങ്ങാട്.

ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടത്തിൽ
അരങ്ങിൻ തിരശ്ശീല ഉയരുന്നു, താഴുന്നു.
മഴ വേരുകളിൽ തടഞ്ഞു് കറുത്തിരുണ്ടൊഴുകുന്ന ഈ സന്ധ്യയിൽ
വെളിച്ചം കടം പറയുന്ന തെരുവുകളിൽ
വഴിക്കണ്ണുകളിൽ പഥികർ കാലിടറുന്നു.
പാൽമണം മാറാത്ത താവളങ്ങളിൽ
ഉറക്കം കെടുന്നവരുടെ വ്രണങ്ങളിൽ സിഫിലീസ് നീറുന്നു.
ഈ വിഷാദ സന്ധ്യയിൽ ആരെയോ മുഷിഞ്ഞു കാത്തിരുന്നു്
സിസിഫസ് മോഹചക്രത്തിന്റെ പൊരുളറിയുന്നു.
ക്രിസ്റ്റഫർ*,
സ്മൃതിക്കാടുകളിൽ ഉണർന്നിരിക്കുന്ന മനുഷ്യനു്
കൂട്ടിരിക്കാൻ നീ വരിക.
ചീവീടുകളിൽ കരയുകയും മിന്നാമിനുങ്ങുകളിൽ-
ചിരിക്കുകയും ചെയ്യുന്ന രാത്രിയിലേയ്ക്കു്
ഞാൻ ജനാലകൾ തുറക്കട്ടെ.
ഒന്നുമില്ലാരുമില്ല—
നൂറുവർണ്ണങ്ങളിൽ, നീളങ്ങളിൽ
കൊടികളുടെ പരിഹാര പ്രദക്ഷിണം.
അവയ്ക്കുകീഴിൽ ചുഴലിച്ച വെളിച്ചപ്പാടുകൾ.
ചിരങ്ങുപിടിച്ച ഈ സന്ധ്യയിൽ
ഓർമ്മകൾ മുലപ്പാലിൽ കുതിരുന്നു.

എന്നിൽ തിരണ്ടു പിന്മാറിയ ശൈശവ കൗമാരങ്ങളിൽ
മൗനത്തിന്റെ മഞ്ഞുരുകുന്നു.
എന്റെ തിരിനാളങ്ങളിൽ മുള്ളുകൾ നാമ്പെടുക്കുന്നു.
ക്രിസ്റ്റോ!
നിന്റെ വിഷാദ വല്മീകങ്ങൾ
എന്നെ ഭീതിപ്പെടുത്തുന്നു.
നീ എന്തെങ്കിലും പറയൂ,
കാമ്പസിന്റെ വന്യത, നിഴലലയുന്ന സാന്ദ്രത,
ഇരുളിന്റെ മണം നിറച്ച പെൺകിടാങ്ങൾ.
അസ്ഥിപഞ്ജരങ്ങൾ വിളയുന്ന കനവുകളിൽ
പ്രണയം കൊരുത്തു നടന്നതും
മൈഥുനത്തിന്റെയാഴങ്ങളിൽ
ഇക്കിളികൾ കാതോർത്ത നാടൻപെണ്ണിന്റെയുള്ളിൽ
പൊള്ളുന്ന മൗനം വാരി നിറച്ച്
നിന്റെ ഹൃദ്സ്പന്ദനം കേട്ടുണർന്നതും...എല്ലാം എല്ലാം
വീണ്ടും ജനിക്കട്ടെ.
മണിമുഴങ്ങുന്ന ഈ സന്ധ്യയിൽ
ആദിമധ്യാന്തങ്ങളില്ലാത്ത ഭൂതജ്വരങ്ങളിൽ നിന്നും
ഞാനിതാ മടങ്ങിവരുന്നു.
ക്രിസ്റ്റോ!
നിന്റെ മിഴികളിലൂറിക്കൂടിയ നൊമ്പരങ്ങളും
നിന്നെ ഭേദിച്ച മോഹഭംഗങ്ങളും
എന്നിൽ തടയുന്നു.
ഈ നിർവ്വാണ സന്ധ്യയിൽ
ബാഗ്മതിയിൽ നിന്നകന്ന്
വെളിച്ചം തിരതല്ലുന്ന കടൽപ്പരപ്പുകളിൽ
കാലത്തിന്റെ മോഹാവസ്ഥയിൽ നിന്നും
ഒലിച്ചിറങ്ങിയൊഴുകിച്ചേരട്ടെ, ഞാൻ...
ക്രിസ്റ്റോ, വിട...

---

*ക്രിസ്റ്റഫർ — വെളിച്ചം കൊണ്ടുവരുന്നവൻ.

★

ലേഖനം

# ജീവിതത്തെ അഭിമുഖീകരിക്കുമ്പോൾ

ജീവിതത്തെ അഭിമുഖീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില വസ്തുതകളുണ്ട്. ഓരോ മനുഷ്യനും ഓരോ ജീവിയും ഓരോ വിധത്തിലാണ് ജീവിതസുഖം ആഗ്രഹിക്കുന്നത്. ഒരു ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും പല ലോകത്തിൽ പാർക്കുന്നവരെപ്പോലെയാണ് അവർ ജീവിക്കുന്നത്. അവരവരുടെ പ്രത്യേക താല്പര്യങ്ങളാണ് ഓരോരുത്തരും ജീവിക്കുന്ന ലോകത്തെ നിജപ്പെടുത്തുന്നത്.

ജീവിതം സുഖപ്രദവും ഫലപ്രദവുമാക്കുന്നതിന് പ്രധാനമായും രണ്ടുകാര്യങ്ങളാവശ്യമാണ്. ഒന്ന്, ഈ പ്രപഞ്ചം ഭരിക്കുന്ന പരാശക്തിയിലും വിവേകപൂർവ്വമായ നിരന്തര പരിശ്രമത്തിലുമുള്ള ഉറച്ച വിശ്വാസം. മറ്റൊന്ന്, ജീവിതത്തിനൊരു ലക്ഷ്യമുണ്ടായിരിക്കുകയെന്നത്. ക്ലേശങ്ങളും കുഴപ്പങ്ങളും നിറഞ്ഞ ജീവിതത്തെ നേരിടുന്നതിന് നിരന്തരമായ പരിശ്രമവും ആത്മവിശ്വാസവും ലക്ഷ്യബോധവും ആവശ്യമാണ്. സകല പ്രവൃത്തിയിലും തന്നെ സഹായിക്കുവാൻ ദൈവമുണ്ടെന്ന വിശ്വാസം മഹാനായ ലിങ്കനെ ഒരിക്കലും വിട്ടുപിരിഞ്ഞിരുന്നില്ല. ആ വിശ്വാസമാണ് അത്രയും ധീരമായ ഒരു ജീവിതം നയിക്കുന്നതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്.

ബോയ് സ്കൗട്ട് എന്ന സംഘടനയെപ്പറ്റിയറിയാമല്ലോ. ''ബി റെഡി'' (തയ്യാറായിരിക്കുവിൻ) എന്നാണവരുടെ മുദ്രാവാക്യം. ഏതവസരത്തിലും ഏതു വിഷമഘട്ടവും നേരിടുവാൻ തയ്യാറായിരിക്കണം. അവിചാരിതമായ ഏതു പ്രതിബന്ധം നേരിടുന്നതായാലും അവയെ ആത്മവിശ്വാസത്തോടെ തരണം ചെയ്യുന്നതിനുള്ള പരിശീലനമാണ് ജീവിത സമരത്തിൽ വിജയം നേടുന്നതിനാവശ്യം. അവിചാരിതമായി പ്രതികൂല സാഹചര്യങ്ങളെ നേരിടേണ്ടിവരുമ്പോൾ പരിഭ്രമിച്ചിട്ടു കാര്യമില്ല. ശാന്തമായി പോംവഴി ചിന്തിക്കണം. ഗുണദോഷങ്ങളെപ്പറ്റി ചിന്തിക്കണം. എന്നാൽ അതിനൊരു അവസാനം വേണം. ആലോചനകൾ പ്രവൃ



**ജോഷി വർഗീസ്**
Ist D. C. (Mal) No. 272.

ത്തികളുള്ള മുൻഗാമികളായിരിക്കണം. സംശയം തീർക്കുവാനുള്ള നല്ല മാർഗ്ഗം പ്രവൃത്തി ആരംഭിക്കുകയാണ്. നമ്മുടെ സൗഖ്യത്തിനും സമാധാനത്തിനുമുള്ള ഉത്തരവാദിത്വം നമ്മിൽ തന്നെയാണെന്ന് നാം മനസ്സിലാക്കണം. ഈ വിശ്വാസം ജീവിതത്തെ ധീരതയോടെ അഭിമുഖീകരിക്കുന്നതിന് നമ്മെ സഹായിക്കും. മനുഷ്യന്റെ വിജയം അവന്റെ മനസ്സിന്റെ ശക്തിയി

ലാണ്, ചിന്തയുടെ ശുദ്ധിയിലാണ്, വിശ്വാസത്തിന്റെ സ്ഥിരതയിലാണ് നിലകൊള്ളുന്നത്. ചിന്തയാണ് നമ്മുടെ സ്വഭാവത്തിന്റെ അടിസ്ഥാനം. നമ്മുടെ സ്വഭാവമാണ് ജീവിതത്തിലെ വിജയവും അപജയവും നിർണ്ണയിക്കുന്നത്. ചിന്ത നിയന്ത്രിച്ചാൽ പ്രവൃത്തികളെയും അങ്ങനെ ജീവിതത്തെ തന്നെയും നിയന്ത്രിക്കാം.

ഒരുവിധത്തിൽ നോക്കിയാൽ ജീവിതയാത്രയിലേർപ്പെട്ടിരിക്കുന്ന നാമെല്ലാവരും അന്ധന്മാരെപ്പോലെയാണ്. ജീവിതത്തിന്റെ ഉദ്ദേശമോ, പ്രപഞ്ചത്തിന്റെ മഹത്വമോ, നമ്മുടെ യാത്രയുടെ ലക്ഷ്യമോ നമുക്ക് വ്യക്തമായറിയില്ല. ഇരുട്ടിൽ നടക്കുന്ന ഒരാൾ മങ്ങിയ വെളിച്ചത്തിന്റെ പിന്നാലെ പോകുന്നതുപോലെ നമ്മിൽ ഓരോരുത്തരിലുമുള്ള മന:സാക്ഷിയാകുന്ന വെളിച്ചത്തിന്റെ പിന്നാലെ യാത്രചെയ്യുകയേ മാർഗ്ഗമുള്ളു.

ചെറുപ്പക്കാർക്ക് സർ. ടി. മുത്തുസ്വാമി അയ്യർ കൊടുത്ത ഉപദേശം ശ്രദ്ധേയമാണ്. ''അദ്ധ്വാനശീലം, പ്രവൃത്തിയിലുള്ള നിഷ്ഠ, ആഡംബരരഹിതമായ ജീവിതം, സത്യത്തിൽനിന്നും വ്യതിചലിക്കാതിരിക്കുന്നതിനുള്ള മനോധൈര്യം, അവരവരുടെ പ്രാപ്തിയെക്കുറിച്ചുള്ള മിതമായ മതിപ്പ്—ഇതായിരിക്കട്ടെ വലിയ പദവിയിലെത്തിച്ചേരുന്നതിന് നിങ്ങൾ ചവിട്ടിക്കയറുന്ന പടികൾ.'' പ്രയത്നമാണ് ജീവിതത്തിന് ഉന്മേഷമുണ്ടാക്കുന്നത്. ചീത്ത വികാരങ്ങൾ ഇല്ലാതാക്കുന്നതിനും നല്ല സ്വഭാവം വളർത്തുന്നതിനും പ്രയത്നം നമ്മെ സഹായിക്കും. നമ്മുടെ ദുർവ്വാസനകളെ നിശ്ശേഷം നശിപ്പിക്കുന്നതിനുള്ള നല്ല മാർഗ്ഗം അനന്തശക്തിയെ അകത്തേക്കു പ്രവേശിക്കുവാൻ അനുവദിക്കുകയാണ്.

പുതിയ പരിതസ്ഥിതികൾക്കനുസരിച്ച് മനസ്സിന്റെ നില മാറേണ്ടത് ശാന്തമായി ജീവിതം നയിക്കുന്നതിനാവശ്യമാണ്. മാറുന്ന പരിതസ്ഥിതികൾക്കനുസരണമായി പ്രവൃത്തിക്കുവാൻ സാധിക്കണം. ഉദാഹരണമായി ഒരു വിവാഹ ചടങ്ങിൽ പങ്കുകൊള്ളുന്ന രീതിയല്ല നാം ഒരു ശവ സംസ്കാര ചടങ്ങിൽ പങ്കുകൊള്ളുന്നത്. വീട്ടിൽ പെരുമാറുന്നതുപോലെയല്ല കോളജിൽ പെരുമാറുന്നത്. പരിതസ്ഥിതി സൂക്ഷ്മമായി മനസ്സിലാക്കി അതനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കണം.

കുടുംബജീവിതത്തെ സുഖപ്രദമാക്കുന്നത് സ്നേഹമാണ്, സഹനശക്തിയാണ്. സ്നേഹം, ദയ, ജീവകാരുണ്യം — നമ്മുടെയും മറ്റുള്ളവരുടെയും സാമൂഹിക ജീവിതം സുഖപ്രദമാക്കുന്നതിനിവ സഹായകമാണ്. പൊതു നന്മ ഓർത്തു പ്രവൃത്തിക്കണം. നമ്മുടെ പ്രവൃത്തികൊണ്ട് മറ്റുള്ളവർക്ക് ക്ലേശങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മനസ്സിന്റെ ആരോഗ്യമാണ് ശക്തി നേടുന്നതിനുള്ള മാർഗ്ഗം. ശക്തിയുടെ ശൂന്യത പരാജയത്തിനു കാരണമാകുന്നു. പല ചെറിയ പ്രവൃത്തികളും തൃപ്തികരമായി നിറവേറ്റുന്നതിൽനിന്നാണ് വലിയ പ്രവൃത്തികൾ ഏറ്റെടുക്കുവാനുള്ള ശക്തി ഒരാൾക്കുണ്ടാകുന്നത്. വെറുപ്പും വിദ്വേഷവും ഹൃദയത്തിൽനിന്നകറ്റി സഹാനുഭൂതിയും സ്നേഹവും നിറച്ച് ഹൃദയത്തെ ശുദ്ധീകരിക്കുകയും അമിതാഗ്രഹങ്ങളൊഴിവാക്കുകയും ചെയ്യുമ്പോൾ മനസ്സിനു ശാന്തി ലഭിക്കും. മന:സാക്ഷിയുടെ നിർദ്ദേശമനുസരിച്ച് പ്രവൃത്തിക്കുകയും ജീവിതത്തിന്റെ അനശ്വരങ്ങളായ ധാർമ്മികമൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും ചെയ്യുന്ന ഒരാളെ നൈരാശ്യത്തിനിളക്കാൻ കഴിയില്ല. നൈരാശ്യം നിറഞ്ഞ ഒരന്തരീക്ഷത്തിലാണ് നാം ജീവിക്കുന്നത്. വർദ്ധിച്ചുവരുന്ന സാമ്പത്തിക കുഴപ്പം, വളർന്നുവരുന്ന തൊഴിലില്ലായ്മ, ശിഥിലങ്ങളായ കുടുംബബന്ധങ്ങൾ, ക്ഷയിച്ചുവരുന്ന ദൈവവിശ്വാസം, നശിച്ചുവരുന്ന ധാർമ്മികബോധം ഇവയെല്ലാം നൈരാശ്യത്തിലേക്കു നമ്മെ വഴി തെളിക്കുന്നു.

നമ്മിൽ സാധാരണയായി കാണപ്പെടുന്ന രണ്ടു ദോഷങ്ങളാണ്‌ മററുള്ളവരുടെ അഭിവൃത്തിയും നല്ലസ്ഥിതിയും കാണുമ്പോഴുണ്ടാകുന്ന അസൂയയും, മററുള്ളവരുടെ സുഖസൗകര്യങ്ങളെയും വികാരങ്ങളെയും ഓർക്കാതെ പറയുവാനും പ്രവൃത്തിക്കുവാനുമുള്ള വാസനയും. എപ്പോഴും നമുക്ക്‌ ദ്രോഹവിചാരം ഒരുത്തന്റെ നേരെയുണ്ടാകുന്നുവോ അപ്പോഴും അതേതരത്തിലുള്ള വിചാരം അവനു നമ്മുടെ നേരെയും ഉണ്ടാകും. അതു്‌ ഇരുകൂട്ടരുടെയും നാശത്തിനിടയാക്കും. സഹകരിക്കുവാനുള്ള സന്നദ്ധതയാണ്‌ സുഖത്തിന്റെ അടിസ്ഥാനം. നമ്മോടു മററുള്ളവർ എങ്ങിനെ പെരുമാറണമെന്നു നാം ആഗ്രഹിക്കുന്നുവോ ആ വിധത്തിൽ നാം അവരോടു പെരുമാറണം.

നമുക്കോരോരുത്തർക്കും ജീവിതത്തിൽ ചില ലക്ഷ്യങ്ങളുണ്ടു്. പരിശ്രമംകൊണ്ടു്‌ എത്തിച്ചേരാവുന്ന ലക്ഷ്യമായിരിക്കണം അതു്. അസാദ്ധ്യവും അപ്രായോഗികവുമായ വെറും മോഹമായിരിക്കരുതു്. ആ ലക്ഷ്യത്തിലെത്താൻ ചില പദ്ധതികളാവിഷ്കരിക്കണം. അതു്‌ നമ്മുടെ കഴിവും പരിതസ്ഥിതികളും പരിഗണിച്ചിട്ടായിരിക്കണം. എന്നിട്ടു്‌ ആത്മവിശ്വാസത്തോടെ പരിശ്രമിക്കുക. മനസ്സിനെ നിയന്ത്രിക്കാതെ ഭാവിയെ നിയന്ത്രിക്കുക സാദ്ധ്യമല്ല.

എതിർപ്പും തെററിദ്ധാരണയും, അർഹിക്കാത്ത അപവാദങ്ങളും, ദയാശൂന്യമായ പെരുമാററവും നമ്മെ ശല്യപ്പെടുത്തുമ്പോഴും ശാന്തമായ മനസ്സോടെ നേരിടുക. എല്ലാ കാര്യങ്ങളിലും ആത്മസംയമനം പാലിക്കാൻ ശ്രദ്ധിക്കണം. ഭയവും സംശയവുമാണ്‌ നമ്മുടെ സൗഖ്യത്തിനും പുരോഗതിക്കും തടസ്സമായി നില്ക്കുന്ന ശത്രുക്കൾ. തളരാത്ത പരിശ്രമത്തോടും പതറാത്ത ഹൃദയത്തോടും ഇളകാത്ത ആത്മവിശ്വാസത്തോടുംകൂടി ദൈനംദിന പ്രശ്നങ്ങളെ നേരിടുക. ജീവിതത്തിൽ പരിപൂർണ്ണമായ പക്വത പ്രാപിക്കേണ്ടതിനു്‌ നാം പ്രയത്നിക്കുവാൻ ഒരുങ്ങണം, സഹകരിക്കുവാൻ തയ്യാറാകണം, സ്നേഹിക്കുവാനും സേവിക്കുവാനും നിരന്തരമായി പരിശ്രമിക്കുവാനും സന്നദ്ധരായിരിക്കണം. സ്വതന്ത്രമായി ചിന്തിക്കുവാനും മററുള്ളവരുടെ അഭിപ്രായങ്ങളെക്കൂടി വിലയിരുത്തി സ്വന്തമായി ഒരു തീരുമാനമെടുക്കുവാനും പരിശീലിക്കണം.

Your gurantee for

Quality Medicines

JAI HIND MEDICAL STORE

KADUTHURUTHY.

# സാഫല്യം

സുധാദേവി ഇ. എൻ.
No: 188

മന്ദമായൊഴുകുന്ന
പുഴതൻ തീരത്തവൾ
മന്ദമായിരുന്നേവം
ചിന്തിച്ചു തുടങ്ങിനാൻ
വിധിയെന്തിനീക്രൂര
ഹസ്തങ്ങൾ നീട്ടി തന്റെ
നിശ്ചലമൊഴുകുന്ന
ജീവിതം തടയുന്നു.
ജീവിച്ചു തുടങ്ങില്ല
തിരുമുൻപു തന്റെ
ജീവൽപ്രാണനെയേതോ
രോഗം വന്നാശ്ലേഷിച്ചു.
അർദ്ധപ്രാണനനായി
ശയിക്കും പ്രിയൻ തന്റെ
സമീപത്തിരുന്നവൾ
ഗദ്ഗദകണ്ഠത്തോടെ
മധുരമായെന്നാലും
കാതരകണ്ഠത്തോടെ
പറഞ്ഞു "കരയേണ്ട,
പ്രിയേ, നീയൊരിക്കലും.
മരിച്ചു കഴിഞ്ഞാലും
എന്നാത്മാവെന്നുമെന്നും
പ്രിയതൻ സാമീപ്യമേ
ആഗ്രഹിക്കുകയുള്ളൂ".
ഈ വിധം പറഞ്ഞിട്ടു
നിന്നില്ലൊരരക്ഷണം
"ദേഹിതൻ ദേഹംവിട്ട്
പരലോകത്തെപ്പൂകി".
ജീവിത നൈരാശ്യത്താൽ
ജീവിതമൊടുക്കുവാൻ
ഭ്രാന്തമായാവേശത്താൽ
മുമ്പോട്ടു നടക്കവേ
പുഴതൻ നടുവിലായ്
കണ്ടു! അവൾതൻ
നിലാവിൻ നിഴലുപോൽ
പ്രിയൻതൻ സ്വരൂപം.
നിനച്ചു നിന്നീലൊട്ടും
എടുത്തുചാടീ വേഗം
സാഫല്യമടഞ്ഞവൾ
പുഴതൻ മടിത്തട്ടിൽ.

—0—

നർമ്മഭാവന

# നക്ഷത്രഫലം

രാധാകൃഷ്ണൻ ഇലഞ്ഞി
Ist P. D. C.

എനിക്ക് സമീപപ്രദേശത്തുനിന്ന് ഇൻറർവ്യൂവിന് കാർഡു വന്നിട്ടുണ്ട്. നല്ലൊരു ജോലി നേടണമെന്ന എൻെറ ആഗ്രഹം താമസിയാതെ സഫലീകരിക്കപ്പെടുമെന്ന് എനിക്കു തോന്നി. വീട്ടിൽ നിന്ന് 5 മൈൽ അകലെയാണ് ഇൻറർവ്യൂ നടക്കുന്ന സ്ഥലം. ബസ്സിൽ പോകുകയാണെങ്കിൽ രണ്ടു വണ്ടികയറണം. രാവിലെ 10.30–നാണ് ഇൻറർവ്യൂ. ജോലിയെപ്പററിയുള്ള സുന്ദരസ്വപ്നങ്ങളോത്ത് ഞാൻ കിടന്നുറങ്ങി.

ജോലിയോടുള്ള അത്യധികമായ ആകാംക്ഷമൂലം ഞാൻ എല്ലാവരെയും വശീകരിക്കുന്ന കുളിർകാററിനെ ശപിച്ചുകൊണ്ട് വളരെ നേരത്തെ എഴുന്നേററു. പോകുമ്പോൾ കൊണ്ടുപോകണ്ടതെല്ലാം നേരത്തെ റെഡിയാക്കിവച്ചിരുന്നു. എഴുന്നേററ ഉടനെ പ്രഭാതകർമ്മങ്ങൾ ചെയ്തു. കുളികഴിച്ചതിനുശേഷം വസ്ത്രധാരണം ചെയ്തു. അതിനുശേഷം ആഹാരം കഴിക്കാൻ തുടങ്ങി. ആഹാരം കഴിച്ചുകൊണ്ടിരുന്നപ്പോൾ അമ്മ പറഞ്ഞു '' മോനേ നിനക്കീയാഴ്ചത്തെ നക്ഷത്രഫലം വളരെ മോശമാണ്. അതിനാൽ ശകുനപ്പിഴകളുണ്ടാകാതിരിക്കാൻ നടന്നു പൊയ്ക്കൊള്ളൂ ''.

''ഓ ഒരു നക്ഷത്രഫലം; ഇതു മുഴുവൻ കള്ളമാണമ്മേ—ഇപ്പോൾ ധാരാളം വണ്ടികളുണ്ടല്ലോ''.

''എങ്കിൽ നിൻെറ ഇഷ്ടംപോലെ''

ഞാൻ അച്ഛനോടുമമ്മയോടും യാത്ര പറഞ്ഞ് അടുത്തുള്ള സ്റ്റോപ്പിലേക്കു നടന്നു. വായിൽ ഈച്ച കേറാതെ വാ അടച്ചുപിടിച്ചുകൊണ്ട് സ്റ്റോപ്പിൽ നിന്നു.

ആദ്യം വന്നത് ഒരു KSRTC ബസ്സാണ്. സ്ത്രീകൾക്കുമാത്രം എന്നെഴുതിയിരുന്നെങ്കിലും അതിലിരുന്ന ചെറുപ്പക്കാരനായ കണ്ണാടിക്കാരൻ ഡ്രൈവറെയും കൊമ്പൻമീശക്കാരൻ കണ്ടക്ടറെയും താടിക്കാരൻ ചെക്കറെയും കണ്ടുകൊണ്ട് കൈ നീട്ടി. കണ്ണാടിക്കാരൻ ഡ്രൈവർ പെണ്ണാണോ എന്നു സൂക്ഷിച്ചുനോക്കി. മീശക്കാരൻ കണ്ടക്ടർ മീശ പിരിച്ചുകാട്ടി. താടിക്കാരൻ ചെക്കർ താടി തടവിക്കാട്ടി. അതിലിരുന്ന കോളേജുകുമാരി അവളുടെ 32–ൽ 38 പല്ലും പുറത്തു കാണിച്ച പരിഹാസത്തിൽ പൊതിഞ്ഞൊരു പുഞ്ചിരി എനിക്കു സമ്മാനിച്ചു കടന്നുപോയി.

അടുത്തതായി വന്നത് ഒരു പ്രൈവററ്വണ്ടി ആയിരുന്നു. പുസ്തകവും പിടിച്ചുകൊണ്ടുള്ള എൻെറ നില്പുകണ്ട് ഒരു വിദ്യാർത്ഥിയാണെന്ന് ധരിച്ചവർ നിർത്താതെ പോയി. ഒന്നു പിഴച്ചാൽ മൂന്നു പിഴക്കുമെന്നാണല്ലോ പ്രമാണം. എൻെറ ഹൃദയ സ്പന്ദനം വളരെ വേഗത്തിലായി. നക്ഷത്രഫലം പ്രാവർത്തികമാകുമോ എന്നോർത്തു ഞാൻ ഭയന്നു വിറച്ചുനിന്നു.

അല്പം കഴിഞ്ഞ് ഒരു സ്റ്റുഡൻസ് വണ്ടിവന്നു. അതു നിർത്തി. ഞാനതിൽ കയറി. മൂന്നു പിഴച്ചില്ലല്ലോ എന്നോർത്തു ഞാൻ സമാധാനിച്ചു. അതിൽ കയറിക്കഴിഞ്ഞപ്പോഴാണ് എൻെറ ശ്വാസം നേരെ വന്നത്. എന്നാൽ അതിലെന്നെ എതി

റോററു് മുദ്രാവാക്യം വിളിയാണു്. എന്നെ കേററിയതിൽ പ്രതിഷേധിച്ചാണെന്നോർത്തു് ഞാൻ പേടിച്ചു. എന്നാൽ കോളേജ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ചാണെന്നറിഞ്ഞപ്പോൾ ആശ്വാസമായി. മൊട്ടത്തലയൻ കണ്ടക്ടറിൽനിന്നു് ടിക്കററെടുത്തു. ചെവി പൊത്തണമെന്നു തോന്നി. എന്നാൽ ചെവി പൊത്തിയില്ല. കണ്ണടച്ചുപിടിച്ചു. മുദ്രാവാക്യം വിളിക്കുമ്പോൾ കൈ കണ്ണിൽകൊള്ളാതിരിക്കാൻ. ഇത്രയുമായപ്പോൾ ഇറങ്ങേണ്ട സ്ഥലമെത്തു അവിടിറങ്ങി.

സ്റ്റോപ്പിൽ കുറെ അധികം സമയം നില്ക്കേണ്ടി വന്നു. അതിനിടയിൽ പല KSRTC വണ്ടികളും കടന്നുപോയി. ഒന്നും നിർത്തിയില്ല. ആളില്ലാതെതന്നെ കടന്നുപോയി. ഒരു പ്രൈവററ് വണ്ടി വന്നു. അതു നിർത്തി. ഞാൻ അതിൽ കയറി. അതിലെന്നെ എതിരേററതു് കണ്ടക്ടറും പാരലൽ കോളേജ് വിദ്യാർത്ഥികളുമായുള്ള വാഗ്വാദവും, പോർവിളികളും അട്ടഹാസങ്ങളും ഭീഷണികളും മററുമാണു്. ഈ ബഹളത്തിനിടയ്ക്കു് ഒരുത്തൻ പറയുന്നതു കേട്ടു പുതിയ നിയമമനുസരിച്ചു് പുതുക്കിയ ചാർജ്ജിന്റെ 50% പാരലൽ കോളേജ് വിദ്യാർത്ഥികൾ നൽകണം എന്നാണു്. അതിനാൽ 5 പൈസ ടിക്കററു തന്നു. ഇതു കേട്ടപ്പോഴും എന്റെ ഹൃദയം മിന്നൽ വേഗത്തിൽ സ്പന്ദിക്കുകയാണു്. ചങ്കിൽ പഞ്ഞിവച്ചാൽ കത്തും. ഇതിനിടക്കു് ''എല്ലാവരും ടിക്കററെടുത്തതിനു ശേഷമേ വണ്ടി പോകുകയുള്ളൂ'' കണ്ടക്ടർ പ്രഖ്യാപിച്ചു. വണ്ടി നിന്നു. ഇനി അഞ്ചു മിനിട്ടു് മാത്രമേയുള്ളൂ ഇന്റർവ്യൂ നടക്കാൻ. കുറെ വാഗ്വാദത്തിനുശേഷം എല്ലാവരും ടിക്കററെടുത്തു, ഞാനും. ഇവന്മാരുടെ അന്ത്യം മരണത്തിലേ കലാശിക്കുകയുള്ളു ഞാൻ വിചാരിച്ചു. ഇത്രയുമായപ്പോൾ വണ്ടി അനങ്ങി തുടങ്ങി. സ്വന്തം വണ്ടിയായതിനാൽ ഡ്രൈവർ പതുക്കെയാണു് ഓടിക്കുന്നതു്. അവനെ തള്ളി താഴെയിട്ടു് സ്വയം വണ്ടി ഓടിക്കാൻ എനിക്കു തോന്നി. വീണ്ടും സമയം നോക്കി, 10.32. നക്ഷത്രഫലം യാഥാർത്ഥ്യമായി തീരുമോ എന്നോർത്തു ഞാൻ പേടിച്ചു വിറച്ചു. പെട്ടെന്നു വണ്ടി ബ്രേക്കുചെയ്തു—വഴിനീളെ കല്ലുകൾ നിരത്തി ഗതാഗത തടസ്സം—ഗവണ്മെന്റിന്റെ അഴിമതിയിൽ പ്രതിഷേധിച്ചു് പ്രതിപക്ഷത്തിന്റെ സമ്മാനം. കേരള ഗതാഗതം ബഹുസുഖം. വേഗം ചാടിയിറങ്ങി ഇന്റർവ്യൂ നടക്കുന്ന കെട്ടിടത്തിനുനേരെ ഓടി. ഇടക്കു് ഒന്നുരണ്ടുതവണ വീണു. അതു കാ

(ശേഷം 18—ാം പേജിൽ)

പോപ്പുലർ ബേക്കറി & ക്രീംബാർ

കറവിലങ്ങാട്

രുചികരമായ ബേക്കറിസാധനങ്ങൾക്കും ടീ പാർട്ടി ഓർഡറുകൾക്കും ഓർമ്മിക്കുക!

പോപ്പുലർ ബേക്കറി ആന്റ് ക്രീം ബാർ

കറവിലങ്ങാട്.

ലേഖനം



# നഷ്ടവസന്തങ്ങൾ

RAJI MATHEWS
III D. C. Ecos.

ഇരുന്നൂറു സംവത്സരങ്ങളിലെ അടിമത്വത്തിനു ശേഷം ഭാരതം സ്വാതന്ത്ര്യത്തിലേയ്ക്കു പ്രവേശിച്ചിട്ട് 34 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. വിദേശ ശക്തിയുടെ നിയന്ത്രണത്തിൽനിന്നും നാം രാഷ്ട്രീയമായി മാത്രമേ സ്വതന്ത്രമായിട്ടുള്ളു എന്നു പറയേണ്ടിയിരിക്കുന്നു. കാരണം ഇന്നും നാം സാമ്പത്തിക—സാമൂഹിക—രാഷ്ട്രീയ തലങ്ങളിൽ മാത്രമല്ല, മാനസികമായി പോലും പാശ്ചാത്യർക്ക് അടിമകളാണ്. പാശ്ചാത്യ ലോകത്തുനിന്നും വന്ന ഏതൊരു വസ്തുവും ആശയവും മേൽത്തരമെന്നു വിശ്വസിക്കുകയും ഭാരതീയമായ ഏതൊന്നിനേയും ചെറുതായി കാണുകയും ചെയ്യുന്നു. നമ്മുടെ ചിന്താസരണികൾ പാശ്ചാത്യ സ്വാധീനത്തിനനുയോജ്യമായി ഒഴുകുവാൻ തുടങ്ങി.

ഇൻഡ്യയുടെ , സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള, കഴിഞ്ഞ 34 വർഷങ്ങളിൽ ദരിദ്രർ കൂടുതൽ ദരിദ്രരാകുകയും ധനികർ കൂടുതൽ ധനികരാകുകയുമാണ് ചെയ്തതു്. ജനങ്ങളിൽ 50% ജീവിക്കുന്നതു് ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ഒരു ദിവസം 93 പൈസയിൽ കൂടുതൽ ചിലവാക്കാൻ കഴിയാത്തവരെയാണ് ദാരിദ്ര്യരേഖയ്ക്കു താഴെയായി പരിഗണിക്കുന്നതു്. ഇത്തരക്കാർ ഏകദേശം 30 കോടി വരും. ഇൻഡ്യയിലെ ജനങ്ങളിൽ 80% വും 6 ലക്ഷത്തോളം വരുന്ന ഗ്രാമങ്ങളിൽ ജീവിക്കുന്നു. അതിനാൽ ഗ്രാമങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം വികസനം നടത്തേണ്ടതു്. ജനസംഖ്യയുടെ 67.4% കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നതിനാൽ കാർഷികരംഗത്തായിരിക്കണം പദ്ധതിച്ചെലവുകളുടെ സിംഹഭാഗവും.

ഏഷ്യയിലെവിടെയുമെന്നതുപോലെ ഇൻഡ്യയിലും മനുഷ്യ ശക്തിയ്ക്കാണ് മുൻതൂക്കം. ജനസംഖ്യ വളരെ കൂടുതലാണ്. പ്രകൃതി വിഭവങ്ങൾ സുലഭവും. കാർഷിക വ്യവസായിക രംഗങ്ങളിൽ യന്ത്രങ്ങൾ ഉപയോഗിച്ചുതുടങ്ങിയതിനാൽ മനുഷ്യശക്തി അവഗണിക്കപ്പെട്ടു. തൽഫലമായി തൊഴിലില്ലായ്മ, വിലക്കയററം, ക്ഷുദ്രവാസനകൾ, ദാരിദ്ര്യം, സ്വേച്ഛാധിപത്യ പ്രവണതകൾ എന്നിവയെല്ലാം നടമാടാൻ തുടങ്ങി.

കെയിൻസിന്റെ സാമ്പത്തിക ശാസ്ത്രത്തെ അടിസ്ഥാനമാക്കി ഒന്നാം പദ്ധതിമുതൽ നാലാം പദ്ധതിവരെ തയ്യാറാക്കി. ഈ പദ്ധതികളുടെ പരാജയം അവികസിത സമ്പദ്ഘടനയിൽ കെയിൻ

സിന്റെ സിദ്ധാന്തങ്ങൾ അപ്രായോഗിക മാണെന്നു തെളിയിച്ചു. സാമ്പത്തിക പുരോഗതി ഉണ്ടാകുമ്പോൾ, തൊഴിലവസരങ്ങൾ താനേ ഉണ്ടായിക്കൊള്ളും എന്നായിരുന്നു ഒന്നാം പദ്ധതിയിലെ കണക്കുകൂട്ടൽ. പക്ഷേ, ഈ കണക്കുകൂട്ടൽ പരാജയമായിരുന്നു. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ തൊഴിലില്ലായ്മ പരിഹരിക്കുവാൻ, നാല് അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്നായി പരിഗണിക്കപ്പെട്ടു. ഈ പദ്ധതി ആരംഭിക്കുമ്പോൾ, 53 ലക്ഷം തൊഴിൽ രഹിതർ ഉണ്ടായിരുന്നു. തൊഴിൽ നിലവാരം കൂടുതൽ മോശമാകാതിരിക്കുവാൻ ശ്രദ്ധിച്ചുവെങ്കിലും ലക്ഷ്യം നിറവേറിയില്ല. മൂന്നാം പഞ്ചവത്സര പദ്ധതിയിൽ ചൂണ്ടിക്കാണിച്ചതു് വികസനം വളരെയേറെ മുമ്പോട്ടുകൊണ്ടുപോയാൽ മാത്രമേ മനുഷ്യശക്തിയെ മുഴുവനും സമാഹരിക്കുവാൻ കഴിയൂ.

---

## നക്ഷത്രഫലം

(16-ാം പേജിൽനിന്നും തുടർച്ച)

ര്യമാക്കിയില്ല. ചോരയും ഒലിപ്പിച്ചുകൊണ്ടു് ഓടി ഇൻർവ്യൂ നടക്കുന്ന കെട്ടിടത്തിനടുത്തുചെന്നു് വാച്ചിലേക്കു നോക്കി. സമയം 10.35 കഴിഞ്ഞു് 15 സെക്കൻറ്. അവിടെ കാവൽ നിൽക്കുന്ന ആൾ ചോദിച്ചു 'എന്താ ഇൻർവ്യൂവിനു് വന്നതാണോ?'

''അതെ സാർ''

''സമയം കഴിഞ്ഞിരിക്കുന്നു''.

''അങ്ങനെ പറയരുതു് സാർ''

''യു ക്യാൻ ഗോ, യു നോ ടൈം ഇസ് പ്രഷിയസ്''

എന്നെ വിയർത്തു. ചോരയും വിയർപ്പും ഒരുമിച്ചുചേർന്നു് ഒഴുകി തിരിച്ചുനടക്കാൻ തുടങ്ങിയ ഞാൻ സ്വയം പറഞ്ഞു. നക്ഷത്രഫലം മോശം. വീണ്ടും ഞാൻ ഉരുവിട്ടു.

''നക്ഷത്രഫലം, നക്ഷത്രഫലം......''

–0–

നാലാം പഞ്ചവത്സരപദ്ധതിയുടെ ആരംഭത്തിൽ തൊഴിലില്ലാത്തവർ 1 കോടി 60 ലക്ഷമായിരുന്നുവെങ്കിൽ, പദ്ധതി അവസാനിച്ചപ്പോൾ, 2 കോടി 30 ലക്ഷംകൂടി വർദ്ധിക്കുകയും അങ്ങനെ ആകെ 3 കോടി 90 ലക്ഷമാകുകയും ചെയ്തു. എന്നാൽ അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം ദാരിദ്ര്യ നിർമ്മാർജ്ജനവും സ്വയം പര്യാപ്തത നേടലുമായിരുന്നു. ഈ പദ്ധതിയിൽ മാത്രമാണു് ബാങ്കുകളോടും ഇതര സ്ഥാപനങ്ങളോടും, ഗ്രാമീണ മേഖലയെ സഹായിക്കുവാൻ ആവശ്യപ്പെട്ടതു്.

1973–മേയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഭഗവതി കമ്മിററി റിപ്പോർട്ടനുസരിച്ചു് 10 കോടി 87 ലക്ഷം തൊഴിൽ രഹിതരുണ്ടു്. 1972–73–ൽ നടത്തിയ നാഷണൽ സാമ്പിൾ സർവ്വേ അനുസരിച്ചു് 717 ലക്ഷം ജനങ്ങൾക്കു് ഫലപ്രദമായ തൊഴിൽ ഇല്ല. 'ഗ്രാമീണ തൊഴിൽ പദ്ധതി', ഗ്രാമീണ തൊഴിൽ ദായക ക്രാഷ് പദ്ധതി', 'വരൾച്ച ബാധിക്കാവുന്ന പ്രദേശങ്ങൾക്കുള്ള പ്രത്യേക പദ്ധതി'...എന്നിങ്ങനെ പല പേരുകളിൽ പല പദ്ധതികൾ പരീക്ഷിക്കപ്പെട്ടുവെങ്കിലും എല്ലാം പരാജയപ്പെടുകയാണു് ചെയ്തതു്. കൂടുതൽ തൊഴിൽ നൽകാൻ പര്യാപ്തമായ ഏർപ്പാടാണു് കാർഷികവൃത്തി. ഉല്പാദനം 1% വർദ്ധിപ്പിക്കണമെങ്കിൽ 8% പേർ കൂടുതൽ ആവശ്യമായിവരും. 1947 മുതൽ പ്രതിവർഷം കാർഷികോല്പാദനത്തിൽ 2.5% വർദ്ധനവുണ്ടു്. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനുതകിയ കാർഷിക പുരോഗതി നാം കൈവരിച്ചിട്ടില്ല എന്നതൊരു യാഥാർത്ഥ്യമാണു്.

1977 നവംബർ 26–ാം തീയതി കേന്ദ്ര തൊഴിൽ മന്ത്രി ലോകസഭയിൽ വെളിപ്പെടുത്തിയതു് 53 ലക്ഷം രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതർ ഉണ്ടെന്നാണു്. പേരു രജിസ്റ്റർ ചെയ്യാത്തവരും മററു തരത്തിൽ പരോക്ഷമായ തൊഴിലില്ലാത്തവരുടേയും കണക്കുകൾ ഇതിലുൾപ്പെടുന്നില്ല. രാജ്യത്തെ അണ്ടറു് എംപ്ലോയ്മെൻറ്

എക്സ്ചേഞ്ചുകളിലെ കണക്കുകൾ താഴെ കാണുന്നവിധത്തിലാണു്.

1971 — 59 ലക്ഷം
1972 — 77 ,,
1973 — 84 ,,
1975 — 93 ,,
1976 — 97 ,,

1976 ജൂലൈയിൽ രാജ്യത്തെ വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ എണ്ണം 97.4 ലക്ഷമാണു്. 1961 മുതൽ രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം പ്രതിവർഷം 12% വർദ്ധിച്ചുവന്നിരുന്നു. ഇതിൽനിന്നും മനസ്സിലാക്കാവുന്നതു് ഒരു വർഷം 7 ലക്ഷം ആളുകൾവീതം തൊഴിൽരഹിതരുടെ ഗണത്തിലേയ്ക്കു മാറുന്നുവെന്നാണു്. ഡോ. കെ. എൻ. രാജിന്റെ അഭിപ്രായമനുസരിച്ച് ഇൻഡ്യൻ പ്ലാനിംഗിന്റെ ഏററവും ദുർബല വശം തൊഴിൽ പ്ലാനിംഗ് ആണു്. രൂക്ഷമായ തൊഴിലില്ലായ്മ പ്ലാനിംഗ് പരാജയത്തിന്റെ പ്രതിഫലനമാണു്.

പത്തുലക്ഷം രൂപയിൽ കുറഞ്ഞ മൂലധനം മുടക്കിയിട്ടുള്ള വ്യവസായമോ, പതിനഞ്ചുലക്ഷം രൂപയിൽ കുറഞ്ഞു മുതൽമുടക്കുള്ള അനുബന്ധ വ്യവസായമോ ആണു് ചെറുകിട വ്യവസായമായി കണക്കാക്കപ്പെടുന്നതു്. എന്നാലിവിടത്തെ ചെറുകിട വ്യവസായ യൂണിററുകളിൽ 83% ഒരു ലക്ഷം രൂപയിൽ കുറഞ്ഞ മൂലധനം മുടക്കിയിട്ടുള്ളതാണു്. 67% ത്തിന്റേയും മൂലധന നിക്ഷേപം അര ലക്ഷം രൂപയിൽ താഴെയാണു്. ഈ യൂണിററുകളുടെ നിലനില്പുതന്നെ ഇപ്പോൾ വളരെ പരുങ്ങലിലാണു്. സാങ്കേതികനില മെച്ചപ്പെടുത്തുവാനുമിവയ്ക്കു വളരെ വിഷമമാണു്. ചെറുകിട വ്യവസായങ്ങൾക്കനുവദിച്ച വായ്പ അടുത്ത കാലത്തു് വെട്ടിച്ചുരുക്കി. വിദ്യുച്ഛക്തി വിതരണത്തിലുണ്ടായ വെട്ടിക്കുറവാണു് അടുത്ത പ്രശ്നം. മഹാരാഷ്ട്രയിലെ താന ഇൻഡസ്ട്രിയൽ എസ്റ്റേററിൽ 190 കിലോവാട്ട് വിദ്യുച്ഛക്തി ആവശ്യമാണു്. എന്നാൽ നൽകുന്നതു് കേവലം 118 കിലോവാട്ട് മാത്രമാണു്.

ഇപ്പോൾ, 2400 ഉല്പന്നങ്ങൾ ചെറുകിട മേഖലയിൽ ഉല്പാദിപ്പിക്കുന്നുണ്ടു്. ഇതിന്റെ മൊത്തം മൂല്യം 5700 കോടി രൂപ വരും. സ്വകാര്യ മേഖലയിലെ മൊത്തം ഉല്പാദനത്തിന്റെ 40% ചെറുകിട മേഖലയാണു്.

സമതുലിതാവസ്ഥ നിലനിർത്തുന്നതിനുവേണ്ടി, സമ്പദ്ഘടനയിലെ വിവിധ മേഖലകളും പ്രദേശങ്ങളും പരസ്പര പൂരകങ്ങളായി പ്രവൃത്തിക്കേണ്ടതുണ്ടു്. ദേശീയ മിനിമം വേജസ് നിയമനിർമ്മാണം നമ്മുടെ സമ്പദ് വ്യവസ്ഥയുടെ അസന്തുലിതാവസ്ഥ മാററുവാൻ ആവശ്യമാണു്.

ജവഹർലാൽ നെഹ്റുവിന്റെ 'വ്യവസായവല്ക്കരിക്കുക അല്ലെങ്കിൽ നശിക്കുക' എന്ന മുദ്രാവാക്യമനുസരിച്ച് വൻകിട വ്യവസായങ്ങൾക്കു് പ്രാധാന്യം കൊടുത്തുതുടങ്ങി. ചെറുകിട വ്യവസായങ്ങളെ തഴഞ്ഞുകൊണ്ടുള്ള ഈ നയം പല കുഴപ്പങ്ങൾക്കും കാരണമായി. വൻകിട വ്യവസായങ്ങളുടെ അഭിവൃദ്ധികൊണ്ടുമാത്രം രാഷ്ട്രത്തിലെ ജീവിതനിലവാരം ഉയരണമെന്നില്ല. കാർഷികവൃത്തിയിൽനിന്നും എത്രത്തോളം ആളുകളെ വ്യവസായിക രംഗത്തേക്കു മാററുവാൻ കഴിയുമോ, അതിനെ ആശ്രയിച്ചാണു് ജീവിതനിലവാരം ഉയരുന്നതു്. കാർഷികവൃത്തിയിൽനിന്നും ആളുകളെ മാററണമെങ്കിൽ കാർഷികോല്പാദനം വർദ്ധിപ്പിക്കണം. എന്നാൽ കാർഷിക രാജ്യമായ ഇൻഡ്യയ്ക്കു്, കാർഷിക മുന്നേററത്തിനായി, വ്യവസായവല്ക്കരണം നിർത്തിവയ്ക്കുവാൻ സാദ്ധ്യമല്ല. കൃഷിയും വ്യവസായവും പരസ്പര പൂരകങ്ങളായതിനാൽ രണ്ടിനും മുൻഗണന നല്കേണ്ടതുണ്ടു്.

പാശ്ചാത്യ സാങ്കേതിക വിജ്ഞാനത്തിലധിഷ്ഠിതമായ കാർഷിക വ്യവസായികനയം ഇന്ത്യയിൽ പരാജയപ്പെട്ടതി

(ശേഷം 21—ാം പേജിൽ)

## ചെറുകഥ



BEENA JOSE C.
I P. D. C.

അയാൾ അപ്പോഴും കിടക്കുകയായിരുന്നു. ജനൽ കർട്ടനുകൾക്കിടയിലൂടെ, താഴെ വെയിൽ നാളങ്ങൾ സൃഷ്ടിക്കുന്ന അവ്യക്ത രൂപങ്ങളേയും നോക്കി.

മണിക്കൂറുകൾ,

ദിവസങ്ങൾ,

ആഴ്ചകൾ,

മാസങ്ങൾ,

എന്നിട്ടും ഈ കാഴ്ച മാത്രം കണ്ടുകൊണ്ട്, ഈ അവ്യക്തചിത്രങ്ങൾ മാത്രം ദർശിച്ചുകൊണ്ട് ആ ബഡിൽ, ആ വലിയ മുറിയിൽ അയാൾ ഇപ്പോഴും വിശ്രമിക്കുന്നു. ആദ്യമായി ആ മുറിയിലേയ്ക്ക് കടന്നുവന്നപ്പോൾ, മരുന്നുകളുടേയും ലോഷൻേറയും മനം മടുപ്പിക്കുന്ന ഗന്ധം ശ്വാസ കോശങ്ങളിലേയ്ക്ക് ചൂഴ്ന്നിറങ്ങിയപ്പോൾ ശർദ്ദിക്കുന്നമെന്നുതോന്നി.

''......സാരമില്ല, ഒന്നുരണ്ടു ദിവസത്തേക്കേ വിഷമമുള്ളു......പിന്നെ അങ്ങു മാറിക്കൊള്ളും.......'' പുറം തടവുന്നതിനിടയിൽ സിസ്റ്റർ ജയിൻ പറയുന്നതു കേട്ടു.

പിന്നീടൊന്നും അറിഞ്ഞില്ല.

ഏതാനും ദിവസങ്ങൾക്കുശേഷം എല്ലാം ഒന്നൊന്നായി മനസ്സിലായി. പക്ഷെ......മിസ്റ്റർ ആൽബർട്ട്! നീ എന്നെ ഇവിടെ എത്തിക്കരുതായിരുന്നു. അതിൻെറ ആവശ്യമില്ലായിരുന്നു. എന്നോട് അല്പമെങ്കിലും സ്നേഹം നിനക്ക് ഉണ്ടായിരുന്നെങ്കിൽ നീ എന്നെ ഇവിടെ എത്തിക്കരുതായിരുന്നു. കാരണം നിന്നോടു വിട പറയാൻ, രഹസ്യമായി ഞാൻ ആഗ്രഹിച്ചിരുന്നു. നീ സമ്മതിച്ചില്ല. നീ എന്തിനു വേണ്ടി ഇത്രയും കഷ്ടപ്പാടും ബുദ്ധിമുട്ടും സഹിക്കുന്നു.

എൻെറ ജീവിതത്തിൻെറ താളലയങ്ങൾ എനിക്കു വിപരീതമായി എന്നെ മറികടക്കുന്നു. ഞാൻ ഒന്നും നേടിയിട്ടില്ല. അഥവാ നേടാൻ ശ്രമിച്ചിട്ടുമില്ല. എൻെറ ചെയ്തികളുടെ അവസാനങ്ങളിൽ, ഞാൻ മോചിതനായപ്പോൾ എൻേറതെന്നു പറയുന്നതെല്ലാം എനിക്കു നഷ്ടപ്പെട്ടു. ഞാൻ ഒരു പ്രതിഭാസമായിത്തീരുന്നു. എൻെറ പകലുകളുടെ ദൈർഘ്യം കുറഞ്ഞുകുറഞ്ഞ് ഇവിടെ ഇരുളുന്നു.

എണീക്കാൻ ശ്രമിച്ചു. പറ്റുന്നില്ല. എങ്കിലും എണീററു. നീണ്ട കുപ്പായത്തിൻെറ കൈകൾ മേലോട്ട് ചുരുട്ടിക്കയററി. ജാലകത്തിനടുത്തേയ്ക്കു നീങ്ങി, അഴികളിൽ മുഖമമർത്തി അങ്ങ് വിദൂരതയിലേയ്ക്ക് നോക്കി: ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന ഒരു കുററവാളിയെപ്പോലെ തോന്നി.

ഇവിടെ, ഈ തടവറയിൽ.

ഈ ഏകാന്തതയുടെ തടങ്കൽ പാളയങ്ങളിൽ

ഞാൻ ഏകൻ.

സ്വന്തക്കാരില്ല. ബന്ധുക്കളില്ല, ബന്ധങ്ങളില്ല.

ബന്ധങ്ങൾ ബന്ധനങ്ങളായി മാറി.

ആൽബർട്ട്— നീയൊഴികെ, നീ ഏർപ്പെടുത്തിത്തന്ന സിസ്റ്റർ ജെയിൻ ഷെ

കെ! കുട്ടിക്കാലത്ത് 'മഞ്ഞത്തുമ്പികളെ പിടിച്ച് വാലിൽ ചരടുകെട്ടി പറപ്പിക്കുമ്പോഴും, ആൽ മരത്തിൽനിന്നും ഉതിർന്നു വീഴുന്ന ഇലകൾ നിലം പതിയാതെ പിടിച്ചെടുത്ത് പുസ്തകത്താളുകൾക്കിടയിൽ വയ്ക്കുമ്പോഴും ആഗ്രഹിച്ചിരുന്നത് എപ്പോഴും ഉല്ലാസവാനായിരിക്കണമെന്നായിരുന്നു.

ഇപ്പോൾ,
ഇവിടെ,
എനിക്കുമുന്നിൽ,

എന്റെ മനസ്സിന്റെ ചിതയിൽ എന്റെ അഭിലാഷങ്ങൾ എരിഞ്ഞടങ്ങി രൂപാന്തരം പ്രാപിക്കുന്നു.

ഞാൻ വീണ്ടും ഓർത്തു:

പഠിപ്പുകഴിഞ്ഞ് നീണ്ട കാത്തിരിപ്പിനുശേഷം ഒരു ജോലി കിട്ടി. ആവശ്യത്തിനുമാത്രം ചിലവുചെയ്ത് ബാക്കി തുക വീട്ടിലേയ്ക്ക് അയയ്ക്കുമ്പോൾ മനസ്സിന്റെ മറ്റൊരു കോണിൽ സെലിൻ എന്ന പെൺകുട്ടിയുടെ രൂപമായിരുന്നു തെളിഞ്ഞിരുന്നത്.

ആ രൂപം അന്നെന്റെ ആവേശമായിരുന്നു. ചൈതന്യമായിരുന്നു. എനിക്ക് ഏറ്റവും രഹസ്യമായ എന്റെ സ്വകാര്യ സ്വപ്നമായിരുന്നു.

മാസങ്ങളുടെ ചലനങ്ങളിൽ,
ആവശ്യങ്ങളുടെ പട്ടിക നീണ്ടപ്പോൾ,
മംഗളകർമ്മങ്ങൾ നടത്തേണ്ടി വന്നപ്പോൾ—

സുഹൃത്തുക്കളുടെ മുന്നിൽ കൈനീട്ടി.
തന്നു. വാങ്ങിച്ചു. കിട്ടാവുന്നിടത്തോളം ശേഖരിച്ചു.

ആവർത്തനങ്ങളുടെ പ്രക്രിയ എന്നെ ഞാനല്ലാതാക്കി.

ഒടുവിൽ,
കടമായപ്പോൾ,
ബാദ്ധ്യതകളായപ്പോൾ,
അവസാനം ഒരു തീരുമാനം എടുത്തു.

''......നിങ്ങൾക്ക് ഭ്രാന്താണ്......''
''......നിനക്ക് അങ്ങനെയാണോ തോന്നുന്നത്......''
......''അല്ലെങ്കിൽ പിന്നെ ഇങ്ങനെ...''
''...നീ ഒരുവശംമാത്രം ചിന്തിക്കുന്നു...''
''.....നിങ്ങൾ മറുവശത്തെക്കുറിച്ച് ബോധവാനല്ല.....''

''...പക്ഷെ ഒരുകാര്യം ശരിയല്ലേ? ...എന്റെ ചങ്ങലകൾ ഇവിടെ പൊട്ടി അടർന്നു വീണില്ലേ?......''
''...വീണു...കൂട്ടത്തിൽ നിങ്ങളും...''
''...സെലിൻ...''

നീ അതു പറയരുതായിരുന്നു. എനിക്കുവേണ്ടി, അല്ല നമുക്കുവേണ്ടിയല്ലേ ഞാനതു് ചെയ്തതു്. നിന്റെ സഹകരണം ഞാൻ പ്രതീക്ഷിച്ചിരുന്നു.

ഇപ്പോൾ ഞാനെന്റെ തെറ്റിനെക്കുറിച്ച് ബോധവാനായി. പക്ഷെ ഞാൻ

---

# നഷ്ടവസന്തങ്ങൾ

(19—ാം പേജിൽനിന്നും തുടർച്ച)

ന്റെ കാരണം ഇന്ത്യയിലെ സാമൂഹിക സാമ്പത്തിക സ്ഥിതിഗതികൾ പഠിക്കാതെ പാശ്ചാത്യ മാതൃകകൾ സ്വീകരിച്ചതാണ്. സ്വാതന്ത്ര്യലബ്ധിക്കു മുൻപുള്ള ഇൻഡ്യയിൽ ഫ്യൂഡൽ കൊളോണിയൽ ഘടന ഒരു യാഥാർത്ഥ്യമായിരുന്നു. ജന്മിത്വം ഇല്ലായ്മ ചെയ്യുവാൻ ചില നടപടികൾ എടുത്തിരുന്നുവെങ്കിലും ഇതോടൊപ്പം തന്നെ വൻകിട വ്യവസായങ്ങളുടെ സ്ഥാപനത്തിനായി വൻ മുതൽ മുടക്കുകയും ചെയ്തു. ഇതേ സമയം ഗ്രാമങ്ങളിലെ സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടർന്നുകൊണ്ടുമിരുന്നു. ഈ സ്ഥിതിവിശേഷം ധനികരെ കൂടുതൽ ധനികരാക്കുകയും ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുകയും ചെയ്തു. ഇങ്ങനെ സാമൂഹിക സാമ്പത്തിക ഉച്ചനീചത്വങ്ങൾ വർദ്ധിക്കുകയും സാമ്പത്തിക പുരോഗതി മന്ദഗതിയിലാകുകയും ചെയ്തു.

—0—

തോററിട്ടില്ല. തോല്ക്കുകയുമില്ല. തോൽവി ഞാൻ സമ്മതിക്കില്ല. തോൽവി സമ്മതിച്ച് അടിയറവു പറയാൻ ഞാൻ തയ്യാറല്ല. പിന്നീട്

ആഴ്ചകൾക്കുശേഷം അനന്തമായ ദീനദയാലുത്വത്തിന്റെ വേലിയേററത്തിൽ ഞാൻ മുങ്ങിപ്പൊങ്ങുമ്പോൾ അവരും എന്നിൽ നിന്നും അകന്ന് അകലങ്ങളിൽ അഭയം പ്രാപിക്കുന്നതു് ഞാൻ കണ്ടു.

പിന്നീട് ഒരു മാററത്തിന്റെ കാലമായിരുന്നു......................

ഓഫീസ് മുററത്തെ ക്രോമോൺ ചെടികൾ പലപ്രാവശ്യം പൂത്തുതളിർത്തു് ഞാനറിഞ്ഞില്ല. എന്റെ നെററിത്തടത്തിന് വ്യാസം കൂടുന്നതു് ഞാൻ അറിഞ്ഞില്ല.

ഒരിക്കൽ സഹപ്രവർത്തകരിൽ ആരോ പറയുന്നതു കേട്ടു

''അവനു ഭ്രാന്താണു്...''

അവന്റെ കരണത്തു് ആഞ്ഞടിക്കുവാൻ കൈയോങ്ങി.

ആൽബർട്ട് തടഞ്ഞു.

ഓ ആൽബർട്ട്—എന്റെ പ്രിയപ്പെട്ട ആൽബർട്ട് നീ ഇപ്പോൾ എവിടെയാണ്. ഇവിടെ ഞാൻ നിന്നെത്തിരയുന്നു.

ഈ ഏകാന്തതയിൽ,
ഈ ഇരുട്ടിൽ,
എനിക്കു നിന്നെ കാണണം. ഞാൻ നിന്റെ അടുക്കലായിരുന്നപ്പോൾ നീ എനിക്കൊരു സഹായമായിരുന്നു. മററുള്ളവരേക്കാൾ നിന്നെ ഞാൻ ഭയപ്പെടുന്നു. ബഹുമാനിക്കുന്നു. സ്നേഹിക്കുന്നു.

നീ എത്രമാത്രം നല്ലവനാണ്, പരോപകാരിയാണ്, എന്റെ ഇരുളടഞ്ഞ പകലുകളിൽ, ശപിക്കപ്പെട്ട രാവുകളിൽ, എന്നെ സഹായിക്കുവാനായി, എന്നെ ശുശ്രൂഷിക്കുവാനായി—എന്നെ ഞാനാക്കുവാനായി സിസ്റ്റർ ജയിനെ നീ പരിചയപ്പെടുത്തിത്തന്നു. ഒരർത്ഥത്തിൽ ജെയിൻ നിന്റെ ഒരു പ്രതിബിംബമാണ്. ഞാൻ ഉറങ്ങുമ്പോഴും, ഉണർന്നു കിടക്കുമ്പോഴും ഒരു നിഴൽപോലെ—എന്റെ സ്വന്തം നിഴൽപോലെ അവർ എന്നെ പിൻതുടരുന്നു. എനിക്കു് തലചുററുമ്പോൾ, തലചുററി ഞാൻ മയങ്ങുമ്പോൾ, മയങ്ങുന്നതിനിടയിൽ ഞാൻ കിതക്കുമ്പോൾ, കിതച്ച്, തളർന്ന്

ഞാൻ അവശനാകുമ്പോൾ

ഒരു പിഞ്ചുകുഞ്ഞിനെപ്പോലെ—സ്വന്തം കുഞ്ഞിനെപ്പോലെ അവർ എന്നെ മടിയിലിരുത്തി സാന്ത്വനിപ്പിക്കുന്നു.

എനിക്കു വിശക്കുമ്പോൾ,

**ഇലക്കാട് സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം) നമ്പർ 3556**

ഹെഡ്ഓഫീസ് മരങ്ങാട്ടുപിള്ളി. ഫോൺ: 40

ബ്രാഞ്ചുകൾ; കുര്യനാട് (ഫോൺ: 76), കറിച്ചിത്താനം (ഫോൺ: 90)

അംഗങ്ങൾ 5850, ഓഹരിമൂലധനം 13.30,000 രൂ.
നിക്ഷേപങ്ങൾ 67,00,000 രൂ. നിൽപു വായ്പകൾ 1,00,80,000രൂ.

ആകർഷണീയമായ പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
കാർഷിക, കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നു.

ഇ. ജെ. ആഗസ്റ്റി (പ്രസിഡന്റ്)
വി. എസ് ഗോപാലൻനായർ (സെക്രട്ടറി)

ചെറിയ കഷണങ്ങളാക്കിയ റൊട്ടി പാലിൽ മുക്കി ചുണ്ടിൽ വിരിയുന്ന പുഞ്ചിരിയുമായി എനിയ്ക്കു തരുന്നു.

എനിക്കു ദാഹിയ്ക്കുമ്പോഴും ഗ്ലൂക്കോസും, ബാർളി വെള്ളവും തരുന്നു.

ഡോക്ടറുടെ മുന്നിൽ, എനിയ്ക്കുവേണ്ടി, എന്നേക്കാളുപരിയായി, എന്റെ രോഗങ്ങൾ പറയുന്നു.

പറയൂ ആൽബർട്ട് എനിയ്ക്കൊന്നും മനസ്സിലാകുന്നില്ല. അവർ എന്തിനു് ഇതൊക്കെ ചെയ്യുന്നു. അഥവാ നീ ഇതൊക്കെ ചെയ്യിക്കുന്നു. ഞാനും നീയും തമ്മിലുള്ള ബന്ധം? നീയും അവരും തമ്മിൽ?.... നിന്നെ ഞാൻ അപൂർവ്വം ചില സമയങ്ങളിൽ സഹായിച്ചിട്ടുണ്ടു്. അതിനു് നീ ഇത്രമാത്രം ത്യാഗം ചെയ്യണോ? നീ ആ പെൺകുട്ടിയെ ഇത്രമാത്രം കഷ്ടപ്പെടുത്തണോ?......

എന്നാലും അവർ അതുമാത്രം—എനിയ്ക്കു് എന്താണെന്നു്—എന്റെ രോഗമെന്താണെന്നു്. അതുമാത്രം അവർ പറയുന്നില്ല. ഞാൻ പലപ്രാവശ്യം അതേക്കുറിച്ചു സംസാരിച്ചു.

അവർ ഒഴിഞ്ഞുമാറുന്നു.

അവസാനം ഇന്നലെ ഞാൻ കേട്ടു.

എന്നെക്കാണാൻ വന്ന, എന്റെ ഒരു അകന്ന ബന്ധുവിനോടു് രഹസ്യമായി പറയുന്നതു്.

......''ഹി യീസ്സ് ഹാവിംങ്ങ് ലുക്കീമിയ''......

ഞാൻ പൊട്ടിച്ചിരിച്ചു. ഉറക്കെയുറക്കെ ചിരിച്ചു. വീണ്ടും വീണ്ടും ചിരിച്ചു അണപൊട്ടി ഒഴുകിവന്ന എന്റെ ചിരിയെ നിയന്ത്രിക്കാൻ എനിയ്ക്കു് നന്നേ പാടുപെടേണ്ടിവന്നു. അവസാനം ഞാൻ മയങ്ങി, തളർന്നുവീണു. ബഡ്ഡിൽ കിടന്നു പിടഞ്ഞു.

എന്റെ ഓപ്പറേഷൻ നാളെയാണു്. നീ വരുമോ?

എനിയ്ക്കു പേടിയായിട്ടല്ല. ഞാൻ ഇപ്പോഴും കൂടുതൽ ഉന്മേഷവാനാണു്.

എന്നിരുന്നാലും നിന്നെ കാണണം. ജെയിൻ ഇപ്പോഴും ഓപ്പറേഷൻ തിയ്യേററിൽ എനിയ്ക്കുവേണ്ടി എല്ലാ ഒരുക്കങ്ങളും നടത്തുകയാണു്. അവർ ഇപ്പോഴും വരും. ഞാൻ ആളയച്ചിട്ടുണ്ടു്. നീ വരുമെന്നു് എനിയ്ക്കറിയാം. നിങ്ങളെ രണ്ടാളേയും എനിയ്ക്കു കാണണം. നീ വരണം വരാതിരിക്കരുതു്.

ആ ഒരു ദിവസം അവിടെ അവസാനിച്ചു.

പിറേറദിവസം രാവിലെ സ്ട്രെച്ചറുമായി ജെയിനും ഏതാനും ചില സിസ്റ്റർമാരും അയാളുടെ മുറിയിലെത്തി.

അയാളുടെ ബഢ് ശൂന്യമായിരുന്നു.


## കുറവിലങ്ങാട് സർവീസ് സഹകരണബാങ്ക്

**ക്ലിപ്തം നമ്പർ 1049-കുറവിലങ്ങാട്.**

**H. O. കുറവിലങ്ങാട്,** **ബ്രാഞ്ച് നസ്രത്തുഹിൽ.**

ഫോൺ നമ്പർ: 47

അംഗങ്ങൾ — 4723

ഓഹരി മൂലധനം 8 ലക്ഷം രൂ. നിക്ഷേപങ്ങൾ 24 ലക്ഷം രൂ.

നിൽപു വായ്പകൾ 62 ലക്ഷം രൂ. പ്രവർത്തന മൂലധനം 67 ലക്ഷം രൂ.

ഒ. എം. ജോസഫ് (സെക്രട്ടറി) പി. ഡി. പോൾ (പ്രസിഡന്റ്)

ലേഖനം




റജീന പെട്ടയ്ക്കാട്ട്
II Bcom. No. 402

"കാര്യേഷു മന്ത്രി
കരണേഷു ദാസി
രൂപേഷു ലക്ഷ്മി
ക്ഷമയാൽ ധരിത്രി
സ്നേഹേഷു മാതാ
ശയനേഷു വേശ്യ
സൽക്കർമ്മ നാരി
കുലധർമ്മ പത്നി"

"സ്ത്രീ" എന്ന വാക്കിന്ന് ആരും അത്ര പ്രാധാന്യം കല്പിക്കാറില്ലെങ്കിലും സ്ത്രീക്ക് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഓരോരുത്തരും അറിയേണ്ടതാണ്. ഭാരത സംസ്കാരം കാത്തുസൂക്ഷിക്കുവാൻ ഓരോ പെൺകുട്ടിയും തയ്യാറാകണം. ലക്ഷ്യബോധവും ആദർശനിഷ്ഠയുമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കണമെങ്കിൽ ഓരോ പെൺകുട്ടിയും താൻ ഒരു അമ്മയാണ് എന്ന ഉത്തമ ബോധത്തോടുകൂടി ജീവിക്കണം. "ഒരു മഹാൻ ജനിക്കുന്നത് ഒരു പെൺകുട്ടിയുടെ ഹൃദയത്തിലാണ്, അമ്മയുടെ ഉദരത്തിലല്ല" നെപ്പോളിയന്റെ വാക്കുകളാണിവ. ആർഷസംസ്കാരം കാത്തുസൂക്ഷിക്കുന്നത് ഒരു മഹാനാണെങ്കിൽ, ഒരു പൗരനാണെങ്കിൽ അവന് ജന്മം നൽകുന്നത്, അല്ലെങ്കിൽ അവനെ ഒരു പൗരനാക്കുന്നത് അവന് ജന്മം നൽകിയ, പോററിയ 'അമ്മ'യെന്ന 'സ്ത്രീ'യാണ്. ഒരു വ്യക്തി മഹാനെന്നഭിമാനിക്കുമ്പോഴും അവനോർക്കണം. 'എന്നെ മഹാനാക്കിയ എന്റെ അമ്മ'. ഓരോ സ്ത്രീയും ഓരോ കലാകാരിയാണ്. സ്വയം രൂപീകരിച്ചുകൊണ്ട് അവൾ ലോകത്തെ രൂപീകരിക്കുന്നു. അവളുടെ കയ്യിലെ അസംസ്കൃതവസ്തുവാണ് പുരുഷൻ. "Man is an animal tained by woman". ലോകത്തെ ശുദ്ധീകരിക്കുവാനുള്ള അവസാനത്തെ അഗ്നി അതാണ് സ്ത്രീ.

ഭാരതത്തിലെ കുടുംബങ്ങളുടെ കെട്ടുറപ്പിന്ന് കാരണം ഭാരതസ്ത്രീയുടെ ക്ഷമയാണ്. സമൂഹം അവൾക്കു കൊടുത്തിരിക്കുന്ന ധാരണയിൽനിന്നും അവൾ ഭർത്താവിനെ "ദേവനെപ്പോലെ ആരാധിക്കണം." ഇതു കുടുംബത്തിലെ കെട്ടുറപ്പിനും നിലനില്പിനും കാരണമാണ്.
ഉദാ:— ശീലാവതി.

"സേവിച്ചീടുക പൂജ്യരെ പ്രിയ—
സഖിക്കൊപ്പം സപത്നിജനേ
മേവിക്കൊൾക്കരിശം കലർന്നിട
യോല.
കാന്തൻ കയർത്തീടുകിലും".

കണ്വമഹർഷി ശകുന്തളയ്ക്ക് കൊടുക്കുന്ന ഉപദേശമാണ്.

ഓരോ സ്ത്രീയും ഓരോ കുടുംബമാണ്. ജീവിതമൂല്യമില്ലാത്ത ഒരു യുവതലമുറയിലാണ് നാമിന്ന് ജീവിക്കുന്നത്. കാരണം "മൂല്യത്തിന്റെ സ്രഷ്ടാവ് അമ്മയാണ്." ആ അമ്മയ്ക്ക് ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള അറിവു പരിമിതമാ

ണ്. മൂല്യതകർച്ചയുടെ കാരണമിതാണെങ്കിലും ''സ്ത്രീ ശക്തിയാണ്''. ജീവിതമൂല്യങ്ങളുള്ള ഒരു പുതിയ തലമുറയ്ക്ക് ജന്മം കൊടുക്കുവാൻ ഇന്നത്തെ ഓരോ പെൺകുട്ടിക്കും കഴിയണം. ഇങ്ങനെ ഓരോ സ്ത്രീക്കും കഴിയുന്നുവെങ്കിൽ ആർഷ സംസ്കാരം അതിന്റെ പാരമ്യതയിലെത്തുന്നു.

സ്ത്രീയുടെ സൗന്ദര്യം ഭാവശുദ്ധിയിലാണ്. പാശ്ചാത്യനാടുകളിൽ സ്ത്രീയെ ഭാര്യയായി കാണുമ്പോൾ ആർഷഭാരതത്തിൽ 'സ്ത്രീയെ അമ്മയായി കണ്ടിരുന്നു. എന്നാൽ ഈ മഹത്വങ്ങളെല്ലാം ഇന്നത്തെ യുവതികൾതന്നെ ഇല്ലാതാക്കി. അവർ ഇന്ന് വെറും പ്രദർശന വസ്തുക്കൾ മാത്രം. ചരക്കുകൾ വിററഴിക്കുവാനുള്ള പരസ്യമായി സ്ത്രീ ഇന്ന് അധഃപതിച്ചു. ഇതിന്റെ ഫലമായി സ്ത്രീക്ക് വ്യക്തിത്വം തന്നെ ഇല്ലാതായി. അവർ സ്വയം വിലപേശി വില്ക്കുന്നു. അവർ അടിമകളാണ്. അടിമത്വമാണ് ഇന്നത്തെ സ്ത്രീകളുടെ ജീവിതം. ലക്ഷ്യബോധമില്ലാതെ, സ്വാതന്ത്ര്യമില്ല, അവർ കഴയുകയാണ്. അലക്ഷ്യമായുള്ള ഈ പരക്കം പാച്ചിലിനിടയിൽ അവർ പുരുഷന്മാരുടെ വലയിൽ കുടുങ്ങിപ്പോകുന്നു. പിന്നീട് അവർ ഒരിക്കലും വിമുക്തരാകുന്നില്ല.

ഭാരതത്തിലെ ആൺകുട്ടികൾ പെൺകുട്ടികളെ കമന്റടിക്കുവാനും, പെൺകുട്ടികളെ അണിഞ്ഞൊരുങ്ങി പൂമ്പാററകളെപ്പോലെ പ്രദർശനവസ്തുവായി നടക്കുവാനും കൊള്ളാം എന്ന് ഒരു ജുവൽ വനിതയുടെ വാക്കുകൾ ഇന്നത്തെ ഭാരതീയരെ സംബന്ധിച്ചിടത്തോളം ശരിയാണ്.

സർവ്വ നന്മകളുടെയും മൂർത്തീഭാവം അമ്മയാണ്. ഏതൊരു വ്യക്തിക്കും എന്തെങ്കിലും ആദ്യമായി ലഭിക്കുന്നുണ്ടെങ്കിൽ അത് അമ്മയിൽനിന്നാണ്. അതുപോലെ ഒരു പെൺകുട്ടിയെ ആദ്യമായി കാണുമ്പോൾ അമ്മയെന്നനിലയിൽ വേണം അവളോട് പെരുമാറുവാൻ. 'അമ്മ' യെന്ന 'സ്ത്രീയെ' ആരാധിക്കുക, സ്നേഹിക്കുക, ബഹുമാനിക്കുക. ''ഞാൻ എന്താണോ അതിനുമുഴുവൻ കടപ്പെട്ടിരിക്കുന്നത് എന്റെ അമ്മയോടാണ്''. എബ്രഹം ലിങ്കൺ പറഞ്ഞ വാക്കുകളാണ്. എന്റെ സർവ്വസ്വമായ 'അമ്മേ, നിനക്ക് എന്റെ ആദരാഞ്ജലി'.

ദേവമാതാ കോളേജ് മാഗസിന് അഭിനന്ദനങ്ങൾ!
രുചികരമായ ബേക്കറി സാധനങ്ങൾക്ക്

**'പോപ്പുലർ ബേക്കറി'**

വിവാഹാവശ്യങ്ങൾ, ടീപാർട്ടികൾ തുടങ്ങിയവക്കുള്ള
ബേക്കറി സാധനങ്ങൾ ഓർഡർ അനുസരിച്ച്
ഭംഗിയായി ചെയ്തുകൊടുക്കുന്നു.

**പോപ്പുലർ ബേക്കറി**
(ടാക്സി സ്റ്റാൻഡിനു സമീപം)
വലിയവീട്ടിൽകവല,
കറവിലങ്ങാട്.

ലേഖനം

# പ്രേമവിവാഹത്തിന്റെ പ്രസക്തി

BABY THECKUMVELIL
II B.Com.

'പ്രേമം', മനോഹരമായ ഈ വാക്കിന്റെ ആശയം അതിന്റെ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളാൻ, അതിനെ അപഗ്രഥിക്കാൻ വിശകലനം ചെയ്തുപഠിക്കാൻ അധികമാരും മിനക്കെടാറില്ല. സ്നേഹിക്കുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം കാമിക്കുക എന്നുള്ളതല്ല. പക്ഷേ എന്തുചെയ്യാം പ്രേമമെന്നുപറഞ്ഞാൽ കാമമെന്നാണ് പലരും ധരിച്ചുവച്ചിരിക്കുന്നത്. പ്രേമവിവാഹം വെറും ഒളിച്ചോടിപ്പോക്കു മാത്രമാണ്. അതായത് വെറും കാമവിവാഹം മാത്രമാണെന്നാണ് ചിലരുടെ പക്ഷം. ഇവരെ കാണുമ്പോൾ ഉറക്കെ വിലപിക്കുവാൻ തോന്നുന്നു. പരിശുദ്ധമായ, ദിവ്യമായ പ്രകൃതിയുടെ നിലനില്പിനുതന്നെ ആധാരമായിട്ടുള്ള പ്രേമമെന്ന വാക്കിനെ വ്യഭിചരിക്കുകയായിരിക്കും ഇങ്ങനെയുള്ളവർ ചെയ്യുന്നത്.

പ്രേമിക്കുമ്പോഴാണ്, സ്നേഹിക്കുമ്പോഴാണ് ഒരുവന് ജീവിത സാക്ഷാത്ക്കാരം ഉണ്ടാകുന്നത്. അപ്പോൾമാത്രമാണ് അവന്റെ ജീവിതം പൂർണ്ണമാകുന്നത്. സ്ത്രീത്വത്തോടു ബന്ധപ്പെടുത്തിയേ പുരുഷത്വമുള്ളൂ. പുരുഷത്വത്തോടു ബന്ധപ്പെടുത്തിയേ സ്ത്രീത്വമുള്ളൂ. സ്നേഹിക്കുവാനോ സ്നേഹിക്കപ്പെടുവാനോ കഴിയാത്ത അവസ്ഥ, ഹാ! എന്തുപറയട്ടെ പരമ ദയനീയമാണ്.

പ്രേമവും കാമവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ പ്രേമത്തെ നമുക്ക് ഈ രീതിയിൽ കാണുവാൻ സാധിക്കുകയുള്ളൂ.

ഒരു യുവാവ് ഒരു സ്ത്രീയെ പ്രേമിക്കുന്നുവെന്നുള്ളതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? അത് വെറും വികാര ശമനത്തിനുവേണ്ടിയുള്ള ഒരേർപ്പാടാണോ? അല്ലേയല്ല ഒരിക്കലുമല്ല. ഒരു കാമുകന് തന്റെ കാമുകിയെ യാതൊരുവിധത്തിലും കളങ്കപ്പെടുത്താൻ സാദ്ധ്യമല്ല. അവൻ അങ്ങനെ ചെയ്യുന്നുവെങ്കിൽ അവനൊരു കാമുകനല്ല. അവനെ സംബോധന ചെയ്യുവാൻ വേറെ പേര് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇവിടെ നാം കാണുന്ന കാമുകന്മാരിൽ ഭൂരിഭാഗവും ഈ കൂട്ടത്തിൽപ്പെടുന്നവരാണ് എന്നുള്ളത് ദുഃഖകരമായ ഒരു വസ്തുതയാണ്.

പ്രേമിക്കുക എന്നു പറഞ്ഞാൽ സിനിമാ മോഡലിൽ മരത്തിനു ചുറ്റും ഓടണമെന്നോ കുററിക്കാടുകൾ പുൽമെത്തകളാക്കണമെന്നോ, തൽഫലമായി ചെയ്യേണ്ടിവരുന്ന ഭ്രൂണഹത്യയോടുകൂടി സലാം പറഞ്ഞു പിരിയണമെന്നോ ഒക്കെയാണ് ചിലർ ധരിച്ചുവച്ചിരിക്കുന്നത്. എന്നാൽ ഇതിനൊന്നും പ്രേമമെന്ന പേർ ചൊല്ലി വിളിക്കുവാൻ സാധ്യമല്ല. അവയെല്ലാം വെറും കാമപേക്കൂത്തുകൾ മാത്രമാണ്. ഇത്തരം അനാശാസ്യ പ്രവർത്തനങ്ങളിൽ പെൺകുട്ടികളും ഒട്ടും പുറകിലല്ല. ഇങ്ങനെയുള്ളവർ പ്രേമത്തിന്റെ പവിത്രത കളഞ്ഞുകുളിക്കുകയാണ് ചെയ്യുന്നത്. ഈ

രീതിയിലുള്ള പ്രേമം ഒരിക്കലും വിവാഹത്തിൽ കലാശിക്കുകയില്ല. ഇപ്രകാരമുള്ള കാമകേളികളല്ല 'പ്രേമം' എന്ന പദം കൊണ്ടു് ഞാൻ ഇവിടെ അർത്ഥമാക്കുന്നതു്.

പ്രേമ വിവാഹങ്ങൾ പരാജയപ്പെടുവാനുള്ള സാധ്യത മററുള്ള വിവാഹങ്ങളേക്കാൾ വളരെ കുറവാണു്. മാത്രമല്ല പ്രേമ വിവാഹത്തിനു മാത്രമെ ഇന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ ഒരു ഉറച്ച അടിത്തറ പാകുവാൻ സാധിക്കുകയുള്ളു. പ്രേമലേഖനങ്ങളിലൂടെ കൈമാറുന്ന ചൂടാറാത്ത വാഗ്ദാനങ്ങൾ മാത്രമല്ല, വീട്ടുകാരുടേയും നാട്ടുകാരുടേയും മുമ്പിൽവച്ചു് നിറപറയും നിലവിളക്കും സാക്ഷി നിർത്തി നൽകുന്ന പ്രതിജ്ഞകളും നിറവേററാതെ നിലകൊള്ളുന്നു. ഇതിനോടു് ബന്ധപ്പെട്ട വ്യക്തികളാകട്ടെ നിത്യദുഃഖത്തിന്റെ പടുകുഴിയിൽ ആണ്ടു പോവുകയും ചെയ്യുന്നു. സ്നേഹം സ്വാർത്ഥതയുടെ അഗ്നികുണ്ഡത്തിൽ ദഹിക്കപ്പെടുമ്പോൾ അസ്വസ്ഥതയുടെ ഒരുപിടി ചാരമായിരിക്കും അവശേഷിക്കുക.

വിവാഹത്തോടുകൂടി രണ്ടു വ്യക്തികൾ ഒന്നായി ചേരുകയാണു് ചെയ്യുന്നതു്. രണ്ടു വ്യത്യസ്ഥ വ്യക്തിത്വങ്ങൾ ഇല്ലാതായിട്ടു്, അതിൽനിന്നും ഒരു പുതിയ വ്യക്തിത്വം ഉടലെടുക്കുകയാണു് ചെയ്യുന്നതു്. രണ്ടു വ്യക്തികൾ മരിക്കുകയും ഒരു പുതിയ വ്യക്തി ജനിക്കുകയുമാണു് ചെയ്യുന്നതു്. പരസ്പര വിശ്വാസവും അറിവും ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടെങ്കിൽ മാത്രമേ വിവാഹ ജീവിതം വിജയിക്കുകയുള്ളു. ജീവിതം ഒരു ഞാണിന്മേൽ കളിയാണു്. ഒരു നിമിഷത്തെ അശ്രദ്ധ മതി അഗാധഗർത്തത്തിൽ പതിക്കുവാൻ. ഒരു നല്ല അഭ്യാസിക്കുമാത്രമേ ആ അഗ്നിപരീക്ഷയിൽ വിജയിക്കുവാൻ സാധിക്കു.

**സിവിക് ടെയിലറിംഗ് & കട്ട്പീസ് സെൻറർ**

റൂം നമ്പർ 7, രണ്ടാം നില
മുനിസിപ്പൽ ഷോപ്പിംഗ് സെൻറർ
റ്റി. ബി. റോഡ്, കോട്ടയം - 1

എല്ലാവിധ തയ്യൽ ജോലികളും കൃത്യസമയത്തു്
ഭംഗിയായി ചെയ്തുകിട്ടുന്നതിനും, പാൻറ്സിനും ഷർട്ടിനുമുള്ള
കട്ട്പീസുകൾ മിതമായ വിലയ്ക്കു ലഭിക്കുന്നതിനും
ഞങ്ങളെ സമീപിക്കുക !

**CIVIC TAILORING & CUTPIECE CENTRE,**
ROOM No. 7, 1st FLOOR,
MUNICIPAL SHOPPING CENTRE,
**Kottayam.**

ഭാര്യാ ഭർത്താക്കന്മാർ പരസ്പര പൂരകങ്ങളായിരിക്കണം. ഒരാളുടെ കുറവുകൾ മറേറ ആൾ നികത്തണം. ഇതിനു് അവർ അന്യോന്യം പൂർണ്ണമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. വിവാഹത്തിനു മുമ്പുതന്നെ അവർ പരസ്പരം മനസ്സിലാക്കി പൂർണ്ണ സമ്മതത്തോടുകൂടി നടത്തുന്ന വിവാഹം മാത്രമേ വിജയിക്കുകയുള്ളു. തന്റെ സങ്കല്പത്തിലെ ജീവിത പങ്കാളിയെ സ്വപ്നംകണ്ടു്, അങ്ങിനെ ഒരാളെ പ്രതീക്ഷിച്ചു് മണിയറയിലേക്കു് വളരെ ആശയോടും പ്രതീക്ഷയോടുംകൂടി കടന്നു ചെല്ലുന്ന ഒരു വധുവിനു് അല്ലെങ്കിൽ വരനു് അതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമായ ഒരാളെ അവിടെ കാണുമ്പോൾ ഉണ്ടാകുന്ന ഞെട്ടലിൽനിന്നും ഒരുകാലത്തും വിമുക്തമാകുവാൻ സാധിക്കുകയില്ല. ഈ പൊരുത്തക്കേടു് സ്വരചേർച്ച ഇല്ലായ്മ ജീവിതാവസാനംവരെ നിലനില്ക്കുകയും അങ്ങനെ ആ കുടുംബകഥ ഒരു ട്രാജഡിയായി പരിണമിക്കുകയും ചെയ്യുന്നു.

അച്ഛനോ അമ്മയോ കാട്ടിത്തന്നു എന്നോർത്തു്, അവരെ അനുസരിക്കണമല്ലോ എന്നോർത്തുമാത്രം തനിക്കുംവരുംതലമുറകൾക്കും ദോഷകരമായ രീതിയിൽ ഒരു വിവാഹബന്ധത്തിൽ ഏർപ്പെടുന്നയാൾ തന്നോടുതന്നെയും സമൂഹത്തോടും ചെയ്യുന്ന ഒരു കൊടും ക്രൂരത ആയിരിക്കും.

സ്വന്തം അച്ഛനോ, അമ്മയോ ചൂണ്ടിക്കാണിക്കുന്ന പെൺകുട്ടിയെ ഒരുവൻ വിവാഹം കഴിച്ചുവെന്നിരിക്കട്ടെ. ഒരു പക്ഷേ അവൾക്കു് ധാരാളം കുറ്റങ്ങളും കുറവുകളും കണ്ടേക്കാം. എന്നാൽ ഇതൊന്നുമറിയാതെ വിവാഹം കഴിക്കുന്നവനു് തന്റെ സങ്കല്പത്തിനിണങ്ങാത്ത വിധത്തിലുള്ള ഒരു ഭാര്യയെ കിട്ടിയതുമൂലം നിരാശ ഉണ്ടാകാൻ കാരണമാകും. അവസാനം അതു് കുടുംബ കലഹത്തിൽ കലാശിക്കും. അതുകൊണ്ടു് യുവാക്കളേ നിങ്ങൾ ഒരു കാര്യം ഓർക്കുക; അതായതു് അച്ഛനമ്മമാർ പറയുന്ന പെൺകുട്ടിയെ വിവാഹം കഴിച്ചാൽ ആ ഭാരം ചുമക്കേണ്ടതു് അവനവൻ തന്നെയായിരിക്കും. അല്ലാതെ അച്ഛനോ, അമ്മയോ ആയിരിക്കുകയില്ല.

**ബിനോ ടൈംസ്**

**കോളേജ് ജംഗ്ഷൻ**

**കാവിലങ്ങാട് - 686633**

**കോളേജ് മാഗസിന് ഞങ്ങളുടെ അഭിനന്ദനങ്ങൾ !**

വർഷങ്ങളായി ഞങ്ങളോടു സഹകരിക്കുന്ന എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം മേലിലും നിങ്ങളുടെ സഹായ സഹകരണങ്ങൾ സാദരം ക്ഷണിക്കുന്നു.

വാച്ച്, ക്ലോക്ക്, ടൈംപീസ്, ചെയിൻ സ്ട്രാപ്പ്
മുതലായവ വാങ്ങുന്നതിനും, മിതമായ നിരക്കിൽ കൃത്യസമയത്തു്
ഉത്തരവാദിത്വത്തോടുകൂടി നന്നാക്കി കിട്ടുന്നതിനും ഞങ്ങളെ സമീപിക്കുക.

Prop: BABY KARIMATTOM B. Sc.

Arranged Marriage വിവാഹത്തെക്കുറിച്ചുള്ള ഒരു അറുപഴഞ്ചൻ സങ്കല്പമാണ്. അച്ഛനമ്മമാരോ, അമ്മാവൻമാരോ ചൂണ്ടിക്കാണിച്ചുതരുന്നയാളെ മാത്രം സ്വീകരിക്കുന്ന സമ്പ്രദായം എന്നേ കാലഹരണപ്പെടേണ്ടതായിരുന്നു. ഈ രീതിയിലുള്ള വിവാഹം സമൂഹത്തിൽനിന്നും തുടച്ചുമാറ്റേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. പഴയകാലത്തെ സാമൂഹിക വ്യവസ്ഥിതിയിൽ അങ്ങിനെയുള്ള വിവാഹങ്ങൾ കൊണ്ട് വലിയ ദോഷം സംഭവിക്കാനില്ലായിരുന്നു. അന്നത്തെ കുടുംബഘടന ആ രീതിയിലുള്ളതായിരുന്നു. എന്നാൽ ഇന്ന് കുടുംബം എന്ന ആശയത്തിനുതന്നെ ആ വാക്കിന്റെ അർത്ഥത്തിനുതന്നെ വളരെയധികം വ്യതിയാനം സംഭവിച്ചിരിക്കുന്നു.

ഇന്നത്തെ കുടുംബം ഭാര്യയും ഭർത്താവും അവരുടെ കുട്ടികളും ചേർന്നതാണ്. എന്നാൽ പണ്ട് അതല്ലായിരുന്നു സ്ഥിതി. സന്ധ്യകഴിയുമ്പോൾ സ്വന്തം വീട്ടിൽനിന്ന് ചൂട്ടും കാണിച്ച് വികാരശമനത്തിനായിമാത്രം ഭാര്യാഗൃഹത്തിൽ ചെല്ലുന്ന ഭർത്താവ്, തൽഫലമായി ജന്മമെടുക്കുകയും, അമ്മാവൻമാരുടെ കീഴിൽ അടിമത്വമനുഭവിക്കുകയും ചെയ്യുന്ന കുറെ മരുമക്കളും മറ്റും ചേർന്നതായിരുന്നു അന്നത്തെ കുടുംബം. അക്കാലത്ത് ഭാര്യാഭർത്തൃബന്ധത്തിന് യാതൊരു പ്രാധാന്യവും ഇല്ലായിരുന്നു. ഭർത്താവിന് തന്റെ ഭാര്യയെ യഥേഷ്ടം ഉപേക്ഷിക്കുവാൻ അധികാരമുണ്ടായിരുന്നു. സകല പൂക്കളിൽനിന്നും തേൻനുകർന്നു നടക്കുന്ന ഒരു വണ്ടായാണ് അവർ അന്നു ജീവിച്ചിരുന്നത്.

അപ്പോൾ, അന്നത്തെ ആ വ്യവസ്ഥിതിക്കനുസരിച്ച് പാകപ്പെടുത്തിയ വിവാഹസമ്പ്രദായം ഒരു മാറ്റവും കൂടാതെ ഇ

**ജോസ്കോ ഡിപ്പോസിററ് സ്കീം**
**ജോസ്കോ ഫാഷൻ ജുവലേഴ്സ്**
കളരിക്കൽ ബസാർ, കോട്ടയം 1.
ഫോൺ: ഓഫീസ്: 5234 ജുവലറി: 2140 വീട്: 2094

**സുരക്ഷിതത്വം! ഏററവും ആദായകരം!**

**പ്രതിമാസ നിക്ഷേപങ്ങൾ ★ സ്ഥിരം നിക്ഷേപങ്ങൾ**
**★ ക്യാഷ് സർട്ടിഫിക്കററുകൾ ★**

സൗകര്യപ്രദവും ആദായകരവുമായ പ്രതിമാസനിക്ഷേപങ്ങളിൽ ചെറിയ തുകകൾക്കും പലിശ കിട്ടുന്നു. കാലാവധിക്കുശേഷം പണമായോ സ്വർണ്ണാഭരണങ്ങളായോ നിക്ഷേപം പിൻവലിക്കാം.

**ആറുമാസംമുതൽ 4 വർഷംവരെയുള്ള കാലാവധികളിൽ 13% മുതൽ 24% വരെ പലിശ ലഭിക്കുന്നു.**

ഒരുലക്ഷം രൂപാ അഞ്ചുവർഷം കഴിഞ്ഞു ലഭിക്കുവാൻ ഇപ്പോൾ 40,000 രൂപാ നിക്ഷേപിച്ചാൽ മതി. ആയിരം രൂപാ മുതൽ ഈ സ്കീമിൽ സ്വീകരിക്കപ്പെടും. ഏതുതരം നിക്ഷേപവും ആറുമാസത്തിനുശേഷം എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതാണ്. നിക്ഷേപതുകക്കു സ്വർണ്ണാഭരണങ്ങൾ വാങ്ങുമ്പോൾ പ്രത്യേകാനുകൂല്യങ്ങൾ.

ണം തുടരണമെന്ന് പറയുന്നതിന്റെ വിഢിത്തം എത്രമാത്രമുണ്ടെന്ന് ഊഹിക്കുവാൻപോലും സാധിക്കുകയില്ല.

പഴകിത്തുരുമ്പിച്ച ഈ വിവാഹസമ്പ്രദായം അപ്പാടെ ഉടച്ചു വാക്കേണ്ടിയിരിക്കുന്നു. വിവാഹത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുതന്നെ മാറേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ കുടുംബം നമുക്ക് 'ശ്രീകോവിലിനു'പകരം 'കുടുംബം നമുക്ക്' 'കുരുക്ഷേത്ര'ങ്ങളായി മാറുന്ന ദയനീയ കാഴ്ച, അതിഭീകരമായ കാഴ്ച നമുക്ക് കാണേണ്ടിവരും. അതിനാൽ വിവാഹത്തിനു മുമ്പുതന്നെ യുവതീയുവാക്കൾക്ക് ഇടപഴകാനും ആശയ വിനിമയത്തിനുമുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതു്, അവരെ അതിന് അനുവദിക്കേണ്ടതു്, പ്രേരിപ്പിക്കേണ്ടതു്, പ്രോത്സാഹിപ്പിക്കേണ്ടതു് അത്യാവശ്യമാണ്.

പ്രേമവിവാഹങ്ങളിലൂടെ നമുക്ക് ഈ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീധനമെന്ന ദുഷിച്ചുനാറിയ സാമൂഹിക വിപത്തിനെതിരേ പടപൊരുതാം.

പ്രേമ വിവാഹത്തെയെല്ലാം സമൂഹവും മാതാപിതാക്കളും എതിർക്കുമെന്നു പറയുന്നതു് വിഢിത്തമാണ്. സമൂഹം ഒരു കാര്യത്തെയും ഒററക്കെട്ടായി എതിർക്കുകയോ അനുകൂലിക്കുകയോ ഇല്ല. പിന്നെ മാതാപിതാക്കളുടെ കാര്യം. അവർ എതിർത്താൽതന്നെ ആ എതിർപ്പ് ക്ഷണികമായിരിക്കും. അവരുടെ എതിർപ്പുകൾ കാലപ്രമാണത്തിൽ അലിഞ്ഞുപോകും എന്നുള്ളതിൽ സംശയമില്ല. ഇനി എല്ലാവരും എതിർക്കുകയാണെങ്കിൽ, ഈ പ്രപഞ്ചം തന്നെ ഒന്നിച്ചെതിർക്കുകയാണെങ്കിൽ തന്നെയും കാമുകീകാമുകന്മാർ തമ്മിലുള്ള സ്നേഹം ആത്മാർത്ഥതയോടുകൂടിയുള്ളതാണെങ്കിൽ അതായതു് യഥാർത്ഥ പ്രേമമാണെങ്കിൽ അവരെ തോൽപ്പിക്കുവാൻ സാധിക്കുകയില്ല.

വിവാഹത്തെ കച്ചവട മനസ്ഥിതിയോടെ വീക്ഷിക്കുന്നവർ, ഒരുപക്ഷേ പറഞ്ഞേക്കാം, പ്രേമവിവാഹങ്ങളെല്ലാം പരാജയമാണെന്ന്. എന്നാൽ ഇവിടെ അവർക്ക് തെററു പററി. ഇന്ന് പ്രേമവിവാഹത്തെക്കാളേറെ പരാജയപ്പെടുന്നതു് മാതാപിതാക്കൾ ആലോചിച്ചു നടത്തുന്ന വിവാഹങ്ങളാണ്. അതിന് എത്രയെത്ര ഉദാഹരണങ്ങൾ നമുക്ക് നമ്മുടെ ചുററിലും കാണാൻ സാധിക്കും. ഒരിക്കലും ഒരു യഥാർത്ഥ പ്രേമവിവാഹം പരാജയപ്പെടുകയില്ല. അതിനുള്ള സാധ്യത വളരെ കുറവാണ്.

അതിനാൽ പ്രേമവിവാഹങ്ങൾ പരാജയമാണെന്നു പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ലെന്നും മറിച്ച് അവ മററു തരത്തിലുള്ള വിവാഹങ്ങളെക്കാൾ പതിന്മടങ്ങ് മേന്മ ഉള്ളതാണെന്നും, അതുകൊണ്ട്, സമൂഹത്തിനും, കുടുംബത്തിനും, വ്യക്തികൾക്കും കൂടുതൽ ഗുണകരമായ ഒന്നാണ് പ്രേമ വിവാഹം എന്ന് ഞാൻ തറപ്പിച്ച് പറയുന്നു. അതിനാൽ സകല യുവതീയുവാക്കളും ആ അറുപഴഞ്ചൻ വിവാഹ സമ്പ്രദായം ഉപേക്ഷിച്ചിട്ട് അവരുടെ നേരെ പല്ലിളിച്ചു കാണിക്കുന്ന ആ യഥാസ്ഥിതിക 'പിന്തിരിപ്പൻ വ്യവസ്ഥിതിയുടെ മുഖംമൂടി പിച്ചിച്ചീന്തി അതിന്റെ ഉരുക്കുകോട്ടകളിൽനിന്നും പ്രേമത്തിന്റെ സന്ദേശവും പേറി അങ്ങിനെയുള്ള ഒരു വിവാഹത്തിന് തയ്യാറായി മുമ്പോട്ടു വന്നെങ്കിൽ മാത്രമേ നമ്മുടെ സമൂഹം നന്നാവുകയുള്ളു.

# നിങ്ങൾക്കറിയാമോ...?



ജേക്കബ് ചോറിം

ഒന്നാം വർഷം ഇംഗ്ലീഷ്
സാഹിത്യ വിദ്യാർത്ഥി

ഏററവും വലിയ ഗ്രഹം — വ്യാഴം

ഏററവും ചെറിയ ഗ്രഹം — ബുധൻ

ഏററവും ദൈർഘ്യം കുറഞ്ഞ പകൽ — ഡിസംബർ 22

ഏററവും ദൈർഘ്യം കൂടിയ പകൽ — ജൂൺ 21

ഏററവും കൂടുതൽ ചൂടുള്ള ഗ്രഹം — വീനസ്

ഏററവും കൂടുതൽ തണുപ്പുള്ള ഗ്രഹം — പ്ലൂട്ടോ

ഏററവും കൂടുതൽ സാന്ദ്രതയുള്ള ഗ്രഹം — ഭൂമി

ഏററവും കുറഞ്ഞ സാന്ദ്രതയുള്ള ഗ്രഹം — ശനി

ഏററവും കൂടുതൽ പ്രകാശമുള്ള ഗ്രഹം — വീനസ്

ഏററവും കൂടുതൽ മങ്ങിയ ഗ്രഹം — പ്ലൂട്ടോ

ഏററവും കൂടുതൽ അടുത്തുള്ള ഗ്രഹം — വീനസ് (ഭൂമിയോട്)

ഏററവും കൂടുതൽ ഉപഗ്രഹങ്ങളുള്ള ഗ്രഹം — വ്യാഴം (13 എണ്ണം)

ഏററവും വലിയ ഉപഗ്രഹം — ഗാനിവീഡ് (വ്യാഴത്തിന്റേതു്)

ഏററവും ചെറിയ ഉപഗ്രഹം — ഡീമോസ് (ചൊവ്വായുടേതു്)

ഏററവും വലിയ നക്ഷത്രം — ഐ. ആർ. എസ് 5

ഏററവും ചെറിയ നക്ഷത്രം — എൽ. പി. 327–186

ഏററവും കൂടുതൽ പ്രകാശമുള്ള നക്ഷത്രം — സിറിയസ്. എ.

ഏററവും പ്രകാശം കുറഞ്ഞ നക്ഷത്രം — ഡൊരാഡസ്.

ഏററവും ചൂടുകുറഞ്ഞ നക്ഷത്രം — സിഗ്നസ്.




വാസന്തി കെ. ആർ.
2nd D. C. Zoology
No. 186

നവനീമരാളമാം നമതഖണ്ഡങ്ങളിൽ
നികമലിഞ്ഞേകിയ പിംഗലശോഭതാൻ
നിടലത്തടത്തിൽ പ്രവിരിക്കാറിയുമായ്
നിറമാലയേന്തിയീ മുദിബാലയെത്തവെ,

പ്രലോലപ്രവാള നികുഞ്ജത്തിലേകയായ്
പ്രഫുല്ലപ്രമോദിനീ മഞ്ജരിപോലെ ഞാൻ
പ്രയതപ്രദീപികയേന്തി പ്രതീക്ഷയാൽ
പ്രതിദിനം തേടുന്നാ പ്രണവ പ്രഭവത്തെ!

മാലേയ മാരുതൻ വീശും നിശീഥിനി
പ്രാലേയനീരാളമേന്തിയണയുമ്പോഴും,
മഞ്ജീരം ചാർത്തിയീമന്ദാകിനിയൊരു
മഞ്ജൂഷപോലെ നൽ നൃത്തം ചവിട്ടുമ്പോഴും,

പൂജ നീകുജനമാധുരിയാർന്നൊരു
പുഷ്യമാസത്തിരു പൗർണ്ണമിരാവിങ്കൽ
പ്രത്യഹം ഞാനീ നീരന്ധ്രനികുഞ്ജത്തിൽ
നിത്യമാ പ്രദ്യോതമേറ്റുവാങ്ങാൻ നിൽപ്പൂ!

നക്തനീചോളമുരിഞ്ഞെറിഞ്ഞെത്തുമീ—
മുഗ്ദ്ധപ്രശോഭിത പ്രാതഃകാലത്തിലും,

നാകദിശയിങ്കൽ പ്രത്യയനാക്കൻനൽ
രോഹിത ധൗതലലാമമണിയുമ്പോഴും
ആകാശസീമതൻ പ്രാസാദമേടയിൽ
ദീപംകൊളുത്തുമീ താരാഗണത്തിലും,

പുല്ലിലും പൂവിലും പൊൻപരാഗങ്ങളായ്
മണ്ണിലും വിണ്ണിലും തേജോകിരണമായ്,
മിന്നു മനശ്വര ജ്യോതിർകണങ്ങളെ
എന്നിലൂടിന്നു ഞാൻ തേടുന്നു നിത്യവും

# OUR N. C. C.



Joy V C. (S. U/O.)
Participated in the Republic day parade held at New Delhi.



Jayakumar D.
S. U/O.



John V. D.
S. U/O.



Kuriakose K. J.
S. U/O.



Benny John T (U/O.)
Attented the Army attachment Camp



Sebastian Varghese
U/O.



Manoharan K. R.
U/O.



Johnson P.
Sports Secretary



Emmanuel P. V.
Secretary S. S. L.



John V. D.
Secretary
Planning forum



Jacob George
Secretary
Journalism Circle



Joseph P. M.
Secretary
English Assn.



Mendus Jacob
President, Film Club



Mathew V. Palacken
Secretary, D. Y. L.



Baby George
Best Camper (N. S. S.)
Inter Collegiate Camp
at Kanjirappally



Regeenamma Pettackad
N. S. S. Lady
Representative



Raju Cyriac
Secretary
Maths Assn.

ചെറുകഥ




GEORGE M. C.
I D. C. Commerce



''പേപ്പർ, വീക്കിലി. പേപ്പർ, വീക്കിലി''

താളത്തിലുള്ള ആ സ്വരം കേട്ടപ്പോൾ തിരിഞ്ഞുനോക്കി. ജനറൽ ആശുപത്രിയിലെ വേദനിക്കുന്ന ലോകത്തിൽ, മരുന്നുകളുടെ ഗന്ധത്തിൽ അലിഞ്ഞുചേർന്ന സ്വരം.

''ഹേ! പയ്യൻ ഒരു പേപ്പർ,'' ഞാൻ വിളിച്ചു. അവൻ അടുത്തുവന്നപ്പോൾ കൂടുതൽ താല്പര്യം തോന്നി. തേജസ്സുള്ള മുഖം: സദാ പുഞ്ചിരി തൂകുന്ന അധരങ്ങൾ. എങ്കിലും ഏതോ കദനകഥ ആ മിഴികളിൽ മറഞ്ഞിരിക്കുന്നതായി തോന്നി.

''പേരെന്താ?'' ഞാൻ ചോദിച്ചു· ''ബിനു. ഇതാ സാർ പേപ്പർ. ഇരുപതു പൈസ'' ധൃതിയിൽ പറഞ്ഞുതീർത്ത് പേപ്പർ എന്റെ കയ്യിലേക്ക് നീട്ടിക്കഴിഞ്ഞു.

''ബിനുവിനു പോകാൻ ധൃതിയുണ്ടോ?'' അവന്റെ ധൃതി കണ്ടു ചോദിച്ചു.

''ഉണ്ട് സാർ. ആദ്യം ചെല്ലുന്നവരുടെ കയ്യിൽനിന്നേ എല്ലാവരും വാങ്ങിക്കൂ.''

''ബിനുവിന്റെ കയ്യിലുള്ള പത്രങ്ങളും മാസികകളും മുഴുവനായി എനിക്കു തന്നേക്കുമോ''? അവനെപ്പറ്റി കൂടുതൽ അറിയണമെന്നു കരുതി ചോദിച്ചു.

അവൻ എന്റെ നേരെ സംശയഭാവത്തിൽ തുറിച്ചുനോക്കി.

''ബിനു സംശയിക്കേണ്ട. ഇതിന്റെ മുഴുവൻ വിലയും ഞാൻ തന്നുകൊള്ളാം''.

''സാറിനെന്തിനാ മുഴുവനുംകൂടി'' വീണ്ടും സംശയം.

''അതു പിന്നെപ്പറയാം''. നിർബന്ധിച്ച് അടുത്തുകിടന്ന സ്റ്റൂളിൽ അവനെ പിടിച്ചിരുത്തി.

''ബിനു പഠിക്കുന്നുണ്ടോ?''

''ഉണ്ട്. ആറാം ക്ലാസ്സിൽ.''

''ഇന്ന് ക്ലാസ്സിൽ പോയില്ലേ?''

''പോയി സാർ. അതു കഴിഞ്ഞു വന്നതാ,''

''ബിനുവിന്റെ വീടിവിടെ അടുത്താണോ?''

''അതെ സാർ. ഇതിനു താഴെ വഴിയരികിലാണ്''.

''വീട്ടിൽ ആരൊക്കെയുണ്ട്?''
''അമ്മ മാത്രമേയുള്ളു''.
''അച്ഛനെവിടെപ്പോയി''?
''അച്ഛൻ...മരിച്ചുപോയി സാർ''. അതു പറഞ്ഞപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു.

''അച്ഛനും അമ്മയ്ക്കുംകൂടി ഞാൻ മാത്രമേയുണ്ടായിരുന്നുള്ളു. അച്ഛൻ മരിച്ചുപോയെങ്കിലും അമ്മ കൂലിപ്പണിയെടുത്തു് എന്നെ പഠിപ്പിച്ചു''.

അവന്റെ കണ്ഠം കൂടുതൽ ഇടറിത്തുടങ്ങി.

''എന്നിട്ടെന്തുണ്ടായി?'' കൂടുതൽ ബുദ്ധിമുട്ടിക്കരുതെന്നാഗ്രഹമുണ്ടായിരുന്നെങ്കിലും, അവന്റെ കഥയറിയുവാനായി വീണ്ടും ചോദിച്ചു.

''ഒരുദിവസം ക്ലാസ്സുകഴിഞ്ഞു് ഞാൻ വീട്ടിൽ വന്നപ്പോൾ, അമ്മ ആശുപത്രിയിലാണെന്നും, ചോരശർദ്ദിച്ചിട്ടു കൊണ്ടുപോയതാണെന്നും അടുത്ത വീട്ടിലെ ചേച്ചി പറഞ്ഞു. ഇനിയും ഒരു പണിയുമെടുക്കരുതെന്നാണ് ഡോക്ടർ പറഞ്ഞിരിക്കുന്നതു്''. അവന്റെ കണ്ണുകളിൽ മറഞ്ഞിരുന്ന കണ്ണീർ കണങ്ങൾ ചാലിട്ടൊഴുകിത്തുടങ്ങി. എനിക്കും അവനോടൊപ്പം ദുഃഖിക്കാതിരിക്കാൻ കഴിഞ്ഞില്ല.

''പിന്നെയും അമ്മ പണിക്കു പോയിത്തുടങ്ങി''. അവൻ വീണ്ടും പറഞ്ഞുതുടങ്ങി.

''ഇപ്പോൾ ഞാൻ അമ്മയെ തെണ്ടാൻ വിടുന്നില്ല. ഇനിയും പണിയെടുത്താൽ അമ്മ മരിച്ചുപോകും. ഈ പേപ്പറും, വീക്കിലിയും വിറ്റുകിട്ടുന്ന ലാഭംകൊണ്ടു് അമ്മയേയും നോക്കും''.

അവന്റെ കദനകഥ മുഴുവൻ കേട്ടുകഴിഞ്ഞപ്പോൾ കൂടുതൽ സഹതാപവും സ്നേഹവും തോന്നി.

''സാർ, എനിക്കു പോകണം. ഇതു വിറ്റിട്ടുവേണം കടയിൽനിന്നും അരി വാങ്ങി വീട്ടിൽ കൊണ്ടുപോയി കൊടുക്കാൻ''.

''ബിനു എല്ലാ വിഷയത്തിനും ജയിക്കുമോ? അവന്റെ വിദ്യാഭ്യാസ നിലവാരമറിയുവാൻ വേണ്ടി ചോദിച്ചു.

''ക്ലാസ്സിൽ എല്ലാ വിഷയത്തിനും എനിക്കാണു സാർ ഒന്നാം ക്ലാസ്സ്''. അല്പ സമയത്തിനുശേഷം ഏതോ ചിന്തയിലെന്നോണം അവൻ പറഞ്ഞുതുടങ്ങി.

''ഞാൻ ഒത്തിരി പഠിക്കും സാർ. എന്നിട്ടു് ജോലി കിട്ടുമ്പം അമ്മയുടെ സുഖക്കേടു് ഭേദമാക്കണം.''


SEENA STUDIO
Marangattupally

Mountains may Fly; Rivers may Dry and even Gods may die
But the photos taken SEENA will never never perish.

സ്മരണീയ മുഹൂർത്തങ്ങളെ സ്മരണീയമാക്കുവാൻ
സീനാ സ്റ്റുഡിയോ

ഫോട്ടോഗ്രാഫിക്ക് സംബന്ധമായ എല്ലാവിധ ജോലികളും
കൃത്യമായും ഭംഗിയായും ചെയ്തുകിട്ടുവാൻ സീനാ സ്റ്റുഡിയോ

അവന്റെ വാക്കുകളിൽ തന്റേടവും, നിശ്ചയ ദാർഢ്യവും മുഴങ്ങുന്നുണ്ടായിരുന്നു.

ഷർട്ടിന്റെ പോക്കററിൽനിന്നും ഒരു ഇരുപതു രൂപയുടെ നോട്ടെടുത്തു് അവന്റെ നേർക്കുനീട്ടി.

''ബിനു ഇതെടുത്തോ? പത്രവും മാസികയുമൊക്കെ ബിനുവിന്റെ കയ്യിൽ തന്നെയിരിക്കട്ടെ. അതു മററാർക്കെങ്കിലും വിററു കാശു വാങ്ങിക്കാം''.

വെറുതെ പണം വാങ്ങുവാൻ അവനു മടിയായിരുന്നു. നിർബന്ധിച്ചപ്പോൾ വാങ്ങി.

''നാളെയും വരണം കേട്ടോ? അവൻ നടന്നുതുടങ്ങിയപ്പോൾ വിളിച്ചുപറഞ്ഞു. തലയാട്ടിക്കൊണ്ടു് അവൻ നടന്നു മറഞ്ഞു.

തുടർന്നുള്ള എല്ലാ സായാഹ്നങ്ങളിലും അവൻ പത്രങ്ങളും മാസികകളുമായി എന്റെയടുത്തു് ഓടി വരുമായിരുന്നു.

പക്ഷേ ഒരു ദിവസം അവനെ കണ്ടില്ല. പലരോടും അന്വേഷിച്ചെങ്കിലും ഒരു വിവരവും കിട്ടിയില്ല. അതിനടുത്ത ദിവസം മറെറാരു പയ്യനാണു് പത്രവുംകൊണ്ടു വന്നതു്''. "എന്നും പത്രം കൊണ്ടുവരാറുള്ള ബിനു എവിടെപ്പോയി''? ആകാംക്ഷാ ഭരിതനായി ഞാൻ ആ കുട്ടിയോടു ചോദിച്ചു.

''ബിനു അതാ, അടുത്ത വാർഡിലുണ്ടു്. അവനു ബോധക്കേടാ''.

കൂടുതലറിയുവാൻ നിന്നില്ല. അടുത്ത വാർഡിലേക്കു പാഞ്ഞു-ബിനുവിനെത്തേടി.

അവസാനം അവനെ കണ്ടെത്തി. ഒരു ബെഡ്ഡിൽ തളർന്നു കിടക്കുന്നു. ആർത്തിയോടെ അടുത്തു ചെന്നു.

''ബിനു...''ഞാൻ വിളിച്ചപ്പോൾ അവൻ കണ്ണുതുറന്നു നോക്കി. ജീവസ്സുററ ആ കണ്ണുകളിൽ ഒരു ചെറിയ തിളക്കം,

(ശേഷം 38—ാം പേജിൽ)

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള എല്ലാ നല്ല പുസ്തകങ്ങൾക്കു്

★

പള്ളി ഉപകരണങ്ങൾക്കു്

★

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള അച്ചടി അക്ഷരങ്ങൾക്കു്

★

മനോഹരമായ കളർ പ്രിന്റിംഗിനു്

സമീപിക്കുക !

# ദീപിക ബുക്കു് ഹൗസ്

ശാസ്ത്രി റോഡ്,

**കോട്ടയം — 686 001**

Phone: 4547.

ലേഖനം

# ഉണരേണ്ടവർ നമ്മൾ, ഭാരതീയർ

വിദേശശക്തികളിൽനിന്നും നാം സ്വാതന്ത്ര്യം നേടിയെടുത്തിട്ട് മുപ്പത്തിനാല് വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. ഇതിനിടയ്ക്ക് നാം വളരെയധികം പുരോഗതി കൈവരിച്ചു എന്നുള്ളതും തർക്കമററതുതന്നെ. പക്ഷേ, ഈ നേട്ടങ്ങളുടെയെല്ലാം കൈക്കുമ്പിളിൽ നിന്നുകൊണ്ടുതന്നെ ഭാരതം ഇന്ന് കടുത്ത പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ്.

ലോകത്ത് മററൊരിടത്തും കാണാത്തവിധം വൈരുദ്ധ്യമാർന്ന ഒരു ജനതയുടെ സമ്മിശ്രിതമാണ് ഭാരതം. പക്ഷേ



ജയികാന്ത് ജെ. മുരളികൻ
II D. C. (Economics)

ഈ രാജ്യത്തെ അടിച്ചമർത്തി, ചൂഷണം ചെയ്ത് വാണിരുന്നവരെ കടലുകടത്താൻ ഈ വൈരുദ്ധ്യം ഒരിക്കലും ഭാരതീയർക്ക് ഒരു പ്രതിബന്ധമായിരുന്നില്ല. വൈരുദ്ധ്യത്തിലെ ഈ ഏകത അത് തികച്ചും ബാഹ്യലോകത്തിന് അസൂയാവഹമായിരുന്നു. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, കാലത്തിന്റെ ചക്രങ്ങൾ പലവുരു കറങ്ങിയപ്പോൾ നമ്മുടെ ഈ ചിന്താഗതി തന്നെ പാളം തെററിയോ? തീർച്ചയായും അത് സംഭവിച്ചിരിക്കുകയാണ്. രാജ്യത്തിന്റെ ദേശീയ ചിന്താഗതിയ്ക്ക് ഇളക്കം വരുത്തുന്ന ശക്തികൾ ഇന്ന് ശക്തിപ്രാപിച്ചു വരുകയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അസ്വസ്ഥതയുടെ തീ നാളങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ആനുകാലിക സംഭവവികാസങ്ങൾ ആ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. മാസങ്ങൾ കടന്നുപോയിട്ടും പരിഹരിക്കപ്പെടാതെകിടക്കുന്ന ആസ്സാം വിദേശി പ്രശ്നം, പഞ്ചാബികളുടെ ഖാലിസ്ഥാൻ വാദം, വടക്കേ ഇന്ത്യയിൽ ചില ജാതിക്കോമരങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന സാമുദായിക കലാപങ്ങൾ, ചില സംസ്ഥാനങ്ങളിലെ ഭരണാധികാരികൾതന്നെയും വീറോടെ ഉയർത്തിപ്പിടിക്കുന്ന മണ്ണിന്റെമക്കൾവാദം, കാശ്മീരിലും, തമിഴ്നാട്ടിലും ഇടയ്ക്കിടെ കേൾക്കാറുള്ള വിഘടിത പ്രചരണങ്ങൾ, ബോംബെയിലും, ബാംഗ്ലൂരിലും മററും മലയാളികൾക്കും, തമിഴർക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ ഇവയെല്ലാം നാം നേരിടുന്ന ഗുരുതര പ്രശ്നങ്ങളിൽ ചിലതു മാത്രമാണ്.

''ഇൻഡ്യൻ പട്ടികൾ പുറത്തു'' എന്നാക്രോശിച്ചുകൊണ്ട് ആസ്സാമിലെ തെരുവീഥിയിൽക്കൂടി അരങ്ങേറിയ യുവജന പ്രകടനങ്ങൾക്കു പിന്നിൽ അവഗണനയുടെയും, ചൂഷണത്തിന്റെയും എല്ലാമായ നിരവധി യാഥാർത്ഥ്യങ്ങളുമുണ്ടെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ.

ഈ അടുത്ത കാലംവരെയും വടക്കു കിഴക്കൻ മേഖലയുടെ വികസന പ്രവർത്തനങ്ങളുടെ നേർക്കു് ക്രൂരമായ അവഗണന തന്നെയായിരുന്നുവെന്നതു് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഈ സ്ഥിതിയ്ക്കു് ഇപ്പോഴും വ്യതിയാനം വന്നിരിക്കുന്നുവെന്നതു് തീർച്ചയായും പ്രത്യാശയ്ക്കു് വകനൽകുന്നുണ്ടു്. ബംഗ്ലാദേശ് യുദ്ധകാലത്തുമാത്രമല്ല അതിനുശേഷവും ആസ്സാമിലേയ്ക്കു് അതിക്രമിച്ച് കടന്നുവന്ന വിദേശിയരുടെ നേർക്കു് ചില രാഷ്ട്രീയ പരിഗണനകൾ വച്ചുകൊണ്ടു് ഡൽഹിയും, ഗോഹാട്ടിയും ഭരിച്ച ഭരണാധികാരികൾ നിഷ്ക്രിയത്വം പാലിച്ചതും ആസ്സാം ജനതയെ അക്രമപ്രവർത്തനങ്ങളിലേയ്ക്കു് നയിച്ചുവെന്നതും ഒരു നഗ്നസത്യം മാത്രമാണ്. പക്ഷേ, ഇതൊരിക്കലും ആസ്സാം പ്രക്ഷോഭകരുടെ അവകാശവാദങ്ങൾക്കു് ഒരു നീതീകരണവും ആകുന്നില്ല. ഇപ്രകാരം സങ്കുചിത ചിന്താഗതിയുള്ളവരും സ്വാർത്ഥതാമോഹികളും ഈ രാജ്യത്തിന്റെ ഭരണസാരഥ്യം വഹിക്കേണ്ടിവന്നതു് ഭാരതീയർക്കും ഈ രാജ്യം നിലനിന്നു കാണണമെന്നു് ആഗ്രഹിക്കുന്നവർക്കും ഒരു ദുരന്തം തന്നെയാണ്. ഇതുപോലെതന്നെ ഭാഷയുടെ പേരിലും രാജ്യത്തിന്റെ വിവിധ മേഖലകൾ തമ്മിലുള്ള അസമത്വം വർദ്ധിച്ചുവരുകയാണ്. അതുപോലെതന്നെ വിഘടിതവാദഗതികൾക്കു് ചില രാഷ്ട്രീയലക്ഷ്യംവച്ചുകൊണ്ടു് പ്രോത്സാഹിപ്പിക്കുന്ന അവസ്ഥ. ഇപ്രകാരം നാം ഇന്നു് നേരിടുന്ന ശിഥിലീകരണ പ്രവണതകൾക്കുത്തരവാദികൾ നമ്മൾതന്നെയാണ്. നാം വിതച്ചതു് കൊയ്യേണ്ടിവന്നു എന്നു മാത്രം. ഈ വൈകിയ വേളയിലെങ്കിലും നാം പുനർ ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ ദുരവസ്ഥയ്ക്കു് പരിഹാരം കാണാൻ ഭാരതീയ ജനത ഒന്നിച്ചുണരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. വർഗ്ഗീയ അ

**NEDUMPARAMPIL SANITARY HOUSE**

M. D. COMMERCIAL CENTRE

**K. K. ROAD, KOTTAYAM**

Dealers in:

**Sanitary Wares**

**Water Supply Equipments**

**Pumps & Motors etc.**

ർബുദം ബാധിച്ചവരെയും, ഭാഷാഭ്രാന്തന്മാരെയും, രാഷ്ട്രീയ തിമിരം ബാധിച്ചവരെയും ഈ രാജ്യത്തിന്റെ അത്യുന്നത ശ്രേണിയിൽനിന്നും നാം പറിച്ചെറിയേണ്ടിയിരിക്കുന്നു. രാജ്യത്തെ ഒന്നായി കാണാൻ കഴിവില്ലാത്ത, പ്രാദേശിയ അസമത്വങ്ങൾ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയശക്തികളെ നാം വനവാസത്തിനയക്കതന്നെ വേണം. അന്ധമായ നയങ്ങൾ വച്ചുപുലർത്തി രാജ്യത്തെ പ്രതിസന്ധികളുടെ മണലാരണ്യത്തിലേയ്ക്ക് തള്ളിവിടുന്ന ഇത്തരം കറുത്തശക്തികളെ നാം ഒററപ്പെടുത്തുകതന്നെ വേണം. ജനങ്ങളുടെ അറിവില്ലായ്മയാണ് ഈ കൊടും വഞ്ചകർക്കെതിരെ പടവാളെടുക്കുന്നതിൽനിന്നും അവരെ അകററി നിർത്തുന്നത്. അതുകൊണ്ടുതന്നെ ഇവററകൾ രാജ്യത്തിന്റെ പുരോഗതിയുടെ പാതകളിലും മുള്ളുകൾ വി

# പേപ്പർ, വീക്കിലി

(35–ാം പേജിൽനിന്നും തുടർച്ച)

''സാ...ർ'' വാക്കുകൾ കണ്ഠത്തിൽ തടയുന്നതായി തോന്നി. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

അടുത്തുനിന്നിരുന്ന അവന്റെ അമ്മ എന്റെ നേരെ നോക്കി. അവർ പറഞ്ഞു. സാറിനേപ്പററി എല്ലാം ബിനു എന്നോടു പറഞ്ഞിട്ടുണ്ട്. ഇന്നലെ പള്ളിക്കൂടത്തിൽവച്ച് ഒരു ബോധക്കേടുണ്ടായി, ഇവിടെ കൊണ്ടുവന്നു. രക്തത്തിൽ ക്യാൻസറാണെന്ന് ഡോക്ടർ പറഞ്ഞു. ഒരു കുറവുമില്ല സാർ. ഞാൻ എന്തു ചെയ്യും''. ആ മാതൃഹൃദയം വിങ്ങിപ്പൊട്ടി.

ബിനുവിന്റെ കണ്ണുകളിലെ തിളക്കം മങ്ങുന്നതായി തോന്നി. ആ കണ്ണുകൾ പതുക്കെ അടഞ്ഞുതുടങ്ങി.

''ബിനൂ, ബിനൂ...'' കലൂഹി വിളിച്ചു. പക്ഷേ മറുപടിയില്ലായിരുന്നു. ആ കണ്ണുകൾ എന്നന്നേയ്ക്കുമായി അടഞ്ഞു.

ചിറപൊട്ടിയൊഴുകിയ ബാഷ്പകണങ്ങൾ നിയന്ത്രിക്കാനായില്ല. പുന്നാരമോന്റെ മൃതശരീരത്തിൽ കെട്ടിപ്പുണർന്നു കരയുന്ന ആ മാതാവിനെ ഒന്നാശ്വസിപ്പിക്കാൻപോലും ശക്തിയില്ലായിരുന്നു.

അപ്പോഴും താളത്തിലുള്ള ഒരു സ്വരം കാതുകളിൽ മാറെറാലികൊള്ളുന്നതായി തോന്നി.

''പേപ്പർ, വീക്കിലി...പേപ്പർ, വീക്കിലി''.

★ ഗംഗാ ഫാൻസി സ്റ്റോർ ★

കോളേജ് ജംഗ്ഷൻ, കുറവിലങ്ങാട്.

എല്ലാവിധ സ്റ്റേഷനറി സാധനങ്ങൾ, പാദരക്ഷകൾ,
സ്പോർട്ട്സ് ഗുഡ്സുകൾ, ഫാൻസി സാധനങ്ങൾ
മറെറല്ലാവിധ സാധനങ്ങൾക്കും

ഗംഗാ — കോളേജ് ജംഗ്ഷൻ, കുറവിലങ്ങാട്.

തുന്നു. ആസന്ന ഭാവിയിൽ ഈ അശുഭാത്മാക്കളുടെ മുഖപടങ്ങൾ ചീന്തെറിയപ്പെടുകതന്നെ വേണം. രാജ്യത്തെ ഭിന്നിപ്പിച്ച് ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് കാറ ഇറക്കുന്ന ഈ മുഴുഭ്രാന്തന്മാരെ തെരഞ്ഞുപിടിക്കുവാനും, അവരെ സാമൂഹികമായി ബഹിഷ്കരിക്കുവാനും ആരോഗ്യമുള്ള ഒരു തലമുറ രംഗത്തു വരണം. സമൂഹത്തിൽ ഇത്തരം ശക്തികളെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ട ചുമതല അഭ്യസ്തവിദ്യരുടേതാണ്. അതുകൊണ്ട് നാം ചുമതലകൾ നിർവ്വഹിക്കുക, ഒരു ശക്തിയും നമ്മെ ഭിന്നിപ്പിക്കുവാനാവില്ല. അതുകൊണ്ട്, ഭാരതീയർ ഒന്നാണെന്നും, ഒരു ശക്തിയും നമ്മെ ഭിന്നിപ്പിക്കുവാനാവില്ല എന്നുംതന്നെയാവട്ടെ നമ്മുടെ മുദ്രാവാക്യം.

രാജ്യത്തെ ഗ്രസിച്ചിരിക്കുന്ന മറ്റൊരു സാർവ്വത്രികമായ വിപത്താണ് അഴിമതിയും, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും. ചൂഷകരും, പണക്കൊതിയന്മാരും ഇവിടെ സ്വൈര്യമായി വിഹരിക്കുകയാണ്. അർഹതയ്ക്ക് അംഗീകാരം നല്കാതെ, അർഹതയെ വെറും നോട്ടുകെട്ടുകളുടെ നൂൽബന്ധത്തിൽ കുരുക്കുവാനുള്ള നീചമായ ശ്രമങ്ങൾ ഇവിടെ അരങ്ങേറുകയാണ്. ഈ വിപത്തിന്റെ പ്രത്യാഘാതം പൊതുവെ, സാമ്പത്തിക ദുർബലരെയാണ് പിടികൂടിയിരിക്കുന്നതും. സർക്കാർ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മുടക്കുന്ന ഭാരിച്ച തുകയിൽ ഭൂരിഭാഗവും ലക്ഷ്യത്തിലെത്താതെ അഴിമതിക്കാരായ ഈ വെള്ളാനകളുടെ നിറയുകയ[illegible] കീശകളിലേക്കാണ് പ്രവഹിക്കുന്നത്. സർക്കാർസർവ്വീസും, മറ്റു വിവിധ ജീവിത മേഖലയിലുടനീളം അഴിമതി കൊടിയുയർത്തി ഭരണംനടത്തുന്ന മട്ടാണ്. മനുഷ്യ ജീവന് കടലാസ്സുകഷണത്തിന്റെ വിലപോലും കല്പിക്കാതെ പാനീയങ്ങളിലും, ഭക്ഷണ പദാർത്ഥങ്ങളിലും വിഷം കലർത്തി പച്ചയ്ക്കുതന്നെ അറുകൊല നടത്തു


**Buy the Best**

**BUY LEONARD**

**The Refrigerator Known And Trusted The World Over**

Marketed By

**BLUE STAR**

Stockists

**KEMS AGENCIES**

KOTTAYAM.
PHONE: 5347

THIRUVALLA.
PHONE: 2818

ന്ന സാമൂഹ്യദ്രോഹികൾ ഇവിടെ അവരുടെ പ്രവർത്തനം വിപുലമാക്കുകയാണ്. ഇവർ ഇംഗ്ലീഷുകാരൻെറ മൂശയിൽ രൂപം കൊണ്ടു ചുക്കിച്ചുളിഞ്ഞ നീതിന്യായ വ്യവസ്ഥിതിയുടെ പഴുതുകളിലൂടെ രക്ഷനേടുന്നു. ഇത്തരം സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്കുനേരെ തുടർന്നും നാം നിഷ്ക്രിയത്വം അവലംബിച്ചാൽ തീർച്ചയായും ഈ മനസ്സാക്ഷി മരവിച്ചവർ ഭാരതത്തെ സാത്താൻെറ വിഹാരഭൂമിയാക്കി അധ:പതിപ്പിക്കും.

വീണ്ടും ഭാരതം വിദേശശക്തികളുടെ ഭീഷണിയെയും നേരിടുകയാണ്: അതിർത്തികളിൽ പടയൊരുക്കം തകൃതിയായി നടക്കുന്നു. ഇസ്ലാമിക ബോംബുകൾ രൂപം പ്രാപിക്കുന്നു, കൂററൻ അത്യാധുനിക യുദ്ധോപകരണങ്ങൾകൊണ്ട് നമ്മുടെ സുഹൃത്തുക്കൾ അവരുടെ ആയുധപ്പുരകൾ നിറക്കുന്നു. പുല്ലുതിന്നും ആയുധം നിർമ്മിക്കും എന്നവർ ശഠിക്കുകയും ചെയ്യുന്നു. രാജ്യം അപകടങ്ങളുടെ ഉച്ചച്ചൂടിലാണ്. ജനസംഖ്യയുടെ പകുതിയിലധികംവരുന്ന ജനങ്ങളും ദാരിദ്ര്യത്തിൻെറ ശാപക്കടലിൽ നിലയില്ലാതെ അടിതെററുമ്പോൾ 'അന്തകനെ' നിർമ്മിക്കേണ്ട ഗതികേടിലാണ് ഭാരതം.

ഇപ്രകാരം രൂക്ഷമായ, നീറുന്ന വൈഷമ്യങ്ങളുടെ ഒരു പരമ്പരതന്നെ നമുക്കു നേരെ തിരിഞ്ഞിരിക്കുകയാണ്. തീർച്ചയായും പ്രതിസന്ധികൾ വലുതാണ്. പക്ഷേ, അവ പരിഹരിക്കാനാവാത്തവയല്ല. നാം അറിയാതെയും, അറിഞ്ഞും വരുത്തിവച്ച ഈ ദൂഷിതവലയങ്ങളുടെ ചരടുകൾ പൊട്ടിച്ചെറിയുവാൻ നമുക്കു സാധിക്കുക തന്നെ ചെയ്യണം. അതിനായി നാം ബഹുദൂരംസഞ്ചരിക്കേണ്ടിയിരിക്കുകയും വേണം. സാമൂഹ്യവിരുദ്ധന്മാരെയും, ചൂഷകരെയും നാം വരുതിക്ക് നിറുത്തുകതന്നെ ചെയ്യണം. രാജ്യത്തിൻെറ ഭദ്രതയും, അഖണ്ഡതയും വിഘാതം നിൽക്കുന്നവരെ നാം ഒററപ്പെടുത്തണം. സാമൂഹ്യവിരുദ്ധന്മാരുടെ പ്രവർത്തനങ്ങൾക്കെതിരെ ശബ്ദമുയർത്താനും, അവരെ ചെറുത്തു തോല്പിക്കുവാനും നാം ധീരമായി രണാങ്കണത്തിലിറങ്ങണം. രാജ്യത്തിനകത്ത് കുഴപ്പങ്ങൾ കുത്തിത്തിരുകുകയും, പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുവാൻ ശ്രമിക്കുന്നവരുടെ ചെയ്തികളെ നാം മുളയിലെതന്നെ നുള്ളണം. ഞെളിപിരികൊള്ളുവാനുള്ള പാപ്പരത്വം നമുക്കില്ല, രക്തദാഹിയായ ഒരു പട്ടാളജനാലിൻെറ കശാപ്പുകത്തിയുടെ മുമ്പിൽ വിറളിപിടിക്കേണ്ടവരല്ല ഭാരതീയർ. ഓർക്കുക, നമുക്കുണരേണ്ട സമയമായി, നമുക്കുണരാം, കർമ്മനിരതരാവാം.

★

Best Wishes


NIRMALA STUDIO
College Junction
KURAVILANGAD

കവിത

# ദൂരെ ഒളിയ്ക്കുക

ഉണരുക മർത്ത്യ മനോഹര ഭാവന
പുണരുക പുതിയൊരു ചൈതന്യം...
ഇരുളിന്നെതിരേ പുതിയ പ്രഭാത—
ക്കതിരുകളെറിയും ചൈതന്യം...

ഇന്നലെയോളം നമ്മളുറങ്ങി
യടിമത്വത്തിന്നിരുളറയിൽ
ഇന്നലെയോളം നമ്മളൊഴുക്കി
വിയർപ്പുമുത്തുകളീ മണ്ണിൽ...
മർത്ത്യാത്മാവിൻ സ്വപ്നദലങ്ങളി—
ലിറ്റുന്നിന്നൊരു സൗന്ദര്യം



JOY JOHN
II B.Com.

മാനവമനസ്സിന്നഗാധതലത്തിൽ
നിന്നു വിതുമ്പിയ സൗന്ദര്യം
കാലമിരുട്ടിൻ കോട്ടകൾകെട്ടി
തിരിച്ചു നിർത്തിയതോർക്കുന്നു...
ഞാനൊരു യുഗപരിവർത്തന ചിന്താ
വേദിയിൽ നിന്നിട്ടോർക്കുന്നു...
തകർന്നുപോയി നിങ്ങടെ ചിന്താ—
പഥങ്ങൾ നിങ്ങടെ സത്യങ്ങൾ
നിങ്ങളുയർത്തിയ മാനവവർഗ്ഗം
പുരോഗതിതൻ പ്രതിരോധങ്ങൾ
ദൈവങ്ങളുടെ മഹനീയ വിശുദ്ധി
യവരുടെ മായാജാലങ്ങൾ
തകർത്തു ഞങ്ങടെ തലമുറ പുത്തൻ
വികാസമാർന്ന ഹൃദയങ്ങൾ
ചരിത്രമിവിടെ തിരുത്തി ഞങ്ങൾ
പുതിയ രഥങ്ങൾ പായുന്നു,
മർത്ത്യപുരോഗതി തന്നുടെ പാതയിൽ
പുതിയ രഥങ്ങൾ പായുന്നു,
ഓടിയൊളിക്കുവിന്നിരുളിൻ പാളയ
വേദിയിൽനിന്നും നിങ്ങൾ.

★

ചെറുകഥ

# മരിക്കാത്ത ഓർമ്മകൾ

മഞ്ഞുപെയ്യുന്ന രാത്രികളിൽ രാഗിയെ മാറോടു ചേർത്തമർത്തുമ്പോഴും, ഒരിക്കലും ഒന്നും താൻ കരുതിയിരുന്നില്ല.

ഇല്ല ഒന്നും തനിക്കു മറക്കുവാൻ കഴിയില്ല. ഒരിക്കലും ഓർക്കരുതെന്നു് പലപ്പോഴും കരുതി.

പക്ഷേ......

മനസ്സെന്ന മായാപ്രപഞ്ചത്തെ കൈക്കുള്ളിലൊതുക്കുവാൻ ആർക്കെങ്കിലും കഴിയുമോ?

മനസ്സെന്ന മഴവില്ലിൽ പലനിറങ്ങൾ മാറി മാറി പ്രതിഫലിക്കുകയാണ്.

ഇന്നു തന്റെ മനസ്സിൽ പ്രതിഫലിക്കുന്ന നിറം ദുഃഖത്തിന്റേതാണു്.

ഒരിക്കലും നഷ്ടപ്പെടില്ലെന്നു കരുതിയതെല്ലാം തനിക്കു നഷ്ടപ്പെട്ടില്ലേ?

വർഷങ്ങൾക്കു മുമ്പു് മനസ്സിൽ പതിഞ്ഞ രൂപം.

ഒന്നും ഓർക്കരുതു് എന്നുകരുതി. പക്ഷേ ഒന്നും മറക്കുവാൻ കഴിയുന്നില്ല.

അവസാനം ആ വടം വലിയിൽ തന്റെ മനസ്സുതന്നെ ജയിച്ചു.

അമ്മാവന്റെ വീട്ടിൽ നിന്നാണു് താൻ പഠിച്ചതു്.

കൗമാരത്തിലേക്കു കാലൂന്നിയ കാലം.

അന്നു് തന്റെ മനസ്സിൽ നിറപ്പകിട്ടുള്ള സ്വപ്നങ്ങളൊന്നുംതന്നെ വേരൂന്നിയിരുന്നില്ല.

തനിക്കു സ്കൂളിൽ പോകാൻ ഒരു കൊച്ചുകൂട്ടുകാരിയുണ്ടായിരുന്നു. അമ്മാവന്റെ മകൾ രാഗി.

ചുരുണ്ടിരുണ്ട കാർകൂന്തലും, ചിരിക്കുമ്പോൾ തെളിയുന്ന നുണക്കുഴികളുമായി ഒരു ചിത്രശലഭത്തെപ്പോലെ പാറിനടക്കുന്ന നിഷ്കളങ്കയായ ഒരു പെൺകുട്ടി.

തന്റെ കൂടെ പറഞ്ഞുവിടുമ്പോൾ അമ്മായി പറയുമായിരുന്നു. ''മോനെ, മോളെ പ്രത്യേകം നോക്കിക്കൊള്ളണേ''.

അവൾ തന്റെ മുൻപിലൂടെ തന്നെ തോല്പിക്കുവാൻവേണ്ടി ഓട്ടമായിരുന്നു.



RESSY JOSEPH
II B. A. (Lit.)
No. 305

അപ്പോൾ താൻ പറയും ''പെണ്ണേ നീ വീഴും'' ഇല്ലായെന്നു പറഞ്ഞു അവൾ വീണ്ടും ഓടും. പാലം കടക്കാറാകുമ്പോൾ അവൾ ഓടിവന്നു് തന്റെ കൈയിൽ പിടിക്കും. ''യ്യോ, ചേട്ടാ, ഇനി എന്റെ കൈയ്യ് പിടിക്കണേ. അല്ലെങ്കിൽ ഞാൻ വീഴുട്ടോ''.

''ഇത്രയും നേരം നിനക്ക് ഞാനില്ലാതെ ഓടാമായിരുന്നു. ഇപ്പോഴ്......''

അവളുടെ കണ്ണു നിറയുവാൻ തുടങ്ങുമ്പോൾ താൻ ആ കയ്യിൽ പിടിച്ചിട്ട് ആശ്വസിപ്പിക്കും. ''നിന്റെ ചേട്ടൻ ചുമ്മാതെ പറഞ്ഞതല്ലേ മോളെ''.

പിന്നീട് തന്റെ കൈ വിടില്ല. അങ്ങനെ സ്കൂളുവരെ എത്തും.

നാലുമണിയാകുമ്പോൾ തിരിച്ചു വീട്ടിലെത്തുവാനുള്ള ശ്രമമാണ്.

അവളുടെ പുസ്തകവും, സഞ്ചിയും താൻ പിടിക്കും. വഴിയിൽ പൂക്കൾ പറിച്ചും, തുമ്പിയെ പിടിച്ചും, കളിച്ചും ചിരിച്ചും കൈയ്യിൽ പിടിക്കാതെ ഒരു പോക്കാണ്.

പാലം അടുക്കാറാകുമ്പോൾ വീണ്ടും തന്റെ കൈയിൽ പിടിക്കും. അപ്പോൾ താൻ ചോദിക്കും. ''രാവിലത്തെയൊക്കെ നീ മറന്നുപോയോ'' അവൾ ചിരിച്ചുകൊണ്ട് നടക്കും.

വർഷങ്ങൾ കടന്നുപോയപ്പോൾ യൗവ്വനം ഞങ്ങളിലിരുവരിലും ചില മിനുക്കു പണികൾ നടത്തി.

അതോടെ തങ്ങളുടെ ഇടയിൽ ചില അതിർവരമ്പുകളുണ്ടെന്ന് സ്വയം തോന്നിത്തുടങ്ങി.

തന്റെ സ്വരത്തിനു മാററം സംഭവിച്ചു. മുഖത്തെ കററിരോമങ്ങൾ കനം വച്ചുവാൻ തുടങ്ങിയിരിക്കുന്നു.

താനൊരു പുരുഷനായി എന്ന തോന്നൽ.

അവളും ഒരു സ്ത്രീയായി മാറി.

തങ്ങൾ ഇരുവരും കോളേജിൽ പോകുവാൻ തുടങ്ങി. മുമ്പിലും, പിറകിലുമായി ബസ്സ്റ്റാൻഡിൽ എത്തും. പിന്നീട് ഒരു ബസ്സിൽ കയറി കോളേജിൽ എത്തും. തിരിച്ചുവരുന്നതും അതുപോലെതന്നെ.

അവൾ തനിക്കുള്ളതാണെന്ന് അമ്മാവനും, അമ്മായിയും പറയുമായിരുന്നു.

എങ്കിലും തങ്ങൾക്ക് ഇരുവർക്കും പണ്ടത്തെപ്പോലെ ചിരിച്ചുല്ലസിച്ച് നടക്കുവാൻ കഴിഞ്ഞിരുന്നില്ല.

പഠനം കഴിഞ്ഞ് താൻ തന്റെ വീട്ടിലേക്കു പോകുവാൻ ശ്രമിച്ചു.

അമ്മാവനോടു പറഞ്ഞു. ''ഞാൻ വീടുവരെ ഒന്നു പോകുകയാണമ്മാവാ''.

''എന്താണു കുട്ടി നീ ഈ പറയുന്നത്. ഇതും നിന്റെ വീടുതന്നെയല്ലേ''.

''അതെ അമ്മാവാ, പക്ഷേ അവിടെ ചെന്നിട്ടുവേണം ഒരു ജോലിക്കു ശ്രമിക്കാൻ. ജോലികിട്ടി പിന്നെ......വിവാഹം''.

അമ്മാവൻ ഒന്നു ചിരിച്ചു. എതിരൊന്നും പറഞ്ഞില്ല.

പോകുന്നതിന്റെ തലേരാത്രി.

എല്ലാവരും ഉറക്കം പിടിച്ചപ്പോൾ രാഗി തന്റെ മുറിയിൽ വന്നു. ഭാവി കാര്യങ്ങളെക്കുറിച്ചാലോചിച്ച് കുറച്ചുസമയം ഇരുന്നു. പലപ്പോഴും ഒന്നാകാനുള്ള അടങ്ങാത്ത അഭിനിവേശം തോന്നി. എല്ലാം തനിക്കുള്ളതല്ലേ എന്നോർത്ത് അപ്പോഴെല്ലാം ക്ഷമിച്ചു.

പക്ഷേ ഒടുവിൽ അരുതാത്തതു സംഭവിച്ചു.

താൻ പറഞ്ഞു. ''ഈ ഒരു നിമിഷം നാം ദുർബലരായിപ്പോയി അല്ലേ രാഗി'.

അവൾ ഒന്നും മിണ്ടിയില്ല. വേർപാടിന്റെ നിമിഷങ്ങളെക്കുറിച്ചോർത്തപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു.

ഞാൻ അവളെ മാറോടുചേർത്ത് ആശ്വസിപ്പിച്ചു. അപ്പോഴും ആ കണ്ണുകൾ നിറഞ്ഞു കവിയുന്നുണ്ടായിരുന്നു.

പിറേറന്ന് രാവിലെ, പതിവുള്ള കളിയും, ചിരിയും തങ്ങൾക്കിരുവർക്കും നഷ്ടപ്പെട്ടിരുന്നു.

എങ്കിലും അവളുടെ പവിഴാധരങ്ങളിൽ ഒന്നു ചുംബിക്കുവാൻ താൻ മറന്നില്ല.

അവരം ആ നിമിഷം പൊട്ടിക്കരഞ്ഞുപോയി.

ഞാൻ അവളെ ആശ്വസിപ്പിച്ചു. ''നീ എന്തിനാ കരയുന്നതു്. ഒരു ജോലി കിട്ടിയാലുടൻ ഞാൻ നിന്നെ വിവാഹം കഴിക്കും''.

പിറേറന്നു് താൻ ആ പടിയിറങ്ങിയപ്പോരം നിറയുന്ന ആ കണ്ണുകളെ പിൻതള്ളുവാൻ കഴിഞ്ഞില്ല. തിരിഞ്ഞുനോക്കുവാനുള്ള കരുത്തില്ലെങ്കിലും തിരിഞ്ഞുനോക്കിപ്പോയി.

ഒരു ജോലിക്കുവേണ്ടി പല വാതിലുകളും മുട്ടി. പക്ഷേ തൻെറ നേരെ ഒരു വാതിലും തുറന്നില്ല.

തനിക്കു ജോലിയൊന്നും ഇതുവരെ കിട്ടിയില്ലെന്നറിഞ്ഞപ്പോരം അമ്മാവൻ രാഗിക്കുവേണ്ടി മറെറാരു വിവാഹം ആലോചിച്ചു.

ദുബായിലുള്ള ഒരു എഞ്ചിനീയറാണത്രേ. ചെറുക്കനു് പെണ്ണിനെ ഇഷ്ടപ്പെട്ടു. സ്ത്രീധനമൊന്നും വേണ്ട.

അമ്മാവനു് എല്ലാം എത്ര എളുപ്പം മറക്കുവാൻ കഴിഞ്ഞു.

പക്ഷേ തനിക്കും രാഗിക്കും അതിനു കഴിയുമോ? പതിവിൻപടി താൻ ആ വീട്ടുമുററത്തു കാലുകുത്തിയപ്പോരംതന്നെ സ്വീകരിക്കുവാൻ രാഗിയെത്തിയില്ല. എങ്ങും കനത്ത നിശ്ശബ്ദത.

നേരെ കോലായിലേക്കു കയറിച്ചെന്നു. എന്തിനു് എന്നുള്ള മട്ടിൽ അമ്മാവൻ ഒന്നു മുഖമുയർത്തിനോക്കുകമാത്രം ചെയ്തു.

മുഖവുരയൊന്നുമില്ലാതെ താൻ കാര്യം പറഞ്ഞു.

''എനിക്കൊരു ജോലികിട്ടിയാലുടൻ രാഗിയേ ഞാൻ വിവാഹം കഴിച്ചുകൊള്ളാം അമ്മാവാ''

അതിനുള്ള മറുപടി അതു തന്നെ തളത്തിക്കളഞ്ഞു. ''എടാ നിന്നെപ്പോലെ എത്രപേർ സർട്ടിഫിക്കററുമായി തെരുവുതോറും അലഞ്ഞുനടക്കുന്നു. അവർക്കൊക്കെ എവിടെയാണെടാ ജോലി?''

അന്നുവരെ തന്നെമോനെന്നു വിളിച്ച അമ്മാവൻ ഇന്നു് തന്നെ എടാ എന്നു വിളിക്കുന്നു.

അതിലെന്താണു് അതിശയിക്കാനുള്ളതു് ഇന്നവർക്കു് താൻ കേവലം അന്യനല്ലേ.

''നമുക്കു് എവിടെയെങ്കിലുംപോയി കൂലിവേലയെടുത്താണെങ്കിലും ജീവിക്കാം രാഗി. നീ വരൂ''. താൻ രാഗിയെ വിളിച്ചു.

''നീ ഇവൻെറകൂടെ പോകാനാണു് ഭാവമെങ്കിൽ ഈ ക്ഷണം ഞാൻ ആത്മഹത്യചെയ്തുകളയും''. അഛൻെറ ഭീഷണിക്കുമുൻപിൽ രാഗി ആ വിവാഹത്തിനു് വഴങ്ങി.


ഇന്നവളുടെ വിവാഹമാണു്.

സ്വന്തമെന്നു കരുതിയതെല്ലാം തനിക്കു നഷ്ടപ്പെട്ട ദിനം. ഇനി താൻ ആർക്കുവേണ്ടി ജോലിക്കു് അലയണം.

എല്ലാം നഷ്ടപ്പെട്ട തനിക്കു് ഈ ഭൂമിയിൽ ജീവിക്കുവാനുള്ള അർഹതയുണ്ടോ? അതിനുത്തരം കണ്ടെത്താൻ കഴിഞ്ഞില്ല.

ലേഖനം

# "ഈശ്വരൻ സത്യമോ മിഥ്യയോ"



BABU MATHEW
II B.Com.
No. 352

പ്രാചീന മനുഷ്യൻമുതൽ അത്യന്താധുനികനെന്നു സ്വയം വിശേഷിപ്പിക്കുന്ന ഇന്നത്തെ മനുഷ്യൻവരെ അവൻ വസിക്കുന്ന പ്രപഞ്ചത്തെയും അവനെയും നിയന്ത്രിക്കുന്ന ശക്തികേന്ദ്രത്തെ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്യുവരുന്നു. ആ അദൃശ്യമായ ശക്തികേന്ദ്രത്തെ അവൻ ദൈവമെന്നും ഈശ്വരനെന്നും മറ്റും പേരുകൾ നൽകി ആരാധിക്കുന്നു. വിവിധ തർക്കാരായ മനുഷ്യർ വിഭിന്നങ്ങളായ മതാചാരങ്ങളിലൂടെ ഈശ്വരനെ വണങ്ങുന്നു. ശാസ്ത്ര യുഗമെന്നു വിശേഷിപ്പിക്കുന്ന 20-ാം നൂറ്റാണ്ടിന്റെ അവസാന ദിശയിൽ ഈശ്വരനെക്കുറിച്ചു പറഞ്ഞാൽ അതിനെ ഭോഷത്വമെന്നു മുദ്രയടിക്കുന്നവരാണ് ഭൂരിഭാഗം മനുഷ്യരും.

ആധുനിക മനുഷ്യൻ സാമ്പത്തികമായും ശാസ്ത്രീയമായും പുരോഗമനത്തിന്റെ പടികൾ ചവുട്ടിക്കയറുമ്പോൾ, ധാർമ്മിക സംസ്കാരത്തിലും, ആദ്ധ്യാത്മികതയിലും അവൻ അധഃപതനത്തിന്റെ അഗാധ ഗർത്തങ്ങളിലേക്ക് ആഞ്ഞു പതിക്കുകയാണെന്നുപറഞ്ഞാൽ അതിൽ അല്പം പോലും അതിശയോക്തിക്ക് അവകാശമില്ല. ആധുനിക മനുഷ്യനായാൽ പിന്നെ അവൻ ആദ്ധ്യാത്മികതയിൽ അശേഷം വിശ്വാസമില്ല. ഈശ്വരൻ, ദൈവം തുടങ്ങിയ പദങ്ങൾ അറുപഴഞ്ചൻമാത്രം. ധാർമ്മികതയെന്നതു് ഒരു കഴിഞ്ഞ അദ്ധ്യായമായി മാറുന്നു. ഇതിന്റെയെല്ലാം ഫലമോ അനീതിയും അക്രമവും തേർവാഴ്ച നടത്തുന്ന ശവപ്പറമ്പിനുതുല്യമായ ആധുനിക് ലോകം. ആത്മാർത്ഥമായി ചിന്തിച്ചാൽ ഈശ്വരവിശ്വാസത്തിന്റെ അഭാവം മാത്രമാണ് മനുഷ്യന്റെ ഈ അധഃപതനത്തിന്റെ മൂലകാരണം.

സാമ്പത്തികമായി വളർന്ന മനുഷ്യൻ, ശാസ്ത്രീയമായി പുരോഗമിച്ച മനുഷ്യൻ, അവനു് ഈശ്വരൻ നൽകിയ കഴിവിനെക്കുറിച്ചു് ചിന്തിക്കാതെ തന്റെ തനതായ സൃഷ്ടിയാണ് ഇവയെല്ലാം എന്നു മനസ്സിൽ കരുതി അഹങ്കരിക്കുമ്പോൾ അവൻ ഈശ്വരനെ മറക്കുന്നു. അവന്റെ ദൈവവിശ്വാസം നഷ്ടപ്പെടുന്നു. പണമുണ്ടായാൽ പിന്നെ അവനു് യാതൊന്നും പ്രശ്നമല്ല. പണവും പ്രതാപവും നേടിക്കഴിഞ്ഞാൽ സമൂഹത്തിലെ ഉന്നതസ്ഥാനങ്ങൾക്കുവേണ്ടി അവൻ ഈശ്വരനെയും മതത്തെയും വളച്ചൊടിക്കുകയായി. അവസാനം സമാധാനം നഷ്ട

പ്പെട്ട ഈ മനുഷ്യൻ മദ്യത്തിന്റെയും മയക്കമരുന്നുകളുടെയും അടിമകളായി സ്വയം മാറിക്കൊണ്ടിരിക്കുന്നു.

താൻ അത്യന്താധുനികനും ബുദ്ധിയുള്ളവനുമെന്ന് മറ്റുള്ളവരെ മനസ്സിലാക്കാൻവേണ്ടി ദൈവത്തെ തള്ളിപ്പറഞ്ഞ് സ്വയം നാസ്തികനാകുന്ന വിഡ്ഢികളായ മനുഷ്യരുമില്ലാതില്ല. ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിനുപോലും ജീവന്റെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന നഗ്ന സത്യം ഇവർ വിസ്മരിക്കുന്നു.

ഇവിടെ ആധുനിക മനുഷ്യന്റെ പട്ടിക തീർന്നിട്ടില്ല. യുവത്വത്തിന്റെ ചുറുചുറുക്കിലും ശക്തിയിലും സൗന്ദര്യത്തിലും സ്വന്തം അസ്തിത്വത്തെക്കുറിച്ച് ചിന്തിക്കാതെ ദൈവമെന്ന പദം ഒരു പഴഞ്ചൻ വസ്തുവാക്കി മാറ്റിക്കളയുന്ന ഇന്നത്തെ യുവതലമുറ. ഈശ്വരവിശ്വാസമെന്ന പദം ഒരു യുവാവിന്റെയോ യുവതിയുടെയോ ആധുനിക ചിന്താഗതിക്കു യോജിക്കുന്നതല്ല.

ഒരു യുവാവോ യുവതിയോ ഈശ്വരനെക്കുറിച്ചു പറയുകയോ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്താൽ അവൻ അവരുടെ സമൂഹത്തിൽ വിലയില്ലാത്തവനാകുന്നു. ദേവാലയങ്ങളും മറ്റും യുവമിഥുനങ്ങളുടെ ശൃംഗാരം കൈമാറുന്നതിനുള്ള വേദികളാക്കി മാറ്റിയെടുക്കുന്നില്ലേ? പ്രാർത്ഥനയും ദൈവാരാധനയും അവരിൽ ലജ്ജയുളവാക്കുന്നു. 'ഓമർ ഖയ്യാമിന്റെകൂടെ അവർ പറയും ''ജീവിതം സുഖിക്കുവാനുള്ളതാണ്. മരിച്ചുപോയ ഇന്നലെകളെയും വരുവാനിരിക്കുന്ന നാളുകളെയും ഓർത്ത് വ്യാകുലചിത്തരാകാതെ ഇന്നുതന്നെ സുഖിക്കുവിൻ''.

യഥാർത്ഥത്തിൽ സ്വന്തം സ്വാർത്ഥ താല്പര്യങ്ങൾക്കായി ഈശ്വരനെയും, മതത്തെയും വളച്ചൊടിക്കുവാൻ ശ്രമിക്കുമ്പോൾ അവിടെ ആ ശക്തി ഒരു മിഥ്യയായി അവശേഷിക്കും. ശാസ്ത്രം എന്നുമാത്രം പുരോഗമിച്ചാലും മനുഷ്യൻ എത്രമാത്രം ഭൗതികമായി ഉയർന്നാലും ഈ പ്രപഞ്ചം മുഴുവൻ നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ട് എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. ഈ ശക്തിയെ മനുഷ്യൻ ദൈവമെന്നും ഈശ്വരനെന്നും മറ്റും പേരുകൾ നൽകി ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ഈ ശക്തിയെ കീഴ്പ്പെടുത്താൻ യാതൊന്നിനും കഴിവില്ല. നമുക്കും ഈ ശക്തിയിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യാം.

''ഈശ്വരൻ സ്നേഹമാകുന്നു''.

എല്ലാവിധ ഇംഗ്ലീഷ് മരുന്നുകൾക്കും

ജോസ്കോ മെഡിക്കൽസ്

ഗവണ്മെന്റ് ആശുപത്രിക്ക് എതിർവശം

കുറവിലങ്ങാട്

കവിത

# ഇന്നെന്റെ സ്നേഹം

മേഴ്സി ഇൽഡഫോൺസ്



ഇന്നെന്റെ സ്നേഹം ഇതനൊട്ടുണ്ടു.........
നീയൊരു മിഥ്യയോ......കടംകഥയോ.........
സ്നേഹമേ.........സ്നേഹമേ.........
നീയെൻ കാണാത്ത കളിത്തോഴിയോ.........!

ഒരിക്കലെങ്കിലും കാട്ടിത്തരില്ലേ.........
മുള്ളുകരം കോർത്ത നിൻ വരമ്പുവേലി
അറിയാതുടക്കിയെൻ ഹൃദയവും
തളർന്നുവീഴുന്നു.........തകർന്നു പിടയുന്നു.
സ്നേഹമേ.........സ്നേഹമേ.........
നീയെന്റെ ദു:ഖത്തിൻ കളിക്കൂട്ടുകാരി

ഓർമ്മയിലെങ്കിലും കൊണ്ടുത്തരില്ലേ.........
ദു:ഖം ചാലിച്ച നിൻ ഇമന്ദഹാസം
അറിയാതെൻ മാനസം യാത്രയുംചൊല്ലി
നടന്നുമറയുന്നു.........പിരിഞ്ഞുപോകുന്നു.........
സ്നേഹമേ.........സ്നേഹമേ.........
നീയെന്റെ ജീവന്റെ ജീവനല്ലേ.

ഹൃദയത്തിൻ പൂഞ്ചോലയിലെ.........
ദു:ഖത്തിൻ പനിനീർപ്പൂവേ
ഓർക്കാതിരിക്കാൻ കഴിഞ്ഞിടുമെങ്കിലും.........
മറക്കാൻ കഴിയുമോ.........വേദനകരം.........

സ്നേഹമേ.........സ്നേഹമേ.........
നീയെൻ ജീവന്റെ താളമല്ലേ.........

ദുഃഖമെ നീയെന്നെ പിരിഞ്ഞീടുമോ.........
ഈ തീരത്തുനീയെന്നെ തഴഞ്ഞീടുമോ.........
കരയാതിരിക്കാൻ ശ്രമിച്ചീടുമെങ്കിലും
ചിരിക്കാൻ കഴിയുമോ.........പരസ്പരം.

അവസാനമെങ്കിലും മാപ്പുതരില്ലേ
മരവിച്ച ജീവിതംകണ്ടു നിൻ മനസുതേങ്ങി.
മരണത്തെപ്പുണരാൻ വിങ്ങിയും വിളമ്പിയും
മയങ്ങി വീഴുന്നു......... പിടഞ്ഞുമരിക്കുന്നു.

സ്നേഹമേ.........സ്നേഹമേ.........
നീയെന്റെ കാണാത്ത കളിത്തോഴിയോ.........

★


# SALINI STUDIO

**MONIPPALLY**

**Specialist in**

**Marriage photography**
**Colour & Black and White**

Prop: MONIPPALLY SASI

ലേഖനം

# എൻ. എസ്. എസ് ഒരു വീക്ഷണം

BEENA JOHN I P. D. C.

നാഷനൽ സർവ്വീസ് സ്കീം. പേരിൽനിന്നുതന്നെ അർത്ഥം വ്യക്തമാകുന്നു. യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടുകൂടി ഏകദേശം 200 സ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് ഇതു്.

കലാലയത്തിന്റെ നാലു ചുവരുകൾക്കിടയിലിരുന്ന് അദ്ധ്യാപകന്റെ പ്രസംഗം കേട്ട് കുറെ പുസ്തകങ്ങൾ മനഃപാഠമാക്കി ക്ലാസ്സ് കയറ്റം എന്ന കടമ്പ കടക്കുവാൻവേണ്ടി മാത്രം നടത്തുന്ന വിദ്യാഭ്യാസം അതിന്റെ യഥാർത്ഥ ലക്ഷ്യം നിറവേറ്റുന്നുണ്ടോ? ഇല്ല എന്നാണ് എന്റെ അഭിപ്രായം. വിജ്ഞാനം സമ്പാദിക്കുക, അന്തർമുഖമായിരിക്കുന്ന കഴിവുകൾ വികസിപ്പിച്ചെടുക്കുക, സ്വയം മനസ്സിലാക്കുക എന്നീ മൂന്നു പ്രധാന കാര്യങ്ങളാണ് വിദ്യാഭ്യാസം കൊണ്ട് ഞാനുദ്ദേശിക്കുന്നതു്. ഇതിൽ ആദ്യത്തെ രണ്ടെണ്ണം കലാലയത്തിൽനിന്നും ലഭിക്കും. സ്വയം മനസ്സിലാക്കലോ?

ഒരു നേരത്തെ ആഹാരത്തിനും, നാണം മറയ്ക്കാൻ വസ്ത്രത്തിനും, അന്തിയുറങ്ങാൻ പാർപ്പിടത്തിനുംവേണ്ടി നട്ടംതിരിയുന്ന ഒരു കൂട്ടർ. കണക്കില്ലാത്ത [illegible] എന്തുചെയ്യേണ്ടൂ എന്നറിയാതെ മിഴിച്ചു നില്ക്കുന്ന മറ്റൊരു കൂട്ടർ. ഇവർക്കിടയിൽ പ്രശ്നപരിഹാരത്തിനു മാർഗ്ഗങ്ങൾതേടി ഒരു പിടി പ്രശ്നങ്ങൾകൂടി സമൂഹത്തിലേക്കു വിതറുന്ന ഒരു ശാസ്ത്ര സമൂഹം. ഇങ്ങനെയുള്ള, വൈവിധ്യം നിറഞ്ഞ ഒരു സമൂഹത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനുള്ള അവസരം ലഭിച്ചാൽ മാത്രമേ ഒരുവന് അവനെത്തന്നെ മനസ്സിലാക്കുവാനുള്ള അവസരം ലഭിക്കുകയുള്ളു. വിദ്യാഭ്യാസ കാലത്തുതന്നെ സമൂഹത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ശാശ്വത പരിഹാരം കാണുന്നതിനും സ്വയം മനസ്സിലാക്കുന്നതിനോടൊപ്പം മറ്റുള്ളവരെ മനസ്സിലാക്കുന്നതിനും നാഷനൽ സർവ്വീസ് സ്കീം വേദിയൊരുക്കുന്നു.

നാളെയുടെ വാഗ്ദാനങ്ങളായ നമ്മൾ തമ്മിലുള്ള 'സമരശേഷി'യെ കർമ്മശേഷിയായി മാറ്റേണ്ടതുണ്ട്. എന്തെങ്കിലും പ്രവർത്തിച്ച് വ്യക്തിമുദ്ര പതിപ്പിക്കേണ്ട കാലഘട്ടമാണ് യുവത്വം. എങ്കിൽപ്പിന്നെ ആ പ്രവൃത്തികൾ ദേശത്തിന്റെ നന്മയെ ലക്ഷ്യമാക്കി ആയിക്കൂടേ?

പാതകൾ നിർമ്മിക്കുക, പുതിയ സ്ഥാപനങ്ങൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾ നാടിനേയും അതുവഴി ദേശത്തെയും സമൃദ്ധമാക്കുന്നു. സമത്വസ്വാതന്ത്ര്യ സാഹോദര്യങ്ങളുടെ സന്ദേശധാരയാണ് ഓരോ എൻ. എസ്സ്. എസ്സ് പ്രവർത്തകന്റെയും ഹൃദയത്തിൽനിന്ന് ഉത്ഭവിക്കേണ്ടതു്. ജാതിമത കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും നറുമണം പരത്തുന്ന ഒന്നാണ് നാഷനൽ സർവ്വീസ് സ്കീം എന്ന് അഭിമാനത്തോടെ ഞാൻ പറയാം.

എൻ. എസ്സ്. എസ്സ് വിദ്യാർത്ഥിവർഗ്ഗത്തിന്റെ തൊഴിലിനോടുള്ള അവജ്ഞയെ ഒരു പരിധിവരെ തുടച്ചു മാറ്റുന്നതിനു സഹായിക്കുന്നു. 'സാമൂഹ്യസേവനത്തിലൂടെ വിദ്യാഭ്യാസം' എന്ന ആശയത്തെ അന്വർത്ഥമാക്കുന്നു.

സ്റ്റീൽ പാത്രങ്ങൾക്കും

വെള്ളി പാദസരങ്ങൾക്കും

## കണ്ണാലക്കുന്നേൽ ജൂവലേഴ്സ്

റ്റി. ബി. റോഡ്, കോട്ടയം

---

22 കാരററ് സ്വർണ്ണാഭരണങ്ങൾക്ക്

## കണ്ണാലക്കുന്നേൽ ജൂവലറി

ഏററുമാനൂർ

പ്രശ്നങ്ങൾ പരിഹരിക്കാൻ ബദ്ധശ്രദ്ധരെന്നു നടിക്കുന്ന രാഷ്ട്രീയക്കാർ അധികാരക്കസേരകൾക്കുവേണ്ടി കുതികാൽ വെട്ടും, കാലുമാററവും നടത്തുന്ന സാഹചര്യം. സ്വപ്നങ്ങളും സ്വപ്നഭംഗങ്ങളും, മോഹങ്ങളും മോഹഭംഗങ്ങളും മാത്രമുള്ള ഒരു യുവതലമുറ. ഈ സമൂഹത്തിലേക്കാണ് വർഷംതോറും ലക്ഷക്കണക്കിനു വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ ഗവണ്മെന്റു ജോലി എന്ന സ്വപ്നവുമായി ബിരുദ സർട്ടിഫിക്കററ് എന്ന ശാപവുംപേറി കടന്നുവരുന്നത്. ''നോ വേക്കൻസി'' എന്ന ബോർഡുകൾക്കുമുമ്പിൽ ഇനി എങ്ങോട്ട് എന്നുള്ള സങ്കീർണ്ണമായ ചോദ്യവുമായി തെരുവുനായ്ക്കളെപ്പോലെ അലഞ്ഞുതിരിയുക. താൻ ഉദ്ദേശിക്കുന്നിടത്ത് ഒരിക്കലും എത്താൻ കഴിയില്ല എന്നുവരുമ്പോൾ ചെല്ലുന്നിടത്ത് എത്താം എന്നുള്ളതാണ് പിന്നീടുള്ള തീരുമാനം. എങ്കിലും ആ മോഹഭംഗം അയാളുടെ ഹൃദയത്തിൽ എന്നും ഒരു ''എരികനൽ'' ആയിരിക്കും.

ഈ അവസരത്തിൽ എൻ. എസ്സ്. എസ്സിൽ പ്രവർത്തിച്ച ഒരാൾക്ക് ഏതു തൊഴിലിലും മഹത്വം കാണുവാൻ കഴിയും. തന്മൂലം ഏതെങ്കിലും ഒരു തൊഴിൽ സ്വന്തമായി ചെയ്ത് അവൻ ജീവിക്കാൻ വഴി കാണുന്നു.

അങ്ങനെ ആത്മാർത്ഥമായ സേവനത്തിന്റെയും, സഹിഷ്ണുതയുടെയും ആദർശങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് എൻ.എസ്സ്. എസ്സ്. പ്രവർത്തനം നിമിഷംതോറും അഭിവൃദ്ധിപ്പെട്ടുവരികയാണ്. ''സമൂഹത്തിന്റെ താല്പര്യം എന്റെ താല്പര്യം'' എന്നുകരുതി, ത്യാഗത്തിന്റെ പാതയിലൂടെ നീങ്ങി, പ്രതിബന്ധങ്ങളെ മാററിനിറുത്തി, ഉച്ചനീചത്വങ്ങളെ തുടച്ചുമാററി പുതുമയാർന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ ഓരോ എൻ. എസ്സ് എസ്സ് പ്രവർത്തകനും ബാദ്ധ്യസ്ഥനാണ്.

ഭൂരിഭാഗം ജനങ്ങളും പട്ടിണി കിടക്കുന്ന നീതിരഹിതമായ ഈ സമൂഹത്തിൽ നാടിന്റെ നന്മയെ ലക്ഷ്യമാക്കി, പുതിയ പദ്ധതികൾക്കു രൂപംകൊടുത്തുകൊണ്ട്, കരുത്തുററ കരങ്ങൾ ഉഴുതുമറിച്ചിട്ട ഈ രണഭൂമിയിലൂടെ സധൈര്യം അചഞ്ചലരായി, സമൂലമായൊരു സാമൂഹ്യ പരിവർത്തനത്തിന് സത്യത്തിന്റെയും നീതിയുടേയും, ധാർമ്മിക മൂല്യങ്ങളുടെയും, സമത്വത്തിന്റെയും, സാഹോദര്യത്തിന്റെയും പാതയിലൂടെ നാളെയുടെ പരിവർത്തനത്തിന്റെ ശില്പികളായി ഓരോ എൻ. എസ്സ്. എസ്സ് പ്രവർത്തകനും വളരും. ഈ മഹാശക്തി ഉയർത്തിവിടുന്ന അനുരണനങ്ങൾ ദൂരവ്യാപകങ്ങളായിരിക്കും തീർച്ച.

VETTOOR COLLEGE OF COMMERCE,
ETTUMANOOR
PHONE: 259

For B.Com. & M.Com.
Prof. V. V. MANI, M.Com., LL.B.
(Formerly of St. Thomas College, Palai.)


ടിക്കോസ് ഉല്പന്നങ്ങൾ നിങ്ങൾ ഒന്നു രുചിച്ചു നോക്കൂ.
ടിക്കോസിൻെറ ശുദ്ധവും കലർപ്പില്ലാത്തതുമായ
പൈനാപ്പിൾ ഫ്രൂട്ട്സിറപ്പ്,
സിന്തററിക് ഓറഞ്ച് സിറപ്പ്
മിക്സഡ് ഫ്രൂട്ട് ജാം,
പൈനാപ്പിൾ ജാം
മറെറാന്നു കൂടി–
ടിക്കോസ് സിന്തററിക് വിന്നാഗിരി.
TICCOS
3993
FPO
ഇപ്പോൾ മാർക്കററിൽ സുലഭം
ടിക്കോസ് ഉല്പന്നങ്ങൾ
ഇന്നു തന്നെ
ഉപയോഗിച്ചു നോക്കു.
ഉല്പാദകർ
THE THURUTHIPALLY INDUSTRIAL
FRUIT CANNING C. S. Ltd,
NEEZHOOR 686 612
KOTTAYAM, KERALA
TICCOS

# എൻ. എസ്. എസ്. വാർഷിക റിപ്പോർട്ട്

നിലവിലിരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം അതിന്റെ ലക്ഷ്യങ്ങൾ നേടുവാൻ പര്യാപ്തമല്ലെന്നു ബോധ്യമായതിന്റെ പരിണതഫലമായിട്ടാണ് 1971–ൽ കലാലയങ്ങളിൽ യുവാക്കളുടെ സംഘടനയായ നാഷനൽ സർവ്വീസ് സ്കീം രൂപം കൊണ്ടതു്. രാഷ്ട്ര പുനർനിർമ്മാണത്തിനു് യുവാക്കളെ പ്രാപ്തരാക്കുക എന്നതിനുപുറമേ അവരുടെ വ്യക്തിത്വ വികസനത്തിനു വഴിയൊരുക്കുക എന്നുള്ളതും സംഘടനയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. ലക്ഷ്യബോധമില്ലാതെ നിരാശരായി അലയുന്ന യുവജനങ്ങളെ ശരിയായ പാതയിൽ നയിക്കുന്നതിനും അവരെ കർമ്മോത്സുകരാക്കുന്നതിലും N. S. S നുള്ള കഴിവ് കഴിഞ്ഞ പത്തു വർഷങ്ങളിൽ അതു് തെളിയിച്ചിട്ടുള്ളതാണ്. രാഷ്ട്ര പുനരുദ്ധാരണത്തിനു് ഈ സംഘടന അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ അനവധിയാണ്. ഗ്രാമപാതകൾ നിർമ്മിക്കുന്നതിനും, ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും, ചേരിനിവാസികൾക്കുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനും കഴിഞ്ഞ കാലങ്ങളിൽ N. S. S ശ്രമിച്ചിട്ടുണ്ട്. അംഗങ്ങളെ പരസ്പര വിശ്വാസവും, സേവന സന്നദ്ധതയും, അദ്ധ്വാനശീലവും, ആത്മവിശ്വാസവും ഉള്ളവരാക്കുന്നതിനു് മഹത്തായ ഈ സംഘടനക്കു് കഴിഞ്ഞിട്ടുണ്ട്.

ദേവമാതാ കോളേജ് നാഷണൽ സർവ്വീസ് സ്കീം യൂണിററ് അതിന്റെ പാരമ്പര്യമനുസരിച്ചുള്ള ഗ്രാമസേവന പ്രവർത്തനമാണ് ഈ വർഷവും കാഴ്ചവച്ചതു്. അഭിമാനിക്കത്തക്ക പല നേട്ടങ്ങളും കൈവരിക്കാൻ ഈ യൂണിററിനു് കഴിഞ്ഞിട്ടുണ്ട്. ആകെ രണ്ടു യൂണിററുകളാണ് ഇപ്പോൾ ദേവമാതാ കോളേജിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. 1980–'81 കലാലയവർഷത്തിൽ കേരളാ യൂണിവേഴ്സിററിയുടെ കീഴിലുള്ള യൂണിററുകളിൽ ഏററവും നല്ല യൂണിററിനുള്ള സർട്ടിഫിക്കേററ് ദേവമാതാ കോളജ് യൂണിററ് പ്രോഗ്രാം ആഫീസർ ശ്രീ. പി. എം. ജോസ് ഏററുവാങ്ങി. ശ്രീ. പി. എം. ജോസ് M.Sc. (Dept. of Zoology), ശ്രീ. മാത്യു സെബാസ്റ്റ്യൻ M. A. (Dept. of Economics) എന്നിവരാണ് ഇപ്പോൾ ഈ സംഘടനയെ നയിച്ചുകൊണ്ടിരിക്കുന്നതു്.

ഈ വർഷം യൂണിററിന്റെ ഭാരവാഹികളായി

വിജയകുമാർ കെ. കെ. II B.Com.
(Leader)

കുര്യൻ ററി. ജെ. II B. A.
(Leader)

ജോർജ്ജ് കെ. വി. II B. Sc. (Che.)
(General Secretary)

സെബാസ്റ്റ്യൻ എ. ജെ. II B.Com,

നിഷ്കല II. B.Com,

ജോണി ജോസഫ് II B. A. L·tt.,

രാജു പി. II B. A. Ecos.

ജോർജ്ജ് വി. എം. II B. Sc.

(Secretaries)

റജീനാമ്മ പി. ലൂക്കോസ് II B. Com.
(Lady Representative)

എന്നിവരെ തെരഞ്ഞെടുത്തു.



VIJAYA KUMAR K. K.
(N. S. S General Leader)



GEORGE K. V.
(N. S. S G. Secretary)



SEBASTION A. J
(N. S. S Secretary)



RAJU P
(N. S. S Secretary)



GEORGE V. M.
(N. S. S Secretary)



JOHNY JOSEPH
(N. S. S Secretary)



JOSE GEORGE
N. S. S (Camp Organisor)

ഈ വർഷത്തെ പ്രത്യേക പരിത:സ്ഥിതിയിൽ കോളജ് പരിസരത്തുതന്നെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തിയതു്. കോളജിന്റെ മുഖഛായ തന്നെ മാറുന്നതിന് N. S. S പ്രവർത്തകർക്ക് കഴിഞ്ഞു.

N. S. S പ്രവർത്തകർ കോളജ് ലൈബ്രറിയിലുള്ള പുസ്തകങ്ങളുടെ ലിസ്റ്റുണ്ടാക്കുകയും, ഗ്രന്ഥങ്ങൾ ശരിയായ രീതിയിൽ ക്രമീകരിക്കുന്നതിന് സഹായിക്കുകയും ചെയ്തു.

വർഷാരംഭത്തിൽതന്നെ എൽ. പി. സ്കൂളും പരിസരവും വൃത്തിയാക്കുകയും, സ്കൂൾ പരിസരത്തു് അടിഞ്ഞുകൂടിയിരുന്ന മണ്ണ് കോരിക്കളയുകയും ചെയ്തു.


സെപ്റ്റംബർ 10 മുതൽ 17 വരെയുള്ള ഓണാവധിക്കാലത്തു് 100-ൽ പരം N.S. S പ്രവർത്തകരും 25-ൽ പരം അദ്ധ്യാപകരും ചേർന്ന് ഒരു മിനി ക്യാമ്പ് കോളേജിൽവച്ച് സംഘടിപ്പിക്കുകയുണ്ടായി. കോളേജിന്റെ പരിസര ശുചീകരണവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളുമാണ് മിനിക്യാമ്പിൽ നടന്നതു്. ക്യാമ്പുകാലത്തു് വിവിധതരത്തിലുള്ള ഓണക്കളികൾ അംഗങ്ങൾക്ക് മാനസികോല്ലാസം പകർന്നു.

സെപ്തംബർ 9 മുതൽ 20 വരെ കാഞ്ഞിരപ്പള്ളി സെന്റ്. ഡോമിനിക്സ് കോളേജിൽവച്ചു നടത്തപ്പെട്ട ഇന്റർ കോളേജിയേറ്റ് N. S. S നേതൃത്വ പരിശീലന ക്യാമ്പിൽ ഈ യൂണിറ്റിൽനിന്നുള്ള കുര്യൻ റ്റി. ജെ., ജോസ് ജോർജ്ജ്, സെബാസ്റ്റ്യൻ ഏ. ജെ., ബേബി ജോർജ്ജ് വിജയകുമാർ കെ. ജെ., റജീനാമ്മ പി. ലൂക്കോസ്, ഫാൻസി സക്കറിയാസ്, മേഴ്സി ഇൽഡഫോൺസ് എന്നിവർ പങ്കെടുത്തു. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇരുപതോളം കോളേജുകളിൽനിന്നുള്ള പ്രവർത്തകർ പങ്കെടുത്ത ഈ ക്യാമ്പിൽ ദേവമാതാ കോളേജ് യൂണിറ്റ് മറ്റ് യൂണിറ്റുകൾക്ക് ഒരു മാതൃകയാണെന്നു് തെളിയിച്ചു. ക്യാമ്പിനോടനുബന്ധിച്ചുനടന്ന കലാമത്സരങ്ങളിൽ ദേവമാതാ കോളേജ് യൂണിറ്റ് ട്രോഫികൾ വാരിക്കൂട്ടി. മറ്റു കോളേജുകളെ വളരെ ദൂരം പിന്നിലാക്കിക്കൊണ്ടു് ഏറ്റവും കൂടുതൽ പോയിന്റുനേടിയ ബഹുമതിയും സമ്പാദിച്ചു. പ്രസ്തുത ക്യാമ്പിൽ ശ്രീ. ബേബി ജോർജ്ജ് II B.Com. ഏറ്റവും നല്ല വർക്കറായി തെരഞ്ഞെടുക്കപ്പെട്ടു.


കറവിലങ്ങാട്ട് പഞ്ചായത്തിന്റെയും, സ്റ്റേറ്റ് സീഡുഫാമിന്റെയും സഹകരണത്തോടുകൂടി N. S. S പ്രവർത്തകർ കറവിലങ്ങാട്ട് പഞ്ചായത്തിലെ വീടുകളിൽ എലിനശീകരണത്തിനുള്ള വിഷപ്പൊതികൾ വിതരണം ചെയ്തു.

കോളേജ് ഗ്രൗണ്ടിൽവച്ച് സ്പോർട്ട്സ് നടത്തുവാൻ സാധിക്കാതെവന്ന അവസരത്തിൽ N. S. S. പ്രവർത്തകർ ഗ്രൗണ്ട് നന്നാക്കുകയും, സ്പോർട്ട്സ് യഥാക്രമം നടത്തുവാൻ സഹായിക്കുകയും ചെയ്തു.





എൻ. എസ്. എസ് വർക്ക്ക്യാമ്പ് ഒരു വീക്ഷണം





ഈ അദ്ധ്യായന വർഷത്തിൽ വളരെയധികം N. S. S. പ്രവർത്തകർ സാധുക്കളായ രോഗികൾക്ക് സൗജന്യമായി രക്തം ദാനം ചെയ്തു. വളരെ കാര്യക്ഷമതയോടുകൂടിയ ഒരു Blood Bank ഈ കോളേജിൽ പ്രവർത്തിക്കുന്നുണ്ട്.

ദേവമാതാ കോളേജ് N. S. S യൂണിററിന്റെ ഈ വർഷത്തെ ദശദിന വർക്ക് ക്യാമ്പ് കോളേജിൽവച്ച് ഡിസംബർ 18 മുതൽ 28 വരെ നടത്തപ്പെട്ടു. ക്യാമ്പിൽ 150—ൽപരം വിദ്യാർത്ഥികളും അനേകം അദ്ധ്യാപകരും സജീവമായി പങ്കെടുത്തു. 19—ാം തീയതി രാവിലെ കുറവിലങ്ങാട് പഞ്ചായത്തു പ്രസിഡന്റ് ക്യാമ്പ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോളേജ് കോമ്പൗണ്ട് നന്നാക്കുകയും, കോളേജിന്റെ മുൻപിൽ വഴിവെട്ടുകയും, നടകെട്ടുകയുമായിരുന്നു ക്യാമ്പിന്റെ പ്രവർത്തനങ്ങൾ.

വിവിധ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക പ്രവർത്തകർ ക്യാമ്പിൽ ക്ലാസുകളെടുക്കുകയും, ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കലാ പരിപാടികളോടെ നീങ്ങിയ ക്യാമ്പ് വളരെ സന്തോഷപ്രദവും, വിജ്ഞാനപ്രദവും ആയിരുന്നു. ക്യാമ്പിൽ പങ്കെടുത്ത ഓരോരുത്തർക്കും അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു ഈ വർഷത്തെ ക്യാമ്പ്. ക്യാമ്പിന്റെ വിജയത്തിന് വിദ്യാർത്ഥികളോടൊപ്പംതന്നെ അദ്ധ്യാപകരും ആത്മാർത്ഥമായി രംഗത്തുണ്ടായിരുന്നു. അവരുടെ സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും മുമ്പിൽ ഞങ്ങൾ ശിരസ്സു നമിക്കുന്നു.

കേരളാ യൂണിവേഴ്സിററി ഓഡിററർ കോളേജ് യൂണിററിന്റെ കണക്കുകൾ പരിശോധിക്കുകയും കണക്കുകൾ വളരെ കൃത്യമാണെന്ന് അംഗീകരിക്കുകയും ചെയ്തു.

മാനേജ്മെന്റും കോളേജ് അധികാരികളും N. S. S യൂണിററിനോട് വളരെ സഹകരണത്തോടുകൂടിയാണ് പെരുമാറിയിട്ടുള്ളത്. മാനേജ്മെന്റിനോടുള്ള കൃതജ്ഞത ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

യൂണിററിനെ വളരെ നല്ല രീതിയിൽ നയിച്ചുകൊണ്ടിരിക്കുന്ന ശ്രീ. പി. എം. ജോസ് സാറിനും ആത്മാർത്ഥതയോടും അർപ്പണ ബുദ്ധിയോടുംകൂടി N. S. S പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

K. V. GEORGE II B. Sc, (Che.)
General Secretary.

**നിങ്ങൾക്കൊരു ജോലി !**

അതിനു വിദ്യാഭ്യാസം മാത്രം പോരാ, തൊഴിൽകൂടി പഠിച്ചിരിക്കണം.
ആറുമാസംകൊണ്ട് ഒരു വർഷത്തെ

**ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ്**

പൂർത്തിയാക്കുക. സ്വന്തമായി ഒരു ജോലി കരസ്ഥമാക്കുക.
സ്വദേശത്തും വിദേശത്തും ധാരാളം ജോലി സാദ്ധ്യതയുള്ള പ്രസ്തുത കോഴ്സിൽ ചേരുവാനാഗ്രഹിക്കുന്ന S. S. L. C. വരെ പഠിച്ചവർ പ്രോസ്പെക്ടസിനു് എഴുതുക.

Director, ST. Mary's School of Medical Technology,
Kuravilangad P. O., Kottayam (Dist)
Phone: 65.

# A I C U F Devamatha College Unit Activities' Report

കത്തോലിക്കാ കലാലയ വിദ്യാർത്ഥികളുടെ ഏക പ്രസ്ഥാനമാണ് ഐക്കഫ്. സുവിശേഷത്തിൽനിന്നും ഉരുത്തിരിയുന്ന മാനവികതയെ സ്വാംസീകരിക്കുകയും അതിന്റെ ചൈതന്യം ഉൾക്കൊള്ളുന്ന സമൂഹ സൃഷ്ടിക്കുവേണ്ടി യത്നിക്കുകയുമാണ് ഐക്കഫിന്റെ ലക്ഷ്യം. വിദ്യാർത്ഥികളുടെ പരിപൂർണ്ണ വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നു ഐക്കഫിന്റെ പ്രവർത്തനങ്ങൾ ഓരോന്നും. ക്രിസ്തുനാഥനുമായി നിരന്തരം വൈയക്തിക ബന്ധം പുലർത്തുക, ജീവിതത്തിൽ എല്ലാ മണ്ഡലങ്ങളിലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതാണ് ഐക്കഫ് പ്രവർത്തകന്റെ ജീവിതശൈലി.

ഐക്കഫ് ദേവമാതാ കോളജ് യൂണിററിന്റെ ഉദ്ഘാടനം 1981 ജനുവരി 12-ാം തീയതി കോളജ് ഓഡിറേറാറിയത്തിൽവച്ച് പ്രൊഫ: കെ. എം. മാത്യു (കെ. ഇ. കോളജ്) നിർവഹിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ റീജണൽ ചാപ്ളിൻ റവ. ഫാ. തലക്കുളം ''ഐക്കഫ് എന്തിനു്? എന്തു്? ഉത്ഭവം'' എന്നിവ വിശദീകരിച്ചു. ഉദ്ഘാടനത്തിനുശേഷം കൂടിയ ഐക്കഫ് പ്രവർത്തകരുടെ യോഗം പ്രസിഡണ്ടായി മോൻ കുരുവിളയേയും (II B.A. Litt.) സെക്രട്ടറിയായി ജോയി കെ.പി. (II B.Sc. Maths.) ജോയിൻറ് സെക്രട്ടറിയായി മേഴ്സി ഇൽഡഫോൺസിനേയും (II B.A. Litt.) തെരഞ്ഞെടുത്തു.


1981 സെപ്ററംബർ 19 മുതൽ 22 വരെ നടത്തിയ റീജണൽ ക്യാമ്പിന് ആതിഥേയം വഹിച്ചതു് ദേവമാതാ കോളജ് യൂണിററായിരുന്നു. ക്യാമ്പിന്റെ ഉദ്ഘാടനം പ്രൊഫ. കെ. എം. ചാക്കോ നിർവഹിച്ചു. ഈ ക്യാമ്പ് നയിച്ചതു് ഡെൻസിൽ പോപ്പൻ സാർ ആയിരുന്നു. ഉത്സാഹപ്രദമായ പ്രഭാതങ്ങളും ആനന്ദപ്രദമായ സായംസന്ധ്യകളും അങ്ങനെ കടന്നുപോയതു് ആരും അറിഞ്ഞില്ല. ക്യാമ്പിന്റെ സമാപനം ബഹു. മാനേജർ റവ. ഡോ. എൻ. എം. തോമസ് നിർവഹിച്ചു. അതിനുശേഷം 22 മുതൽ 25 വരെ കെ. ഇ. കോളജിൽവച്ചു നടത്തിയ ക്യാമ്പിലും, ചങ്ങനാശ്ശേരിയിൽവച്ചു നടത്തിയ ക്യാമ്പിലും കോട്ടയം ബി.സി.എം.-ൽവച്ചു നടത്തിയ ക്യാമ്പിലും, പാലാ സെൻറ് തോമസിൽവച്ചു നടത്തിയ ക്യാമ്പിലും ഇവിടത്തെ കുട്ടികളെ പങ്കെടുപ്പിച്ചു.

ഈ യൂണിററിന്റെ ചാപ്ളിനായി റവ. ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ വന്നതോടെ പുതിയ പാതകളും നൂതനശൈലിയിലുള്ള പ്രവർത്തനങ്ങളും കാഴ്ചവച്ചു. ഐക്കഫിന്റെ പ്രവർത്തനത്തിനു പുതിയ വെളിച്ചം നല്കിയതു് റവ. ഫാ. വഞ്ചിപ്പുരയ്ക്കൽ തന്നെയാണ്.

1981 ഒക്ടോബർ 7 മുതൽ 11 വരെ ഒരു കരിസ്മാററിക് ധ്യാനം നടത്തി. അതിനുശേഷം എല്ലാ വെള്ളിയാഴ്ചയും പ്രൊഫ. പി. സി. ജോസഫ്, പ്രൊഫ. കെ. എം. ലൂക്കോസ് എന്നിവരുടെ നേതൃത്വത്തിൽ ഒരു മണിക്കൂർ പ്രവർത്തനയോഗം നടന്നു വരുന്നു. ഇതു് കുട്ടികളുടെ പ്രാർത്ഥനാജീവിതത്തിനു് ആക്കം കൂട്ടുകയും മററുള്ളവർക്ക് ഒരു മാതൃകയുമാണ്.

ഐക്കഫ് യൂണിററിലെ വിദ്യാർത്ഥികളെ ലക്ഷ്യമാക്കി ഒരു സെമിനാർ ഒക്ടോബറിൽ സംഘടിപ്പിച്ചു. ഈ സെമിനാറിൽ പ്രൊഫ. സ്കറിയാ (എസ്. ബി.

# A I C U F Activities



കോളജ്) ക്ലാസ്സെടുത്തു. ഇതിൽ മററു കോളജിൽനിന്നുള്ള വിദ്യാർത്ഥികളും പങ്കെടുത്തു.

ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 10–11–1981ൽ പാലാ സെൻറ് തോമസ് കോളജ് പ്രിൻസിപ്പൽ പ്രൊഫ. പി. എം. ചാക്കോ നിർവഹിച്ചു. തദവസരത്തിൽ ഫാ. ചെറിയാൻ തലക്കുളം, പ്രിൻസിപ്പൽ പ്രൊഫ. അബ്രഹാം നിധീരി എന്നിവർ ആശംസകൾ നേർന്നു.

8–1–1981ൽ ഞങ്ങളുടെ ഡയറക്ടർ പ്രൊഫ. ജോർജ് ജോൺ നിധീരി ക്ലാസ്സെടുത്തു. അതിനുശേഷം വിദ്യാർത്ഥികൾക്ക് ഇൻറർവ്യൂ അഭിമുഖീകരിക്കുന്നതിനു ഞങ്ങൾ സംഘടിപ്പിച്ച ഒരു പ്രോഗ്രാം ആണ് 'Meet the Interview Board'. 1982 ഫെബ്രുവരി 14–ാം തീയതി ഒരു കരിസ്മാററിക് സെമിനാർ, ചങ്ങനാശ്ശേരിയിലുള്ള ശ്രീ അപ്പച്ചൻേറയും ഷാജിയുടേയും നേതൃത്വത്തിൽ നടത്തി. അതിനുശേഷം ഫെബ്രുവരി 21, 22 തീയതികളിൽ നടത്തിയ കരിസ്മാററിക് സെമിനാറിൽ ഫാ. നിരവത്തു് ക്ലാസ്സെടുത്തു.

കുറെക്കാലമായി ഇവിടെ പ്രവർത്തനം ഇല്ലാതിരുന്ന വൈഎംഫെ് ചുരുങ്ങിയ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇത്രയും പരിപാടികൾ സംഘടിപ്പിച്ചതിൽ ഞങ്ങൾക്കു തികഞ്ഞ അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. ഈ വൈഎംഫെ് യൂണിററ് ഇത്രയും പ്രവർത്തിക്കാൻ കാരണം സേവനസന്നദ്ധരായ ഞങ്ങളുടെ ചാപ്ളിൻ റവ. ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ, ഡയറക്ടറന്മാരായ പ്രൊഫ. ജോർജ് ജോൺ നിധീരി, കെ. എം. ലൂക്കോസ് എന്നിവരുടെ സഹായത്താലാണ്. ഇവരുടെ പ്രവർത്തനങ്ങൾ നന്ദിപൂർവം സ്മരിച്ചുകൊണ്ടും ഞങ്ങളോട് സഹകരിച്ച എല്ലാ അദ്ധ്യാപക വിദ്യാർത്ഥി സുഹൃത്തുക്കളോടും നന്ദി പറഞ്ഞുകൊണ്ടും, അതിലേറെ ഞങ്ങളുടെ പ്രവർത്തനങ്ങളെ മുഴുവൻ വീക്ഷിച്ചുപോന്ന, ഞങ്ങൾക്കുവേണ്ട എല്ലാവിധ അനുഗ്രഹങ്ങളും നല്കിയ പരമകാരുണ്യവാനായ ദൈവത്തിനു് നന്ദി പറഞ്ഞുകൊണ്ടും ഈ റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കട്ടെ.



സെക്രട്ടറി.


കാണക്കാരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3831

H. O. വെമ്പള്ളി (Phone: 35 Kvld)

ബ്രാഞ്ചുകൾ: കാണക്കാരി (Phone: 254 Etr.) & കടപ്പൂര്

★ ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

★ കാർഷിക, കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ കൊടുക്കുന്നു.

പ്രൊഫ. കെ. എം. ലൂക്ക്
(പ്രസിഡൻറ്)

എ. സി. മാത്യു.
(സെക്രട്ടറി)

# WE ARE PROUD OF THEM



Mini John Receives
Rev. Fr. Joseph Thannipara Scholarship



SREEKUMAR N.
Mono act,
First in the University.



JOY V. G.
Represented Kerala in the
Republic Day Parade at New Delhi.



Prof. V. U. Abraham M. Sc.
On Debate



Sri. Baby Thomas M.A., M. Phi

# CAMPUS WEEK



Sri. C. F. Thomas M. L. A.
On Politics



Sri. Kurian Pampady
Journalism Seminar



Sri. James Joseph M. A.



Prof. K. M. Chacko M. A.



Prof. Abraham M. Nidhiry M. A.
Art and Literature



Sri. Palai Narayanan Nair
'Kaviyarangu'

# ഷാലിമാർ

നിക്ഷേപങ്ങൾക്ക്

## 25%

വരെ

പലിശ നൽകുന്നു

15 ദിവസ നോട്ടീസ്
18% നിക്ഷേപങ്ങൾക്ക്
പലിശ നൽകുന്നു

സ്ത്രീകൾക്കും ചാരിറ്റബിൾ
സ്ഥാപനങ്ങൾക്കും 1% കൂടുതൽ പലിശ

നിക്ഷേപകർക്ക് സ്വർണ്ണാഭരണങ്ങൾ വാങ്ങുമ്പോൾ 2% കൂടുതൽ പലിശ ലഭിക്കുന്നു

പലിശ മാസം തോറും ലഭിക്കുന്നു

## ഡിപ്പോസിറ്റ് സ്കീം

12 മാസത്തെ ഡിപ്പോസിറ്റ് 20%
24 മാസത്തെ ഡിപ്പോസിറ്റ് 21%
36 മാസത്തെ ഡിപ്പോസിറ്റ് 22%
48 മാസത്തെ ഡിപ്പോസിറ്റ് 23%
60 മാസത്തെ ഡിപ്പോസിറ്റ് 24%

അടുത്ത പ്രതിമാസ നറുക്കെടുപ്പ്
[illegible] ബ്രാഞ്ചിൽനിന്നും
ആരംഭിക്കുന്നു

1 ലക്ഷം 1/2 ലക്ഷം 1/4 ലക്ഷം 10,000

## ഗോൾഡൻ ഡിപ്പോസിറ്റ് സ്കീം

| തുക | 36 മാസം | 60 മാസം | 84 മാസം | 120 മാസം |
|---|---|---|---|---|
| 1000 | 1675 | 2500 | 4080 | 8600 |
| 5000 | 8375 | 12500 | 20400 | 43000 |
| 10000 | 16750 | 25000 | 40800 | 86000 |
| 50000 | 83750 | 125000 | 204000 | 430000 |
| 100000 | 167500 | 250000 | 408000 | 860000 |

## ഷാലിമാർ

ഫൈനാൻസിയേഴ്സ്
[illegible]
ഫോൺ [illegible]

Partners:- George John Mattom
Wilson P. Antony
Thommachan

# DEVA MATHA COLLEGE DAY - 1982



Welcome to the Guest.



Chairman
Presidential Address.




General Secretary
Presents the College Union Report





Iswara Iyer
Inaugurates the Gollege day

Advo. Vincent Panikulangara
Speaks that occasion



The Listening Audiance.

# याद आने पर

Sebastian P. J.
II D. C. Physics, No. 58



सुन्दर रजनी की मंजुल गोद में
ओस कणों का खेलना देखकर
याद आती है, मुझे तेरी याद आती है।

चारु चन्द्रिका से मुक्त रजनी में
शान्त पवन सा दूत आने पर
याद आती है, तेरी मधुर याद आती है ॥

इस सोती हुई दुनिया में
जगा हूँ, मैं तेरी याद में हूँ।
अकेला हूँ, मैं यहाँ दुखी हूँ
पास आ तू मेरी दुख मिटा ?

ढलते सूरज की उज्वल धूप में
बेचारे लोग आराम लेने पर
आलसी हूँ मैं आराम दे तू
तेरी गोद में मुझे आराम दे।

पश्चिम व्योम में मेघों के उठकर
फैलने पर, वर्षा आने पर
बेचारा हूँ मैं, अभय दे तू
अपनी बिखरी वेणी में मुझे अभय दे

अधखुली कली में भ्रमर आने पर
मधू लेने पर उन्मत्त होने पर
तू फुल है, मैं भ्रमर हूँ
मधू दे मुझे उन्मद बना तू

पवन पेड़ के आलिंगन करने पर
पत्र पौधों के गले से लगाने पर
लोभ में हूँ, मैं तेरी याद में हूँ
तूझे छूने, गले से लगाने के।

# भारतीय नारी की अवस्था

Mariam Xavier,
II B.A. Ltt.
No. 318, Deva Matha College
Kuravilangad

"अबला जीवन हाय ! तुम्हारी यही कहानी
अंचल में है दूध और आँखों में पानी ।

कवि ने ऊपर उद्धृत इन दो पंक्तियों में भारतीय नारी का मार्मिक और हृदय-स्पर्शी चित्र खींचा है। एक यंत्र की भाँति अपनी सन्तान का पालन पोषण करना और जीवन भर दुःख और कष्टता सहन करना ही उसका काम है। सदियों से पुरुषों के अत्याचार सहते-सहते नारी जाती का हृदय भावशून्य हो गया है और उसकी आत्मा मृतप्राय हो चुकी है। भारत की नारी के बारे में सोचने पर काल के अनुसार उनकी अवस्था में कई तरह के अंतर दृष्टव्य है। इसलिए प्राचीनकाल की नारी और आधुनिक नारी की अवस्था पर ध्यान रखना आवश्यक है।

## प्राचीनकाल:

प्राचीनकाल में जब लोग अशिक्षित और संस्कारशून्य थे तब भी भारत के लोग स्त्री का आदरण करते थे और पूजा करते थे। एक विद्वान ने कहा कि किसी ;देश अथवा जाति की उन्नती का सब से पहला प्रमाण यह है कि उस में स्त्रियों का स्थान ऊँचा रहे। कोई देश अन्य बातों में चाहें जितना ही उन्नत क्यों न हो, परन्तु, यदि उस में स्त्रियों को पुरुष के बराबर अधिकार न हो, उनका सम्मान न हो और वे अशिक्षित हों तो वह देश कदापि सभ्य और समृद्ध नहीं कहा जा सकता। प्राचीन काल में भारत वर्ष उन्नती के सर्वोच्च शिखर पर पहुँचा हुआ था। यहाँ की सभ्यता संसार केलिए आदर्श थी। भारत से बहुत सी विद्यायें विदेशी लोग अपने-अपने देशों को ले गये थे। उस समय भारत वर्ष में सभी लोग सुखी थे और आनन्द पूर्वक अपना जीवन व्यतित करते थे। उन्नती की उस अवस्था में यहाँ नारी जाति को बहुत ऊँचा स्थान प्राप्त था।

प्राचीन भारत में लोग अशिक्षित थे। उन दिनों में लोगों के बीच एक धारणा पैदा हुई कि स्त्री अबला है और चपला है। इसलिए स्त्री शिक्षा भारत में नही थी। उपनिषद् में यज्ञवलक्य के साथ गार्गी के शास्त्रवाद का उल्लेख मिलता है। इसका यह प्रमाण है कि उन दिनों स्त्रियों का शिक्षित रहना कोई अद्भुत कार्य नहीं था। कहा जाता है कि शंकराचार्य जी के साथ मण्डणमिश्र की स्त्री ने शास्त्र-सिद्धान्तों की चर्चा करके उन्हें आश्चर्य, चकित कर डाला है। मगर मध्य युग की आचरण संहिता में स्त्री को शिक्षा प्राप्त करने का अधिकार ही नहीं दिया गया है। लोंगों के बीच में एक बुरा विश्वास प्रचलित है कि शिक्षा प्राप्त करने पर स्त्री अहंकारी और स्वार्थी बन जायेगी। इसलिए पुरुष के साथ अपना ही व्यक्तित्व दुनिया को दिखाने में स्त्री समूह अप्राप्त था।

पुराने जमाने में भारतीय आदमी अन्ध विश्वासों और अनाचारों के गुलाम थे। इन मूर्ख लोगों के जीवन सहतापपूर्ण थे। क्यों कि सारा समूह अन्ध-विश्वासों को और अनाचारों को प्राधान्य देकर बेचारी नारी का जीवन अपहारा करते थे। सति, शैशव-विवाह, इसप्रकार अर्थशून्य कार्यों को प्रधान स्थान दिया जाता था। अपने जीवन में स्त्री को कोई अधिकार नहीं था। भारत की विधवा की स्थिति बहुत कष्टपूर्ण है। पति की चिता में उनके साथ मरना ही सति का कर्तव्य है विधवा होने पर स्त्री को विवाह करने का अधिकार नहीं था। लोग विश्वास करता था कि स्त्री के दोष से ही उनके पति की अकाल मृत्यु होती है। शादी संप्रदाय यह था कि, एक पुरुष, जिन्हें स्त्री ने नहीं देखा था या समझा था उसको माता-पिता की जबरदस्ती से बाल्य काल में ही शादी करनी पड़ती थी। इसप्रकार अपने ही बातों में स्त्री का कोई अधिकार नहीं था।

स्रीयों का, घर के बाहर निकलना भी, निषिद्ध मोना जाता था । केवल घर के अन्दर अपनी कष्ठताओं को सहकर दिन-रात बिताने को भारत की स्री जबरदस्त होती है । स्री को किसी भी क्षेत्र में अपने औचित्य की स्थापना करने का अवसर या अधिकार न था । मनु ने अनुशासन किया था कि 'न स्री स्वातन्त्र्यमर्हति' । मुस्लीम समाज में स्री पर्दा धारण करने को प्रेरित होती थी । इसप्रकार सारी कष्ठताओं और पुरुष के पीडन सहकर भारतीय नारी प्राचीनकाल में एक दुःखपूर्ण जीवन व्यतित करती थी ।

यद्यपि लोग अशिक्षित और संस्कार शून्य थे । फिर भी वे शिवाजी के समान "परस्त्री को माता समझकर पूजा करते थे" परस्री का स्पर्श करना पाप मानता था । स्री कई प्रकार की कष्टता सहन करते थे । फिर भी वह सुरक्षित थी ।

भारतीय नारी की शालीनता और विनय-शीलता सारी दुनिया में प्रसिद्ध थी। पति को ईश्वर समझ कर वह पूजा करती थी । पति के आग्रह से बढकर उसे कोई अभिलाषा नहीं थी । अपने पति और बच्चों केलिए स्त्री अपना जीवन व्यतित करती थी । उनका अच्छा उदाहरण है "सीता शीलावति, और कस्तूरबा" , स्री घर का दीप है । यह मानकर जीने को और व्यवहार करने को पुरुष तैयार थे। भारतीय नारी का महत्व उनके शक्त और सुदृढ 'कुटुंब जीवन' में उसी ने बिजय पायी । समाज में स्त्रियों को समान अधिकार मिले थे । नारी के महत्व पर पुराने जमाने में लोग श्रद्धावान रहे थे। यहाँ के मनुष्य बन्धुत्व की सुस्थिरता भारत की उन्नती का निदान थी । भारतीय नारि पति के साथ साथ बडे बडे समारोहों में भाग लेती थी । पुरुषों के समान वह राजनैतिक, सामाजिक और धार्मिक शिक्षायें प्राप्त कर रणभूमी में अपनि वीरता को प्रकट करती थी । इसका उदाहरण है, कुन्ती, अहल्या, सती, सावित्री और लक्ष्मीबाई ।

## आधुनिक काल:—

भारतीय नारी की अवस्था इस युग में बराबर दुःखमय है । यद्यपि नारी स्वतंत्र है और पुरुष के समान सारा काम करती है तो भी वह सुरक्षित नहीं है । नारि स्वातंत्र्य की घोषणा के इस जमाने में नारी को स्वातन्त्र्य मिल गया है तो भी पशु के समान पुरुष अपनी भोग वस्तु मानकर नारी का अपमान करता है । जब तक इस प्रवणता का अंत नहीं होगा है तब तक नारी पारतंत्र्य मे रहेगी घर के बाहर किसी भी स्थान में अकेले जाने केलिए नारी डरती है । स्त्री के अभिमान की सुरक्षा करने केलिए जब तक राष्ट्र में उचित करवाई नहीं होगी है तब तक भारत की स्त्री स्वतंत्र नहीं है ।

आधुनिक युग में स्त्रीयाँ वैसे ही शिक्षा प्राप्त करती हैं जैसे पुरुष प्राप्त करते हैं । अब यह प्रस्ताव अयुक्तिक स्थापित हुआ है कि "स्त्री शूद्र न धीयाताम्" । आधुनिक युग में स्त्रियों का कार्यक्षेत्र उतना ही व्यापक हो गया है जितना पुरुषों का रहा है । अंतरीक्ष भ्रमण की यात्रा में भी स्त्री अपना पार्ट खेल चुकी है । स्री शिक्षा प्राप्त करने से उनका कार्यक्षेत्र व्यापक होता है और इस से देश की भी भलाई होती है । आतुर शुश्रुषा के क्षेत्र में पुरुष से बडी अच्छी और श्रेष्ट तरह स्री काम करती है । किसी एक महान ने कहा कि 'जो व्यक्ति एक पुरुष को पढाता है वह एक ही व्यक्ति को पढाता है । जो व्यक्ति एक स्री को पढाता है वह एक राष्ट्र को पढाता है । स्री को पढानेवाले व्यक्ति का प्रयत्न फल में आता है। क्योंकि उसके प्रयत्न से एक घर का, समूह का और राष्ट्र का भी उद्धार होता है। इसप्रकार स्री को पढाना एक महत्तर कार्य है । यदि नारि अशिक्षित और संस्कारशून्य है तो इसका प्रतिफलन उसकी संतान में दिखाई पडता है । उसकी संतान भी मूल्यहीन व्यक्ति बन जाती है। इसप्रकार सोचने पर स्री को पढाना एक राष्ट्र को पढाने के समान फलदायक है । एक राष्ट्र का धन उस राष्ट्र के लोगों में निक्षिप्त है। यदि वे अशिक्षित है तो समाज केलिए और राष्ट्र केलिए एक शाप है ।

नारी वर्ष का भी आयोजन किया और नारी के सुरक्षितत्व केलिए शब्द मचाया गया फिर भी नारि सुरक्षित नहीं है । यह संस्कारशून्य और दूषित प्रवृत्ति जिस में भारत के पुरुष व्यापृत है । वह भारतीय संस्कार केलिए अपमान है। भारत विदेशी लोगों के बीच में भी अपने देश में नारी सुरक्षितत्व केलिए प्रसिद्ध है । प्राचीन काल के पुरुष शिवाजी के समान परस्री को माता समझ कर आदर करता है पर आधुनिक युग के पुरुष के बीच में माता - बहन कोई अंतर भी नहीं है । वे स्री को अपनी भोगवस्तु समझकर नारी वर्ग का भी अपमान करता है । इस पशुता का अंत कर नारी को नष्ट हुए अभिमान का

पुन: स्थापना करने केलिए बस्य पुरुष को उचित दण्ड देना चाहिए। पुरुष की तरह नारी को भी विचार विकार और अभिमान है। दोनों को एक ही अधिकार और अवकाश है। स्त्री पुरुष का गुलाम नहीं है। स्त्री का अपमान करनेवाले समाज द्रोहियों को उचित दण्ड देकर यह पशुता का अंत जब तक नहीं किया जाता तब तक भारतीय स्त्री स्वतंत्र नहीं है। भारतीय नारी का रोदन, उसके अभिमान का नाश राष्ट्र के अच्छे नाम केलिए एक कलंक है। नारी का महत्व जानने के बदले आज के संस्कारसंपन्न और शिक्षित पुरुष अपनी पशुता दुनिया को दिखाते है। इस दुनिया का सब से बडा दोष यह है कि स्त्री की नग्नता का प्रदर्शन कर लोग धन कमाते है। यह नारी वर्ग केलिए बडा अपमान है।

आज भारत में प्रचलित एक बडा और बुरा दोष है देहज का प्रश्न। इस केलिए लाखों नारियाँ अपने जीवन को बलिदान करती है। "स्त्री ही है धन" इसका महत्व मानने में आज के लोग पराजित होते हैं। इस युग का सब से बडा दोष यह है कि मनुष्य धन को प्राधान्य देकर मनुष्यता को भूलता है। यह है भारत के भी नाश का निदान। धन कमाने के काम में वे बेचारी नारी का निष्कलंक जीवन अपहार करते हैं। दहेज एक बुरी प्रथा है। धन केलिए स्त्री को मारना फिरना और सारे प्रकार की क्रूरता दिखाना भी पशुता का लक्षण है। नारी एक दुःखी अवस्था में है क्यों कि पति नामक पुरुष को एक वस्तु के समान धन देकर खरीदना चाहिए। आज के पुरुष पशु से श्रेष्ठ नहीं है। उनकी हीन प्रवर्त्तियाँ इसका अच्छा प्रमाण है।

नारी का महत्व:—

एक विद्वान ने कहा कि "Man is an animal famed by a woman". यहा वाक्य भारतीय नारी के बारे में अन्वर्थ है। क्यों कि भारतीय नारी अपने पति को ईश्वर समझकर पूजा करती थी। पुरुष स्त्री के हाथ में केवल एक खिलौना है। उस खिलौना का नाश और उद्धार में स्त्री का हाथ है। स्त्री चाहने पर दुनिया का नाश और उद्धार वह कर सकती है। एक पुरुष के मुख में प्रतिफलन करनेवाला भाव एक स्त्री से ही मिल गया है। माता: बहन, और पत्नी इन तीनों में एक व्यक्ति है। सारे समय एक पुरुष के संतोष के निदाना एक पति, यदि वह एक संतुष्ट जीवन बिताता है तो उसका कारण उसकी अच्छी पत्नी है। यदि वह पति क्रूर है तो इसका ही कारण उसकी पत्नी है। एक बच्चे के मुख में सारा समय उसकी माता का प्रतिफलन हमें मिलता है। इस प्रकार सोचने पर यह व्यक्त है कि पुरुष की सारी महत्ता और अच्छाई या बुराई मे एक स्त्री का हाथ है। पुरुष स्त्री को प्रेरणा देनेवाली व्यक्ति स्त्री है।

स्त्री घर का दीप है। उसी दप को प्रकाशित करना पुरुष का ही कर्तव्य है। यदि उस दीप का प्रकाश फीका पडा था या नष्ट हुआ तो इसका कारण वह पुरुष है ईश्वर ने पुरुष से हड्डी लेकर स्त्री का निर्माण किया। ईश्वर ने सिर का या चरण का हड्डी नहीं लिया मध्य से एक हड्डी की। इसका अर्थ यह है कि ईश्वर के सामने पुरुष और स्त्री दोनों समान है। यदि ईश्वर ने सिर से या चरण से हड्डी की होती तब स्त्री उस के सिर में या चरण में (दासी) अपना काम करने केलिए जबर्दस्त होती। इस कारण से ही स्त्री पुरुष दोनों अपूर्ण है। नारी के अभाव में पुरुष और पुरुष के अभाव में स्त्री भी अपूर्ण है। इसप्रकार वे दोनों के सम्मेलन से ही एक पूर्ण व्यक्त बनता है। पुरुष और स्त्री दोनों एक ही शरीर का भाग है। क्यों कि ईश्वर ने उन दोनों को एक व्यक्ति समझा था। इसलिए इनका मिलन अनिवार्य है।

प्राचीनकाल के यहूद इश्वर को स्तोत्र देने में इसप्रकार प्रार्थना करता है कि मुझे एक स्त्री और गुलाम होकर नहीं निर्माण करने से मैं तुम्हें स्तोत्र करते है। इस से हमें समझा जाता है कि प्राचीन काल के लोग स्त्री का जन्म एक शाप मानते थे। पर आज के लोग एक स्त्री के जन्म केलिए प्यासे रहते हैं। इस युग के लोग स्त्री के महत्व पर बोधवान है। भारतीय नारी आज सारे क्षेत्र में व्यवहार करती है, फिर भी आज भी वह सुरक्षित या संतुष्ट नहीं है।

★

# അദ്ധ്യയനം
# ഒരു തപസ്യയാകുന്ന അനർഘ
# നിമിഷങ്ങൾ



മുനിഞ്ഞുകത്തുന്ന ഹരിക്കെയ്ൻ വിളക്കിന്റെ മങ്ങിയ വെളിച്ചം. അർദ്ധനിമീലിത നേത്രങ്ങളോടെ, അറിവിന്റെ തൃഷ്ണ തുളുമ്പുന്ന അദ്ധ്യയനം. ഏകാഗ്രതാനിർഭരമായ പഠനം അതീന്ദ്രിയ ധ്യാനം പോലെയാണ്. വിജയലഹരിയുടെ അപൂർവ്വനിമിഷങ്ങൾ അനുഭവിക്കാൻ അദ്ധ്യയനം ഒരു തപസ്യയാകണം. ഓജസും തേജസും ശക്തിയും സൗന്ദര്യവും തുളുമ്പുന്ന ഞങ്ങളുടെ അദ്ധ്യാപന ശൈലി ഉദാത്തവിജയം ഉറപ്പ് നൽകുന്നു. അന്വേഷണകുതുകികൾക്ക് ആത്മസാക്ഷാൽക്കാരം പകർന്ന് നൽകിക്കൊണ്ട് യൂണിവേഴ്സൽ വിജയത്തിന്റെ അശ്വമേധയാഗം നടത്തുന്നു.

## UNIVERSAL TUTORIALS

With superbly equipped laboratory

**THALAYOLAPARAMBU**


Cover Printing: Janatha Press, Kuravilangad-Phone: 42


Telephone 79
steelind
KURAVILANGAD - 686633
MFRS AND DEALERS IN
STEEL FURNITURE AND HOSPITAL EQUIPMENTS
SALES DEPOT THALAYOLAPARAMBU 686605